നം. കെ.എസ്.എ.റ്റി.എൽ.എം.റ്റ2/269/17 തീയതി 15-11-2017

# പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## *(1994-ലെ കേരള നഗരപാലികാ നിയമം 295(4)-ാംവകുപ്പ് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാംവകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. സതീഷ് ജോൺ, ഡെപ്യൂട്ടി ഡയറക്ടർ |

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

തിരുവല്ല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, സംരക്ഷണ ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

തിരുവല്ല നഗരസഭ 21.01.2017മുതൽ 31.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | കാലയളവ് |
|---|---|---|
| 01.06.17 - 31.10.17 | ശ്രീമതി സ്നിഗ്ദ്ധ എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) | 07.08.17 – 31.10.17 |
| | ശ്രീ. രമണൻ എസ്, ഓഡിറ്റ് ഓഫീസർ, | 01.06.17 – 06.08.17 |
| | ശ്രീമതി കവിത റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | 01.06.17 – 31.10.17 |
| | ശ്രീ. ഹരികുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ | 01.06.17 – 31.10.17 |
| | ശ്രീമതി ദീപ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ | 01.06.17 – 31.10.17 |

<u>നിർവ്വഹണാധികാരികൾ</u>

<u>ചെയർമാൻ</u>

| | |
|---|---|
| ശ്രീ. കെ.വി. വർഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |

<u>സ്ഥിരം കമ്മിറ്റി അദ്ധ്യക്ഷന്മാരുടെ പേരു വിവരം</u>

| സ്ഥിരം കമ്മിറ്റി | അദ്ധ്യക്ഷന്റെ പേര് |
|---|---|
| ധനകാര്യം | ശ്രീമതി ഏലിയാമ്മ തോമസ് |
| വികസനകാര്യം | ശ്രീ അലിക്കുഞ്ഞ്, ചുമത്ര റഹ്മത്ത് |
| ക്ഷേമകാര്യം | ശ്രീമതി ജയശ്രീ, മുരിക്കനാട്ടിൽ |
| ആരോഗ്യം | ശ്രീ ജേക്കബ് ജോർജ്, മനയ്ക്കൽ |
| വിദ്യാഭ്യാസം-കലാ കായികം | ശ്രീ ബിജു ലങ്കാഗിരി |
| പൊതുമരാമത്ത് | ശ്രീമതി എൽസി ജോർജ് |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ. രഞ്ജി പി. (ഇൻ ചാർജ്)<br>ശ്രീ. കെ. ഹരികുമാർ | 01.04.16–01.06.16<br>02.06.16 - 31.03.17 |
| 2 | പട്ടികജാതി വികസന ഓഫീസർ | ശ്രീ. ബിജുകുമാർ പി.<br>ശ്രീ. അജിത് ആർ. പ്രസാദ് | 01.04.16 - 31.07.16<br>01.08.16 - 31.03.17 |
| 3 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീമതി സുജ തോമസ് | 01.04.16 - 31.03.17 |
| 4 | ഹെഡ് മിസ്ട്രസ്സ് | ശ്രീമതി റഷീദ | 01.04.16 - 31.3.17 |
| 5 | സീനിയർ വെറ്ററിനറി സർജൻ | ഡോ. നിഷ | 01.04.16 - 31.03.17 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബീന എസ്. | 01.04.16 - 31.03.17 |
| 7 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | ഡോ. സബിതാദേവി കുഞ്ഞമ്മ | 01.04.16 - 31.03.17 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ. തോമസ് അൽഫോൺസ്<br>ഡോ. ഗംഗ പി. | 01.04.16 - 06.10.16<br>07.10.16 - 31.03.17 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ബേസിൽ തമ്പി | 01.04.16 - 31.3.17 |
| 10 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. രഞ്ജി പി. | 01.04.16 - 31.3.17 |
| 11 | കൃഷിഫീൽഡ് ഓഫീസർ | ശ്രീമതി സുഗതകുമാരി എ. | 01.04.16 –31.3.17 |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1 – പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ രേഖകൾ

1. ബാലൻസ് ഷീറ്റ്

2. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്

3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

| *ഖണ്ഡിക നം.* | *വിഷയം* |
|---|---|
| ഭാഗം-1- പൊതു അവലോകനം | |
| 1-1 | ബഡ്ജറ്റ് |
| 1-2 | നികുതി-നികുതിയേതര വരവുകൾ |
| 1-3 | വാർഷിക കണക്കുകൾ |
| 1-4 | ധനകാര്യ വിശകലനം |
| 1-5 | പദ്ധതി അവലോകനം |
| 1-6 | നിർബന്ധിത വകയിരുത്തലുകളും ചെലവും |
| 1-7 | ഫണ്ട് വിനിയോഗം |
| 1-8 | വാർഡ് സഭകളുടെ പ്രവർത്തനം |
| | |

| | |
|---|---|
| 1-9 | സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ |
| 1-10 | കാഷ് പരിശോധന |
| 1-11 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ |
| 1-12 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് |
| 1-13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-14 | ഓഡിറ്റ് ഇംപാക്ട് - ശമ്പള നിർണ്ണയത്തിലെ അപാകത – 96390 രൂപ തിരികെ ഒടുക്കി |
| ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള നിരീക്ഷണങ്ങൾ | |
| 2-1 | തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടർമിനൽ - വസ്തു നികുതി പിഴ ഉൾപ്പെടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ |
| 2-2 | വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല |
| 2-3 | തൊഴിൽ നികുതി |
| 2-4 | മൊബൈൽ ടവറുകളിൽനിന്നും നികുതി ഈടാക്കുന്നില്ല - ലക്ഷങ്ങളുടെ നികുതി നഷ്ടം |
| 2-5 | വാടക |
| 2-6 | ഡി & ഒ ലൈസൻസ് ഫീസ് പിരിവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 2-7 | പരസ്യനികുതി |
| 2-8 | ലേലം വിവിധ ഇനങ്ങൾക്ക് സേവന നികുതി ഈടാക്കിയതിൽ കുറവ് |
| 2-9 | പിരിച്ചെടുത്ത സേവന നികുതി ഒടുക്കാൻ അവശേഷിക്കുന്നു |
| ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള നിരീക്ഷണങ്ങൾ | |
| 3-1 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ 16.41 കോടി രൂപയിൽ 6.13 കോടി രൂപ ചെലവഴിച്ചില്ല |
| 3-2 | കണ്ടിജന്റ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശിക –<br><br>₹ 26.69 ലക്ഷം അധികമായി നൽകി |
| 3-3 | ശമ്പളനിർണ്ണയത്തിലെ അപാകത - അധികം തുക അനുവദിച്ചു |
| 3-4 | സ്വിമ്മിംഗ് പൂൾ - ചുറ്റുമതിൽ, റൂഫ് നിർമ്മാണം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തി |
| 3-5 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ല |
| 3-6 | അജൈവ മാലിന്യ സംസ്കരണ മെറ്റീരിയൽ റിക്കവറി സെന്റർ - ഇ-ടെണ്ടർ<br><br>ഒഴിവാക്കുന്നതിന് ഒരേ പ്രവൃത്തിക്കുവേണ്ടി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി |
| 3-7 | വസ്തു നികുതി പരിഷ്കരണം-ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല |
| 3-8 | പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിത്തുക അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-9 | മുൻസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചില്ല |
| 3-10 | നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറുകൾ ഈടാക്കുന്നില്ല - നഗരസഭാ ഫണ്ടിന് നഷ്ടം |
| 3-11 | പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് - വികസനഫണ്ട് ചെലവഴിക്കുന്നു |
| 3-12 | പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഡയറ്റ് ചാർജ്, പോക്കറ്റ്മണി - സർക്കാർ ഉത്തരവിന് വിരുദ്ധം |
| 3-13 | നഗരസഭയിലെ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 3-14 | തിരുവല്ല താലൂക്ക് ആശുപത്രി ഓപ്പറേഷൻ തീയേറ്റർ നിർമ്മാണം അനന്തമായി നീളുന്നു |
| 3-15 | സെൻട്രൽ പെൻഷൻ ഫണ്ട് - നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 7.57 കോടി രൂപ |
| 3-16 | അനുപൂരക പോഷകാഹാര പദ്ധതി - ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല |
| 3-17 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയിട്ടില്ല |
| 3-18 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - 60000 രൂപയുടെ സഹായം നൽകിയില്ല |
| 3-19 | വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ- ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നു |
| 3-20 | തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ലാതെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 28,97,600 രൂപയുടെ കരാർ നൽകി |
| 3-21 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി നിർവ്വഹണം സുതാര്യമല്ല |
| 3-22 | തുരുത്തിമലപ്പാറ കുടിവെള്ള പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ |
| 3-23 | പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷം ഡി.പി.സി. അംഗീകാരം<br><br>വാങ്ങി - മാർഗ്ഗരേഖയ്ക്കു വിരുദ്ധം |
| 3-24 | നഗരസഭാ കൗൺസിൽ ഹാൾ നവീകരണം - എയർകണ്ടീഷണർ വാങ്ങൽ - നിർവഹണത്തിലെ വീഴ്ചകൾ |

| | |
|---|---|
| 3-25 | മരാമത്ത് പ്രവൃത്തികൾ - നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല |
| 3-26 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ -<br>ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 3-27 | വനിതാ ഘടക പദ്ധതി - ഫണ്ട് വകമാറ്റി ചെലവഴിച്ചു |
| 3-28 | സർവ്വീസ് ടാക്സ് ഈടാക്കി അടവാക്കുന്നില്ല |
| 3-29 | വാഹനങ്ങളുടെ ഉപയോഗം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് |
| 3-30 | ഹോമിയോ ഡിസ്പെൻസറിക്ക് 1.5 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല |
| 3-31 | മരാമത്ത് പ്രവൃത്തികൾ ഓവർഹെഡ് ചാർജ് ഉൾപ്പെടെയുള്ള തുകയിന്മേൽ ലാഭവിഹിതം കണക്കാക്കി - അധികച്ചെലവ് |
| 3-32 | എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തിമൂല്യത്തിൽ അധികമായി ബിൽ പ്രകാരം തുക പിൻവലിച്ചത് - 1,49,253 രൂപ തിരിച്ചടയ്ക്കണം |
| 3-33 | മരാമത്ത് പ്രവൃത്തികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക 53,95,948രൂപ തടസ്സപ്പെടുത്തുന്നു |
| ഭാഗം-4- പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-4 | സ്ഥിരനിക്ഷേപങ്ങൾ |
| 4-5 | ഓഡിറ്റ് റിക്കവറി |
| 4-6 | ഓഡിറ്റ് പ്രത്യവലോകനം |
| 4-7 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| *അനുബന്ധം* | |
| 1 | ബാലൻസ് ഷീറ്റ് |
| 2 | റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട് |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് |
| 4 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

# പൊതു അവലോകനം

## (1-1) ബഡ്ജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 01.03.16-ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. 18,84,26,315 രൂപ മുന്നിരിപ്പും 92,10,43,000 രൂപ വരവും 90,25,67,000രൂപ ചെലവും 20,69,02,315 രൂപ നീക്കി ബാക്കിയുമുള്ള ബഡ്ജറ്റിനാണ് അംഗീകാരം ലഭിച്ചത്. 22.02.16-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ബഡ്ജറ്റിന് 01.03.16ൽ ജനറൽ കമ്മിറ്റിയിൽ അംഗീകാരം ലഭിച്ചു.

| ഇനം | ബഡ്ജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കറവ് | (+)/(-) |
| മുന്നിരിപ്പ് | 18,84,26,315 | 8,30,70,435 | - | 10,53,55,880 | 56 |
| വരവ് | 92,10,43,000 | 26,56,40,628 | - | 65,54,02,372 | 71 |
| ആകെ | 110,94,69,315 | 34,87,11,063 | - | 76,07,58,252 | 68.56 |
| ചെലവ് | 90,25,67,000 | 26,91,19,643 | - | 63,34,47,357 | 70 |
| നീക്കിയിരിപ്പ് | 20,69,02,315 | 7,95,91,420 | - | 12,73,10,895 | 61.5 |

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 285 മുതൽ 293 വരെയുള്ള വകുപ്പുകളിൽ സ്ഥാപനത്തിന്റെ ബഡ്ജറ്റിനെപ്പറ്റി പ്രതിപാദിക്കുന്നു. ഇതനുസരിച്ച് സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി അടുത്തവർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ ബഡ്ജറ്റ് ജനവരി 15 ന മുൻപ് സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ 22.02.16-ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ് ബഡ്ജറ്റ് സംബന്ധിച്ച തീരുമാനങ്ങൾ അവതരിപ്പിച്ചത്. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളോടെ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിനു മുൻപ് ബജറ്റ് നിർദ്ദേശങ്ങൾ മുനിസിപ്പൽ കൗൺസിലിൽ സമർപ്പിക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള സമയക്രമം

പാലിക്കാത്തത് അപാകതകൾ നിറഞ്ഞതും യാഥാർത്ഥ്യബോധ്യമില്ലാത്തതുമായ ബഡ്ജറ്റിന് കാരണമാവുകയും ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. 2016-17-ൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച പല പദ്ധതികളും നടപ്പാക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല എന്ന് മുകളിൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു. ബഡ്ജറ്റിൽ വാർഷിക വരവുചെലവ് കണക്കുകൾ പതിന്മടങ്ങ് പെരുപ്പിച്ച് കാണിക്കുന്നത് യാഥാർത്ഥ്യബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കുന്നത് എന്ന വസ്തുത വെളിപ്പെടുത്തുന്നു. നഗരസഭയുടെ വികസനം ലക്ഷ്യം കണ്ട് ശരിയായ അവബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

# (1-2) നികുതി-നികുതിയേതര വരവുകൾ

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5,58,58,722 | 6,55,25,951 | (+) 96,67,229 | 17.31 |
| നികുതിയേതര വരവുകൾ | 1,20,78,144 | 2,25,06,216 | (+) 1,04,28,072 | 86. |
| മറ്റു വരവുകൾ | 14,90,58,649 | 17,77,83,461 | (+) 2,87,24,812 | 19.27 |
| **ആകെ** | **216995515** | **265815628** | **48820113** | |

# (1-3) വാർഷിക കണക്കുകൾ

നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ 01.07.2017-ൽ പരിശോധനയ്ക്കായി ലഭ്യമാക്കി. പ്രാഥമിക പരിശോധനയിൽ നിരവധി അപാകതകൾ കണ്ടതിനാൽ അവ പരിഹരിക്കുന്നതിനായി വാർഷിക കണക്കുകൾ തിരികെ നൽകി. അപാകതകൾ പരിഹരിച്ച് വാർഷിക കണക്കുകൾ 13.09.2017-ൽ വീണ്ടും സമർപ്പിക്കുകയുണ്ടായി. നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്ന അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. B-6 Unsecured Loans- Loans from Central Government എന്ന ശീർഷകത്തിൽ 1,15,66,913 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. നാളിതുവരെ ഒടുക്കേണ്ട പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
2. B-7: Deposits Received- രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. സാംഖ്യ അക്കൗണ്ടിംഗ് ആരംഭിച്ചപ്പോൾ മുതലുള്ള തുകകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മുന്നിരിപ്പ് തുകൾ ഉൾപ്പെടുത്തിയിട്ടില്ല.
3. നാളിതുവരെ നഗരസഭ ആർജ്ജിച്ച മുഴുവൻ ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല.
4. ടാർ വാങ്ങുന്നതിനായി അഡ്വാൻസായി ചെലവഴിച്ച മുഴുവൻ തുകയും Asset Head-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ആയതിൽ 31.03.2017-നകം പൂർത്തിയാക്കിയ പ്രവൃത്തികൾ ഒഴിവാക്കി ബാക്കി തുക അഡ്വാൻസ് ഹെഡിലേക്ക് മാറ്റിയിട്ടില്ല.
5. B-18: Loans, Advances and Deposits- മിസല്ലേനിയസ് അഡ്വാൻസ് ആയി അക്കൗണ്ട് ചെയ്തിട്ടുള്ള തുക കൃത്യമല്ല.

# (1-4) ധനകാര്യ വിശകലനം

*ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ*

| | |
|---|---|
| മുന്നിരിപ്പ് | 8,30,70,435.09 |
| വരവ് | 26,56,40,628.00 |
| ആകെ | 34,87,11,063.09 |
| ചെലവ് | 26,91,19,643.00 |
| നീക്കിയിരിപ്പ് | 7,95,91,420.09 |

# (1-5) പദ്ധതി അവലോകനം

**1.പദ്ധതി ആസൂത്രണം**

| *ക്രമ നമ്പർ* | *ഇനം* | *തീയതി* |
|---|---|---|
| 1 | പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിച്ച തീയതി | 31.12.15 |
| 2 | വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച തീയതി | 14.06.16 |
| 3 | കരട് പദ്ധതി രേഖ അംഗീകരിച്ച തീയതി | 16.06.16 |

| | | |
|---|---|---|
| 4 | വികസന സെമിനാർ തീയതി | 14.07.16 |
| 5 | പ്രോജക്ടുകൾക്ക് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയ തീയതി | 27.07.16 |
| 6 | പദ്ധതികൾക്ക് അംഗീകാരം ലഭിച്ച നമ്പർ/തീയതി | RO 2/1011/2016/DPC/DPO/PTA dtd 23.08.16 |

2. പദ്ധതി നിർവ്വഹണം

| മേഖല | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | | | വകയിരുത്തിയ തുക | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | ആകെ | | സ്പിൽ ഓവർ | പുതിയത് | ആകെ | | |
| **പൊതുവിഭാഗം** | | | | | | | | | |
| ഉല്പാദനം | 0 | 20 | 20 | 12508896 | 0 | 17 | 17 | 4167273 | 33 |
| സേവനം | 20 | 62 | 82 | 68832200 | 8 | 28 | 36 | 43362384 | 62 |
| പശ്ചാത്തലം | 26 | 195 | 221 | 92713644 | 19 | 129 | 148 | 38924605 | 42 |
| **പട്ടികജാതി വിഭാഗം** | | | | | | | | | |
| ഉല്പാദനം | - | 2 | 2 | 500000 | -- | 2 | 2 | 80000 | 16 |
| സേവനം | 8 | 13 | 21 | 25585417 | 7 | 14 | 21 | 15258889 | 59.6 |
| പശ്ചാത്തലം | 2 | 11 | 13 | 7813226 | 2 | 0 | 2 | 617052 | 7.9 |
| **ആകെ** | **56** | **303** | **359** | **207953383** | **36** | **190** | **226** | **102410203** | **49** |

2016-17 സാമ്പത്തിക വർഷം ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ 56 സ്പിൽ ഓവർ പദ്ധതികളും 303 തൻവർഷ പദ്ധതികളും ഉൾപ്പെടെ 359 പദ്ധതികൾ ആവിഷ്കരിച്ചതിൽ 226 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

12-ാംപഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം [ജി.ഒ(എം.എസ്) 4/2016 ത.സ്വ.ഭ.വ/11.01.16] ഉല്പാദനമേഖലയുടെ സ്ഥായിയായ വികസനം, പരിസ്ഥിതി സംരക്ഷണം, ജീവിത ഗുണനിലവാരം ഉയർത്തുക, സാമൂഹ്യനീതി ഉറപ്പാക്കുക എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഉല്പാദന മേഖലയിൽ നാമമാത്രമായ പദ്ധതികളാണ് നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 38% മാത്രമാണ് കാർഷികമേഖലയിൽ ചെലവഴിച്ചിട്ടുള്ളത്. മൃഗസംരക്ഷണമേഖലയിലും പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വിമുഖത പ്രകടമാണ്. വകയിരുത്തിയ ഫണ്ടിന്റെ 18% മാത്രമാണ് ചെലവ്.

2016-17-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 5 | 4 | 1355000 | 1323133 | 97.6 |
| 2 | കൃഷി ഫീൽഡ് ഓഫീസർ | 4 | 4 | 3863500 | 1460890 | 37.8 |
| 3 | സെക്രട്ടറി | 14 | 10 | 9865420 | 7486707 | 75.89 |
| 4 | സീനിയർ വെറ്ററിനറി സർജൻ | 8 | 7 | 2782000 | 506461 | 18.20 |
| 5 | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 20 | 10 | 28914824 | 14643123 | 50.64 |
| 6 | പട്ടികജാതിവികസന ഓഫീസർ | 21 | 19 | 24761702 | 14878076 | 60 |
| 7 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 5 | 5 | 4306800 | 3958981 | 91.9 |
| 8 | മുനിസിപ്പൽ എഞ്ചിനീയർ | 265 | 150 | 90922651 | 121952037 | 40.44 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 8772100 | 7630401 | 87 |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 150000 | 150000 | 100 |
| 11 | ഹെഡ്മിസ്ട്രസ്സ് | 7 | 7 | 1230000 | 1228593 | 99.9 |
| | **ആകെ** | **359** | **226** | **206963383** | **102410203** | **49** |

3. പദ്ധതി മോണിറ്ററിംഗ്

പ്രൊജക്റ്റ് മോണിറ്ററിംഗിന് അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ നിലവിൽ ഈ നടപടിക്രമങ്ങൾ പാലിക്കാത്തത് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

# (1-6) നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വനിതാ ഘടകപദ്ധതി | 20781470 | 12686701 | 61 |
| വൃദ്ധർ<br>കുട്ടികൾ<br>ഭിന്നശേഷിയുള്ളവർ | 2000000<br>4450059<br>776841 | 2000000<br>335570<br>770201 | 100<br>7.5<br>99 |
| പാലിയേറ്റീവ് കെയർ പദ്ധതി | 1536800 | 1536275 | 99.9 |
| യുവജന വികസന പദ്ധതി | 2964099 | 1132976 | 38 |

വനിതകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതികൾക്കാകണം വനിതാ ഘടകപ ദ്ധതിയിൽ മുൻഗണന നൽകേണ്ടത്. എന്നാൽ വനിതകൾക്ക് വേണ്ടി സ്വയംതൊഴിൽ പദ്ധതികളോ വരുമാന വർദ്ധനവിനുള്ള പദ്ധതികളോ ആവിഷ്കരിച്ചിട്ടില്ല. സ്ത്രീശാക്തീകരണം ലക്ഷ്യമിടുന്ന പദ്ധതികൾക്ക് പകരം ഭവന നിർമ്മാണം, കിണർ നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ മാത്രം ഒതുങ്ങി വനിതകൾക്കായുള്ള പദ്ധതികൾ അവസാനിപ്പിക്കുന്നത് സർവതോന്മുഖ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. കുട്ടികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും ശ്രമം ഉണ്ടായിട്ടില്ല. കുട്ടികൾക്ക് വേണ്ടി വകയിരുത്തിയ ഫണ്ടിന്റെ 7% മാത്രമാണ് ചെലവഴിച്ചത്. കൂടാതെ യുവജനങ്ങൾക്ക് വേണ്ടി വകയിരുത്തിയ ഫണ്ടിന്റെ 38% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# (1-7) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | - | 43630418 | 43630418 | 31793587 | 11836831 | 72.87 |
| വികസനഫണ്ട് എസ്.സി.പി. | - | 16002585 | 16002585 | 15955941 | 46644 | 99.71 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 56744289 | 56744289 | 34477781 | 22266508 | 60.76 |
| ലോക ബാങ്ക് ധനസഹായം (KLGSDP) | - | 11730305 | 11730305 | 4952753 | 6777552 | 42.22 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 25075134 | 25075134 | 6377157 | 18697977 | 25.43 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | - | 10874226 | 10874226 | 9247339 | 1626887 | 85 |
| ആകെ | - | 164056957 | 164056957 | 102804558 | 61252399 | 63 |

.

വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് ശതമാനം വളരെ കുറവാണ്. 2016-17 ൽ നടപ്പാക്കാൻ ലക്ഷ്യമിട്ട പല പദ്ധതികളും നടപ്പാക്കാൻ കഴിയാത്തത് പദ്ധതി നിർവഹണത്തെയും ഫണ്ടിന്റെ വിനിയോഗത്തേയും സാരമായി ബാധിച്ചു. ജി.ഒ.(പി) 419/2015/ഫിൻ, തീയതി 19.09.15 പ്രകാരം ചെലവഴിക്കാത്ത തുക നഷ്ടപ്പെടുന്നതാണ്.

മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി നഗരസഭയുടെ ഉടമസ്ഥതയിലുള്ള റോഡിതര-റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതാണ്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെയുള്ള സേവനം മെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു. എന്നാൽ മെയിന്റനൻസ് പ്ലാൻ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

# (1-8) വാർഡ് സഭകളുടെ പ്രവർത്തനം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 42എ പ്രകാരം ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള എല്ലാ നഗരസഭകളിലും വാർഡ് സഭകൾ ഉണ്ടായിരിക്കേണ്ടതും ഒരു വാർഡിലെ വോട്ടർ പട്ടികയിലെ എല്ലാ വോട്ടർമാരും വാർഡ് സഭയിൽ അംഗങ്ങളായിരിക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3.8.2004-ലെ സർക്കുലർ നമ്പർ 22675/ എൽ3/99 പ്രകാരം വാർഡ് സഭകൾ മൂന്ന മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് മാത്രമായി കൂടുന്ന വാർഡ് സഭകൾ പ്രത്യേക വാർഡ് സഭകളായി കണക്കാക്കേണ്ടതാണ്. ആയവ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതില്ല. വാർഡ് സഭയിലെ അംഗസംഖ്യയുടെ പത്തു ശതമാനം അംഗങ്ങൾ ഹാജരായാൽ മാത്രമേ യോഗം ചേരുവാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു.

2016-17-ൽ മിക്ക വാർഡുകളിലും 3 തവണ മാത്രമാണ് വാർഡ് സഭകൾ കൂടിയിട്ടുള്ളത്. മാത്രമല്ല വാർഡ് സഭകളിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ക്വാറം തികയാൻ മാത്രമുള്ള ജനങ്ങളാണ് വാർഡ് സഭകളിൽ പങ്കെടുക്കുന്നത് എന്നത് വികസനപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

2016-17-ൽ യോഗം ചേർന്ന 39 വാർഡ് സഭകളിൽ 5 വാർഡ് സഭകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡിന്റെ നമ്പർ/പേര് | വാർഡ് സഭ കൂടിയ തീയതി | ആകെ വോട്ടർമാർ | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|
| 1 | 7<br>നാട്ടുകടവ് | 09.07.16<br>10.11.16<br>22.07.17 | 1175 | 110<br>110<br>101 |
| 2 | 11<br>മീന്തലക്കര | 11.07.16<br>14.11.16<br>25.02.17 | 1223 | 125<br>125<br>123 |
| 3 | 13<br>റെയിൽവേ സ്റ്റേഷൻ | 09.07.16<br>12.11.16<br>24.02.17 | 813 | 85<br>104<br>84 |
| 4 | 31<br>മന്നങ്കരച്ചിറ | 10.07.16<br>12.11.16<br>25.02.17 | 1081 | 130<br>125<br>120 |
| 5 | 36<br>രാമൻചിറ | 06.11.16<br>09.07.16<br>19.02.17 | 951 | 97<br>101<br>97 |

ഓരോ വർഷവും ഒക്ടോബർ മാസം അടുത്ത വർഷത്തേക്കുള്ള വാർഡ് സഭാ തീയതികൾ നിശ്ചയിക്കേണ്ടതാണ്. വികേന്ദ്രീയാസൂത്രണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേക്കെത്തുന്നത് വാർഡ് സഭകളിലെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചാണ്. വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിട്ടറിംഗിലും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വാർഡ് സഭകളുടെ പ്രവർത്തനം ഊർജിതമാക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

# (1-9) സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ

നഗരസഭയിൽ സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേരുന്നതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്റ്റാന്റിംഗ് കമ്മിറ്റി | യോഗം കൂടിയ തവണ | റിമാർക്സ് |
|---|---|---|---|
| 1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | 12 | ചർച്ചകളും തീരുമാനങ്ങളും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. |
| 2 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | 12 | പ്രോജക്ട് ഭേദഗതികൾ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തുന്നു. |
| 3 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | 26 | സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ യോഗത്തിൽ അംഗീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| 4 | ആരോഗ്യ<br>സ്റ്റാന്റിംഗ് കമ്മറ്റി | 12 | ക്രിയാത്മക തീരുമാനങ്ങൾ എടുക്കുന്നുണ്ട്. |
| 5 | വിദ്യാഭ്യാസ<br>സ്റ്റാന്റിംഗ് കമ്മറ്റി | 12 | ചർച്ചകളും തീരുമാനങ്ങളും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. |
| 6 | പൊതുമരാമത്ത്<br>സ്റ്റാന്റിംഗ് കമ്മറ്റി | 12 | യോഗത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് ചർച്ചകൾ ഉണ്ടാകുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |

നിലവിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഈ മേഖലയുടെ വികസനത്തിന് ഉതകുന്ന പദ്ധതികളായി രൂപപ്പെടുന്നില്ല. തരിശു കിടക്കുന്ന പാടങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിന് യന്ത്ര സാമഗ്രികൾ വാങ്ങുക, ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷിക്ക് പ്രോത്സാഹനം നൽകുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ഈ മേഖലയ്ക്ക് കഴിഞ്ഞിട്ടില്ല. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ തീരുമാനമെടുത്ത, "സ്ത്രീസൗഹൃദ" നഗരസഭയാക്കി തിരുവല്ലയെ മാറ്റുക എന്ന ലക്ഷ്യം സഫലമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. സ്ത്രീകളുടെ സുരക്ഷിതത്വം, തൊഴിൽ പരിശീലനം, വരുമാനവർദ്ധനവ് എന്നിവ ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ രൂപപ്പെടുന്നില്ല.

# (1-10) കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)--ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ വിവിധ ദിവസങ്ങളിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | തീയതി | ബാലൻസ് കാഷിന്റെ വിവരം |
|---|---|---|
| 1 | 13.06.17 | 175791 |
| 2 | 03.07.17 | 147865 |
| 3 | 14.08.17 | 197550 |
| 4 | 14.09.17 | 898853 |

# (1-11) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

2016-17 വർഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 7918 | 25213290 |
| 2 | വിധവാ പെൻഷൻ | 2872 | 7899540 |
| 3 | വികലാംഗ പെൻഷൻ | 831 | 2486185 |
| 4 | അവിവാഹിതരായ50 വയസ്സിനുമേലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 217 | 548550 |
| 5 | കർഷക തൊഴിലാളി പെൻഷൻ | 1542 | 4367400 |
| 6 | തൊഴിൽ രഹിത വേതനം | 62 | 106920 |

# (1-12) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

ഡി & ഒ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭയുടെ പരിധിയിലുള്ള വ്യാപാരികളുടെ ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾക്ക് കൃത്യത ഇല്ല. ഡി & ഒ ലൈസൻസ് സംബന്ധിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ കൈവശം സൂക്ഷിക്കുന്ന രജിസ്റ്ററുകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയത്. വാടക വരവ് സംബന്ധിച്ച് രജിസ്റ്റർ അപൂർണ്ണമാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നാളിതുവരെ തയ്യാറാക്കിയിട്ടില്ല

എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഐ.കെ.എം നൽകിയിട്ടുള്ള സോഫ്റ്റ്‌വെയറുകൾ അപൂർണ്ണമായതിനാൽ നഗരസഭയുടെ കണക്കുകൾ ഇപ്പോഴും രജിസ്റ്ററുകളിലാണ് രേഖപ്പെടുത്തുന്നത്.

## (1-13) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.13 മുതൽ 29.11.13 വരെ | 2012-2013 | 10.12.13 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.04.17 മുതൽ 16.05.17 വരെ | 2015-16 2016-17 | 17.7.17 |

## (1-14) ഓഡിറ്റ് ഇംപാക്ട് - ശമ്പള നിർണ്ണയത്തിലെ അപാകത- 96390 രൂപ തിരികെ ഒടുക്കി

നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ-ഗ്രേഡ്-1 (റിട്ട:), ശ്രീ. വി.ആർ. പ്രസാദ് -ന്റെ 2009, 2014 ശമ്പള പരിഷ്കരണങ്ങൾ, മറ്റ് പ്രൊമോഷനുകൾ എന്നിവ പ്രകാരം ശമ്പളം നിജപ്പെടുത്തിയതിലെ അപാകതകൾ മൂലം 09.08.2012 മുതൽ 30.04.2017 വരെയുള്ള കാലയളവിൽ അധികമായി വാങ്ങിയ 96390 രൂപ 20.05.2017-ലെ കെ.എസ്.എ-റ്റി.എൽ.എം. റ്റി1-135/17 കത്ത് പ്രകാരം ഈടാക്കുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് തിരികെ ഒടുക്കുകയുണ്ടായി. (രസീത് നമ്പർ 01832/27.6.17)

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടർമിനൽ - വസ്തു നികുതി പിഴ ഉൾപ്പെടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ

തിരുവല്ല നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ് ടർമിനലിന്റെ വസ്തു നികുതി ഇനത്തിൽ ലഭിക്കാനുള്ളത് 2,62,11,888 രൂപ. 2015-16,

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ നികുതിയാണ് ഇപ്രകാരം കുടിശ്ശികയായിട്ടുള്ളത്.

12 നിലകളിലായി 2.30 ലക്ഷം സ്ക്വയർ ഫീറ്റിൽ ആധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിച്ചിട്ടുള്ള ബസ് ടർമിനൽ 05.06.2015 ലാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളത്. 41.38 കോടി രൂപ ചെലവിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനാണ് ബസ് ടർമിനൽ നിർമ്മിച്ചിട്ടുള്ളത്. ടർമിനലിന്റെ 'ഗ്രൗണ്ട് ഫ്ലോർ' ബസ് പാർക്കിംഗിനും മറ്റ് നിലകൾ കെ.എസ്.ആർ.ടി.സി. ഓഫീസായും ഷോപ്പിംഗ് കോംപ്ലക്സായും ഉപയോഗിക്കുന്നു.



27.2.2010-ൽ BP-547/08-09-ാം നമ്പർ പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണത്തിന് നൽകിയ അനുമതി കാലാവധി 27.2.2013-ൽ അവസാനിച്ചുവെങ്കിലും തുടർന്ന് കെ.റ്റി.ഡി.എഫ്.സി അനുമതി പുതുക്കുകയോ ഇതിനെതിരെ നഗരസഭ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിർമ്മാണ അനുമതി പുതുക്കി നഗരസഭയിൽ നിന്നും കെട്ടിട നമ്പർ സമ്പാദിക്കാതെ തന്നെ 05-06-2015-ൽ കെ.എസ്.ആർ.ടി.സി. ബസ് ടർമിനൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിക്കുകയായിരുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ബസ് ടർമിനലിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല എന്ന പരാമർശം ഉൾപ്പെടുത്തിയിരുന്നു. ആയതിനെ തുടർന്ന് നഗരസഭ ബസ് ടർമിനലിന് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് നഗരസഭ കൗൺസിലിന്റെ 31.03.2017-ലെ 16(3) തീരുമാന പ്രകാരം ബസ് ടർമിനലിനും അനുബന്ധ കെട്ടിടങ്ങൾക്കും UA നമ്പരിട്ട് നൽകുന്നതിനും നിയമാനുസതമായ പിഴ ചുമത്തി നികുതി ഈടാക്കുന്നതിനും റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് നികുതി അടയ്ക്കുന്നതിന് കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന് 7.06.2017-ൽ കത്ത് നൽകുകയുണ്ടായി (നമ്പർ ആർ3-9264/17). 35/445(1) മുതൽ 35/445(12) വരെ 12 അസസ്സ്മെന്റ് നമ്പരുകളിലായി കെട്ടിടം അസസ്സ് ചെയ്ത്, വസ്തുനികുതി, ലൈബ്രറി സെസ്സ്, സേവന നികുതി എന്നിവ ഉൾപ്പെടെ ചുവടെ ചേർക്കുന്ന പ്രകാരം നികുതി നിശ്ചയിക്കുകയുണ്ടായി.

| കെട്ടിട നമ്പർ | പ്രതിവർഷം അടയ്ക്കേണ്ട | പിഴ ഉൾപ്പെടെ പ്രതിവർഷം |
|---|---|---|

| | യഥാർത്ഥ തുക | അടയ്ക്കേണ്ട തുക |
|---|---|---|
| 35/445(1) | 308225 | 924675 |
| 35/445(2) | 238231 | 714693 |
| 35/445(3) | 279606 | 838818 |
| 35/445(4) | 264075 | 792225 |
| 35/445(5) | 248538 | 745614 |
| 35/445(6) | 222637 | 667911 |
| 35/445(7) | 222637 | 667911 |
| 35/445(8) | 296849 | 890547 |
| 35/445(9) | 296849 | 890547 |
| 35/445(10) | 296849 | 890547 |
| 35/445(11) | 18840 | 56520 |
| 35/445(12) | 219096 | 657288 |
| **ആകെ** | **2912432** | **8737296** |

കേരള നഗരപാലിക നിയമം സെക്ഷൻ 242 അനുസരിച്ച് നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കുമ്പോൾ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, ആയത് പൊളിച്ചുകളയുകയോ നിയമനുസൃതമാക്കുകയോ ചെയ്യുന്ന കാലയളവുവരെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്. നഗരസഭയുടെ ഒക്യുപെൻസിയോ, കെട്ടിട നമ്പരോ ഇല്ലാതെയാണ് 06.06.2015 മുതൽ ബസ് ടർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തിച്ചു വരുന്നത്.

നഗരസഭയിലെ റവന്യൂ ഓഫീസറുടെ 7.6.2017-ലെ ആർ3-9264/17 നമ്പർ കത്തിന് 19.06.2017-ലെ KTDFC/BOTP/TVLA/252/2017 നമ്പർ കത്തിലൂടെ കെ.റ്റി.ഡി.എഫ്.സി. മറുപടി ലഭ്യമാക്കുകയുണ്ടായി. കത്തിൽ, തിരുവല്ല ബസ് ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായ വിവരം യഥാസമയം നഗരസഭയെ അറിയിച്ചിട്ടുള്ളതാണെന്ന് പറയുന്നു. ആയതിനാൽ നിലവിൽ നൽകിയിരിക്കുന്ന ഡിമാന്റ് നോട്ടീസ് പുന:പരിശോധിച്ച് കെട്ടിടത്തിന് സ്ഥിര നമ്പർ നൽകി, സാധാരണ നിരക്ക് പ്രകാരം യഥാർത്ഥത്തിൽ ഒടുക്കുവാനുള്ള തുക എത്രയെന്ന് അറിയിക്കണമെന്നും ആയത് ലഭ്യമായാൽ ഉടനെ തുക ഒടുക്കുന്നതാണെന്നും കത്തിൽ പറഞ്ഞിരിക്കുന്നു.

എന്നാൽ കംപ്ലീഷൻ പ്ലാനോ, കംപ്ലീഷൻ സർട്ടിഫിക്കറ്റോ, ഫൈനൽ ഫയർ എൻ.ഒ.സി. യോ ഇല്ലാതെയാണ് 24.02.2015-ൽ ഒക്യുപെൻസി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയത്. (KMBR 1999 Rule 20(2f) Rule 22(1) സമർപ്പിച്ചിരുന്ന അപേക്ഷയിലെ അപാകതകൾ ചൂണ്ടിക്കാട്ടി പല തവണ നഗരസഭയിൽ നിന്നും കത്ത് നൽകിയിട്ടുള്ളതാണ്. നഗരസഭയുടെ ഒക്യുപെൻസി സർട്ടിഫിക്കറ്റോ, കെട്ടിട നമ്പരോ ലഭ്യമാകാതെ തന്നെ 05.06.2015-ൽ ബസ് ടർമിനലിന്റെ പ്രവർത്തനം ആരംഭിക്കുകയായിരുന്നു. ബസ് ടർമിനൽ പ്രവർത്തനം ആരംഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഫൈനൽ ഫയർ NOC ഹാജരാക്കുന്നതിനോ, കംപ്ലീഷൻ പ്ലാനോ, കംപ്ലീഷൻ സർട്ടിഫിക്കറ്റോ സമർപ്പിക്കുന്നതിനോ കെ.റ്റി.ഡി.എഫ്.സിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇപ്രകാരം സർക്കാർ സ്ഥാപനം തന്നെയാണ് നിയമ ലംഘനം നടത്തിയിരിക്കുന്നത്. തുടർന്ന് 06.07.2017, 06.10.2017 തീയതികളിൽ ഇതിനെ സംബന്ധിച്ച് നഗരസഭ ഓർമ്മകുറിപ്പ് നൽകിയെങ്കിലും യാതൊരു നടപടിയും കെ.റ്റി.ഡി.എഫ്.സിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

ഡിമാന്റ് ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ 2015-16 മുതൽ 2017-18 വരെയുള്ള വസ്തുനികുതി ഈടാക്കിയിരുന്നെങ്കിൽ നഗരസഭയ്ക്ക് 2.62കോടി (8737296 x 3) രൂപ ലഭിക്കുമായിരുന്നു. വസ്തു നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല എന്ന വസ്തുത പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രവർത്തനം ആരംഭിച്ച് 2 വർഷം കഴിഞ്ഞ്, വസ്തു നികുതി ഈടാക്കുന്നില്ല എന്നതു സംബന്ധിച്ച പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ വന്നതിനുശേഷമാണ് നഗരസഭ നടപടികൾ സ്വീകരിച്ചത്. നഗരസഭയ്ക്കുണ്ടായ വീഴ്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. വസ്തു നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നിയമ നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

# (2-2) വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 14.01.11-ന മുമ്പ് നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി 1.4.13 പ്രാബല്യത്തിൽ പരിഷ്കരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പരിഷ്കരണം നഗരസഭയിൽ പൂർത്തിയായിട്ടില്ല. നഗരസഭയിലെ 39 വാർഡുകളിലെ 19500 കെട്ടിടങ്ങൾക്ക് ഫാറം 39-ൽ ഡാറ്റാ എൻട്രി ചെയ്തിട്ടുണ്ട്. 2016-17 വരെ 25956 കെട്ടിടങ്ങൾ നിലവിലുള്ളതിൽ വാർഡ് 1, 2, 3 എന്നിവയുടെ നികുതി പരിഷ്കരണ നടപടികൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ബാക്കിയുള്ള വാർഡുകളിലെ കെട്ടിട വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല. ഒരു വാർഡിനും നാളിതുവരെ ഡിമാന്റ് നോട്ടീസ് ജനറേറ്റ് ചെയ്ത് നൽകിയിട്ടില്ല. ഫോറം 6-ൽ ശേഖരിച്ച വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാലും തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതിനാലും മിക്ക വാർഡുകളിലെയും ഡാറ്റാ എൻട്രി പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഫോറം 6-ൽ നടത്തിയ വിവര ശേഖരണത്തിൽ മേഖല, കാലപ്പഴക്കം, വാർഡ് വിവരം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളിൽ അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ഫോറങ്ങളിലെ വിവരവും ഡാറ്റാ എൻട്രി നടത്തിയ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് ചെയ്യുന്നതിൽ കാലതാമസം വരികയാണെങ്കിൽ നികുതിപ്പണം നഷ്ടമാകുന്നതിന് ഇടയുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിച്ച് അടിയന്തിരമായി നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

നഗരസഭകളുടെ വസ്തു നികുതി പരിഷ്കരണ ഭേദഗതി ചട്ടങ്ങൾ പ്രകാരം തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നികുതിദായകരിൽ നിന്നും 01.04.11 മുതലും നിലവിൽ നികുതി നൽകുന്നവരിൽ നിന്ന് 01.04.13 മുതലും പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. പുതിയ നികുതിദായകരിൽ നിന്നും പരിഷ്കരിച്ച വസ്തു നികുതി ഈടാക്കുന്നുണ്ടെങ്കിലും 2012-13 വരെ നികുതി അടച്ചുകൊണ്ടിരിക്കുന്ന നികുതിദായകരിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(2) പ്രകാരം യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിന് വീഴ്ച വരുത്തിയതുമൂലം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട തുകകൾ കാലഹരണപ്പെടുന്നതാണ്. ആയതിനാൽ പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

1-4-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015 ലെ സ.ഉ.(എം.എസ്)നം. 358/15/തസ്വഭവ നമ്പർ ഉത്തരവായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സഞ്ചയ' സോഫ്റ്റ്‌വെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31-നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. സർക്കാർ ഉത്തരവ് നിലവിൽ വന്നതിനു ശേഷം നാളിതുവരെയും പരിഷ്കരണ നടപടികൾ പൂർത്തിയാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടേയും ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ടെന്ന് വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികൾക്കായി ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു. ഭരണ വകുപ്പ് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# (2-3) തൊഴിൽ നികുതി

ഏതെങ്കിലും അർദ്ധ വർഷങ്ങളിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് വ്യാപാരം നടത്തുകയോ മറ്റേതെങ്കിലും തൊഴിലിൽ ഏർപ്പെടുകയോ ചെയ്യുന്നവരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന ഡിമാന്റ് നോട്ടീസ്, സ്ഥാപനം സമർപ്പിക്കുന്ന റിട്ടേൺ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

വ്യാപാരികളുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവർ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | വാർഡ് | അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | അടയ്ക്കേണ്ട നികുതി |
|---|---|---|---|---|
| ജോയിസ് | 1 | 18000 | 1 & 2 | 360 |
| രാജൻ വർക്ക്ഷോപ്പ് | 2 | 18000 | 1 | 180 |
| രാമനാഥൻ, സിമന്റ് മർച്ചന്റ് | 3 | 30000 | 1 & 2 | 600 |
| എബനേസർ ടൂർ ആന്റ് ട്രാവൽസ് | 3 | 32000 | 1 & 2 | 600 |
| ജെബിൻ മാത്യു ഫിലിപ്പ്, എൻ.എഫ്.എസ്. ഫയർ സിസ്റ്റം | 3 | 75000 | 1 & 2 | 1500 |
| അജി ജോർജ്, മരിയ എഞ്ചിനീയറിങ്ങ് ആന്റ് ഫർണിച്ചർ വർക്ക് | 3 | 45000 | 1 & 2 | 900 |
| സതീഷ് കമ്മ്യൂണിക്കേഷൻ ആന്റ് കൺസ്ട്രക്ഷൻ | 3 | 18000 | 1 & 2 | 360 |
| ബിജുകുമാർ.എ, എസ്.ആർ.എസ്. ഇലക്ട്രോണിക്സ് | 3 | 18000 | 1 & 2 | 360 |
| തിരുവല്ല കേബിൾ നെറ്റ്‌വർക്ക് | 4 | 21000 | 1 & 2 | 360 |
| ടിപ്പ്ടോപ്പ് ഫാഷൻസ്, പ്രസാദ് തോമസ്, തിരുവല്ല | 4 | 30000 | 1 & 2 | 600 |
| ബ്രാഞ്ച് മാനേജർ, മുത്തൂറ്റ് | 5 | 125000 | 1 & 2 | 2500 |
| തോമസ് മാത്യു, തിരുവല്ല | 6 | 125000 | 1 & 2 | 2500 |
| ആദർശ് അക്കാദമി, തിരുവല്ല | 6 | 70000 | 1 & 2 | 1200 |
| പ്രൊപ്രൈറ്റർ, ഇൻഫോ ലോക്സ് എന്റർപ്രൈസസ് | 6 | 50000 | 1 & 2 | 900 |
| സി.എ.പോൾ, ഒഡീസിയ ബ്യൂട്ടി പാർലർ | 6 | 65000 | 1 & 2 | 1200 |
| രഘുകുമാർ, വി.ടെക് ടു വീലർ വർക്ക്ഷോപ്പ് | 6 | 18000 | 1 & 2 | 360 |
| അബ്ദുൽ റസിയ, ആൽഫ മൊബൈൽ | 6 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, ശവപ്പെട്ടിക്കട, തിരുവല്ല | 7 | 35000 | 1 & 2 | 600 |
| കെ.എം.വി. പച്ചക്കറിക്കട | 7 | 22000 | 1 & 2 | 360 |
| അജിമോൻ, ചാലാ ഓഫ്സെറ്റ് | 7 | 18000 | 1 & 2 | 360 |
| ലാസർ ജെയിംസ്, ഫർണിച്ചർ, സ്പീഡ് ആന്റ് സേഫ് കൊറിയർ | 7 | 48000 | 1 & 2 | 900 |
| മാനേജർ, ബുക്ക് മാർക്ക് | 7 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, എ.ബി.റ്റി. പാഴ്സൽ പ്രൈവറ്റ് ലിമിറ്റഡ് | 7 | 30000 | 1 & 2 | 600 |

| | | | | |
|---|---|---|---|---|
| ഷാജി തോമസ്, തൈപ്പറമ്പിൽ | 7 | 35000 | 1 & 2 | 600 |
| മോഡേൺ ചപ്പൽസ് | 7 | 25000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, നവോദയ ചിട്ടി ഫണ്ട് | 7 | 45000 | 1 & 2 | 900 |
| പ്രൊപ്രൈറ്റർ, ഫോട്ടോക്വീൻ സ്റ്റുഡിയോ | 7 | 30000 | 1 | 300 |
| തോമസ് ദാനിയേൽ, ഓട്ടോ കാർ വാഷ് & ജെ.സി.ബി. റെന്റ് | 7 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, ടാർസൻ ജിം നേഷ്യം | 7 | 18000 | 1 & 2 | 360 |
| സാമുവൽ വർഗീസ്, ഷേബ ഡ്രൈവിംഗ് സ്കൂൾ | 7 | 30000 | 1 & 2 | 600 |
| എം.കെ.വിശ്വനാഥ്, സിറ്റി മെഡിക്കൽ സപ്ലൈസ്, തിരുവല്ല | 7 | 125000 | 1 & 2 | 2500 |
| ഷാജി ജോസഫ്, ടാക്സി കൺസൽട്ടൻസി | 7 | 19000 | 1 & 2 | 360 |
| ഹിറ്റ് ഡിസൈൻ സ്ക്രീൻ പ്രിന്റേഴ്സ് | 7 | 33800 | 1 & 2 | 600 |
| സുരേഷ്, ലക്ഷ്മി ലേഡീസ് വെയേഴ്സ് | 7 | 30000 | 1 & 2 | 600 |
| സുബൈദ, വെജിറ്റബിൾ മർച്ചന്റ് | 7 | 30000 | 1 & 2 | 600 |
| മാനേജർ, സപ്ലൈസ്, ലാഭം മാർക്കറ്റ് | 7 | 125000 | 1 & 2 | 2500 |
| ജോസഫ് തോമസ്, ജയ് ഹിന്ദ് മോട്ടോഴ്സ് | 7 | 48000 | 1 & 2 | 900 |
| പ്രൊപ്രൈറ്റർ, ഹോംടെക് ബിൽഡേഴ്സ് | 7 | 45000 | 1 & 2 | 900 |
| സ്യം ഡ്രോപ്സ് | 7 | 30000 | 1 & 2 | 600 |
| പ്രമദ തോമസ്, ബ്ലഷ് ബ്യൂട്ടി പാർലർ | 7 | 45000 | 1 & 2 | 900 |
| ജ്ജലി മാത്യു, ജെ & ടു റെഡിമെയ്ഡ് | 7 | 29000 | 1 & 2 | 360 |
| മദ്രാസ് ഫാഷൻ ടെയ്‌ലറിംഗ് ഷോപ്പ് | 29 | 30000 | 1 & 2 | 600 |
| ശ്രീധരൻ, സ്റ്റേഷനറി, തിരുവല്ല | 29 | 45000 | 1 & 2 | 900 |
| ലാലൻ സെബാസ്റ്റ്യൻ, റേഷൻ ഷോപ്പ് | 29 | 30000 | 1 & 2 | 600 |
| പി.സി.ജയചന്ദ്രൻ, റേഷൻ ഷോപ്പ് | 29 | 30000 | 1 & 2 | 600 |
| സൗമ ചന്ദ്രൻ, പ്രൊവിഷൻ സ്റ്റോർ | 29 | 20000 | 1 & 2 | 360 |
| നിഷ സോമൻ, ടെയ്‌ലറിങ്ങ് ഷോപ്പ് | 30 | 15000 | 1 & 2 | 240 |
| പ്രൊപ്രൈറ്റർ, നിറം ഡിജിറ്റൽ സ്റ്റുഡിയോ | 30 | 30000 | 1 & 2 | 600 |
| ഷാജി.പി.ജോൺ, ഇൻഷ്വറൻസ് ഏജന്റ് | 18 | 30000 | 1 & 2 | 600 |
| വി.ശിവപ്രസാദ്, അസോസിയേറ്റ്സ് എഞ്ചിനീയറിംഗ് | 18 | 65000 | 1 & 2 | 1200 |
| പൗലോസ്, ജനതാ ഡക്കറേഷൻസ് | 18 | 35000 | 1 & 2 | 600 |
| റ്റി.എ.ബഷീർ, പച്ചക്കറിക്കട | 18 | 100000 | 1 & 2 | 2000 |
| വി.റ്റി.ശാമുവൽ, ബിന്ദ ഫുട്‌വെയർ | 18 | 45000 | 1 & 2 | 900 |
| അയ്യപ്പദാസ്, അമ്പാടി കൺസ്ട്രക്ഷൻസ് | 18 | 50000 | 1 & 2 | 900 |
| പി.എ.കുര്യൻ, ബുക്ക് സ്റ്റാൾ | 18 | 45000 | 1 & 2 | 900 |
| പ്രൊപ്രൈറ്റർ, പമ്പാ ബേക്കറി | 18 | 125000 | 1 & 2 | 2500 |
| പി.എ.മാത്യു, പാലത്ര | 18 | 125000 | 1 & 2 | 2500 |
| ജോൺ മാത്യു, ചെറുകര | 18 | 150000 | 1 & 2 | 2500 |
| സുരേഷ് ബാബു, സന്ദേശ് | 18 | 150000 | 1 & 2 | 2500 |
| എൻ.വിജയകുമാർ, സന്ദേശ് | 18 | 150000 | 1 & 2 | 2500 |
| പി.വിജയകുമാർ, കോൺട്രാക്ടർ | 18 | 125000 | 1 & 2 | 2500 |
| പ്രൊപ്രൈറ്റർ, ലക്ഷ്മി സ്റ്റോഴ്സ് | 18 | 30000 | 1 & 2 | 600 |
| | | | | |

| | | | | |
|---|---|---|---|---|
| മാനേജർ, മാവേലിസ്റ്റോർ | 18 | 125000 | 1 & 2 | 2500 |
| ആന്റോ ജയറാം, ബിൽഡ് ലിങ്ക് ബിൽഡേഴ്സ് | 8 | 100000 | 1 & 2 | 2000 |
| പ്രൊപ്രൈർ, ടുജി മൊബൈൽസ് | 8 | 18000 | 1 & 2 | 360 |
| സണ്ണി.പി.ദാനിയേൽ, കിച്ചൂസ് സ്റ്റേഷനറി ഷോപ്പ് | 8 | 30000 | 1 & 2 | 600 |
| അനിൽ കുര്യാക്കോസ്, അനിൽ ബേക്കറി | 8 | 24000 | 1 & 2 | 360 |
| മാനേജർ, എക്സ്ട്രാ പവർ ഇൻവെർട്ടർ ഷോപ്പ് | 8 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, ടു വീലർ വർക്ക് ഷോപ്പ്, മീന്തലക്കര | 8 | 18000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, മീറ്റ് ഷോപ്പ്, തിരുമൂലപുരം | 12 | 30000 | 1 & 2 | 600 |
| വി.സി.വർഗീസ്, ഗ്രോസറി ഷോപ്പ്, തിരുമൂലപുരം | 12 | 38000 | 1 & 2 | 600 |
| റെജി രാജൻ, റേഷൻ ഷോപ്പ്, തിരുമൂലപുരം | 13 | 30000 | 1 & 2 | 600 |
| മത്തായി.സി.എം., ജി.എം. എന്റർ പ്രൈസസ് | 15 | 60000 | 1 & 2 | 1200 |
| കെ.എൻ.സന്തോഷ് കുമാർ, ആധാരമെഴുത്ത്, തിരുവല്ല | 15 | 60000 | 1 & 2 | 1200 |
| സി.സി.കുര്യാക്കോസ്, തിരുവല്ല | 15 | 125000 | 1 & 2 | 2500 |
| മുത്തൂറ്റ് ഫിൻകോർപ്പ് | 15 | 125000 | 1 & 2 | 2500 |
| തോമസ് കുട്ടി.വി.കെ, കൂൾ ബാർ, തിരുവല്ല | 15 | 18000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, മഹീന്ദ്ര ടു വീലർ, തിരുവല്ല | 15 | 125000 | 1 & 2 | 2500 |
| പ്രൊപ്രൈറ്റർ, സൂര്യ എന്റർപ്രൈസസ് | 24 | 45000 | 1 & 2 | 900 |
| പ്രൊപ്രൈറ്റർ, ടയർ ഹൗസ്, തിരുവല്ല | 24 | 60000 | 1 & 2 | 1200 |
| പി.കെ.രാജു, സി.എ., തിരുവല്ല | 24 | 125000 | 1 & 2 | 2500 |
| പ്രൊപ്രൈറ്റർ, ദർശന ഫൗണ്ടേഷൻ, തിരുവല്ല | 24 | 65000 | 1 & 2 | 1200 |
| രമേശ് കുര്യൻ ഓഡിയോ & വീഡിയോ | 24 | 30000 | 1 | 300 |
| ജോർജ് മാത്യു അഡ്വാൻസ്ഡ് മെഡിക്കൽ ടെക്, തിരുവല്ല | 24 | 45000 | 1 & 2 | 900 |
| രാജേഷ് കുമാർ, രാജാസ് കളക്റ്റിങ്ങ്, തിരുവല്ല | 24 | 30000 | 1 & 2 | 600 |
| മാനേജർ, സെന്റ് ജോൺസ് പ്രസ്സ്, തിരുവല്ല | 24 | 45000 | 1 & 2 | 900 |
| പ്രൊപ്രൈറ്റർ, റോയൽ ടച്ച് ടെയ്‌ലറിംഗ്സ്, തിരുവല്ല | 24 | 70000 | 1 & 2 | 1200 |
| സക്കറിയാ.കെ.വർഗീസ്, കോസ്മിക് ഹയർ ട്രാവൽസ്, തിരുവല്ല | 25 | 60000 | 1 & 2 | 1200 |
| അനിൽ കുമാർ, കൈരളി കൊറിയർ സർവീസ്, തിരുവല്ല | 25 | 24000 | 1 & 2 | 360 |
| അജി.എം.കെ, ന്യൂലുക്ക് വീഡിയോ കാസറ്റ്സ്, തിരുവല്ല | 25 | 25000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, പി.റ്റി. ഫോൺ, തിരുവല്ല | 25 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, സമഗ്ര ഹോളിസ്റ്റിക് മെഡിസിൻ | 26 | 30000 | 1 & 2 | 600 |
| ബഷീർ ബ്രിട്ടെക് ട്രാവൽസ്, തിരുവല്ല | 26 | 45000 | 1 & 2 | 900 |

| | | | | |
|---|---|---|---|---|
| തോമസ് വർക്കി, റേഷൻ കട, തിരുവല്ല. | 26 | 30000 | 1 & 2 | 600 |
| എം.ജോൺ, ജോൺസ് ടൂ വീലർ, തിരുവല്ല | 26 | 32000 | 1 & 2 | 600 |
| സെയ്ദ് മാഹീൻ, നൗഷാദ് കാറ്ററിംഗ്, തിരുവല്ല. | 26 | 85000 | 1 & 2 | 1500 |
| പി.കെ.മത്തായി, ഹിന്ദുസ്ഥാൻ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവല്ല | 26 | 20000 | 1 & 2 | 360 |
| മുത്തുകൃഷ്ണൻ, മല്ലിക ബേക്കറി, തിരുവല്ല. | 26 | 30000 | 1 & 2 | 600 |
| മാനേജർ, ആക്സിസ് ബാങ്ക്, തിരുവല്ല. | 26 | 126000 | 1 & 2 | 2500 |
| ഏലിയാമ്മ വർഗീസ്, തിരുവല്ല. | 26 | 18000 | 1 & 2 | 360 |
| ജോർജ് മാത്യു, അഡ്വാൻസ്ഡ് മെഡിക്കൽ ടെക്നോളജി | 26 | 25000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, ഡയാന മാര്യേജ് ബ്യൂറോ, തിരുവല്ല | 26 | 60000 | 1 & 2 | 1200 |
| വർഗീസ് ജോർജ്, ജോർജ് എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്, തിരുവല്ല. | 26 | 35000 | 2 | 300 |
| ബിജോയി മാത്യു, കുന്നപ്പറമ്പിൽ, തിരുവല്ല. | 26 | 48000 | 1 & 2 | 900 |
| തോമസ് വർഗീസ്,<br><br>ഉമ്മർ, തിരുവല്ല | 26 | 45000 | 1 & 2 | 900 |
| പ്രൊപ്രൈറ്റർ, ബ്ലൂഡാർട്ട്, സി.എച്ച്.എൽ., തിരുവല്ല | 26 | 33000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, ശരത് ബ്യൂട്ടി പാർലർ, തിരുവല്ല | 26 | 18000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, തോംസൺ ഹോം ഡിപ്പാർട്ട്മെന്റ്, തിരുവല്ല | 26 | 125000 | 1 & 2 | 2500 |
| മാനേജർ, മുത്തൂറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ, തിരുവല്ല | 26 | 125000 | 1 & 2 | 2500 |
| വിജയമ്മ.കെ, തിരുവല്ല | 26 | 12000 | 1 & 2 | 240 |
| പ്രൊപ്രൈറ്റർ, ബൈക്ക് ആക്സസറീസ് | 26 | 12000 | 1 & 2 | 240 |
| പ്രൊപ്രൈറ്റർ, സി.എച്ച്. ഹോളിഡെയ്സ് ടൂർസ് & ട്രാവൽസ്, തിരുവല്ല | 26 | 18000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, ശ്രീലക്ഷം എന്റർപ്രൈസസ്, തിരുവല്ല | 27 | 30000 | 1 & 2 | 600 |
| ജയേന്ദ്രൻ, റേഷൻ കട, തിരുവല്ല | 27 | 30000 | 1 & 2 | 600 |
| മുഹമ്മദ് യൂസഫ്, സോഡ ഫാക്ടറി, തിരുവല്ല | 27 | 18000 | 1 & 2 | 360 |
| വി.കെ.മുരളീധരൻ, പ്രൊവിഷൻ സ്റ്റോർ, തിരുവല്ല | 27 | 45000 | 1 & 2 | 900 |
| ഡോ: റെജീസ് ന്യൂറോക്ലിനിക്, തിരുവല്ല | 27 | 125000 | 1 & 2 | 2500 |
| ബിജു ബിൻസ് ഓട്ടോ ഇലക്ട്രിക്കൽസ്, തിരുവല്ല | 27 | 18000 | 1 & 2 | 360 |
| ഷെറീന.സി.എ., വേലാൻസ് ഫർണിച്ചർ, തിരുവല്ല | 27 | 45000 | 1 & 2 | 900 |
| ആചാര്യ ആയുർവേദ ഫാർമസി, തിരുവല്ല | 27 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, മാനസം, മെൻസ് ഹോസ്റ്റൽ, തിരുവല്ല | 27 | 65000 | 1 & 2 | 1200 |
| ശശികമാർ, പ്രൊവിഷൻ സ്റ്റോർ, | 28 | 12000 | 1 & 2 | 240 |

| | | | | |
|---|---|---|---|---|
| തിരുവല്ല | | | | |
| ശ്രീകുമാർ, ശ്രീനന്ദിനി അസോസിയേറ്റ്സ് (മൈ ഐഡിയ ഷോറൂമ്), തിരുവല്ല | 28 | 125000 | 1 & 2 | 2500 |
| സജി മാത്യു, സാജ് കാറ്റേഴ്സ്, തിരുവല്ല | 11 | 50000 | 1 & 2 | 900 |
| എം.എസ്. പോപ്പുലർ വെഹിക്കിൾസ് & സർവീസസ് ലിമിറ്റഡ്, തിരുവല്ല | 14 | 125000 | 1 & 2 | 2500 |
| കെ.പ്രസന്ന, റേഷൻ കട, തിരുവല്ല | 14 | 17600 | 1 & 2 | 240 |
| ജോൺ വർക്കി, സോഫ്റ്റ് ഡ്രിങ്ക്സ്, തിരുവല്ല | 14 | 14600 | 1 | 120 |
| വിജയൻ, സ്റ്റേഷനറി, തിരുവല്ല | 15 | 26000 | 1 & 2 | 360 |
| സി.സി.കുര്യാക്കോസ്, സി.എ., തിരുവല്ല | 15 | 125000 | 1 & 2 | 2500 |
| ജി.കെ. എന്റർപ്രൈസസ്, തിരുവല്ല | 15 | 18000 | 1 & 2 | 360 |
| മുത്തൂറ്റ് ഫിൻകോർപ്പ്, തിരുവല്ല | 15 | 125000 | 1 & 2 | 2500 |
| തോമസ് കുട്ടി.വി.കെ., കൂൾ ബാർ, തിരുവല്ല | 15 | 18000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, മഹീന്ദ്രാ ടൂ വീലർ, തിരുവല്ല | 15 | 125000 | 1 & 2 | 2500 |
| ദാമോദരൻ പിള്ള, വിറക് കട, തിരുവല്ല | 16 | 15000 | 2 | 120 |
| പ്രൊപ്രൈറ്റർ, സുഭാഷി ക്ലിനിക്ക്, തിരുവല്ല | 16 | 125000 | 1 & 2 | 2500 |
| വിശ്വനാഥൻ, സ്വർണ്ണപ്പണി, തിരുവല്ല | 17 | 15000 | 1 & 2 | 240 |
| ഗംഗാദേവി, തിരുവല്ല | 17 | 48000 | 1 & 2 | 900 |
| സോമ പിള്ള, മണികണ്ഠവിലാസം റ്റീ ഷോപ്പ്, തിരുവല്ല | 17 | 24000 | 1 & 2 | 360 |
| പി.കെ.തോമസ്, വേനങ്കൽ റൈസ് മിൽ, തിരുവല്ല | 21 | 18000 | 1 & 2 | 360 |
| ബാബു റ്റി.കെ., പച്ചക്കറി വ്യാപാരം, തിരുവല്ല | 21 | 18000 | 1 & 2 | 360 |
| എ.സി.തോമസ്, തിരുവല്ല | 21 | 18000 | 1 & 2 | 360 |
| മുരളി, മേഘ സ്റ്റുഡിയോ, തിരുവല്ല | 21 | 18000 | 1 & 2 | 360 |
| ശാന്തി മോട്ടോർസ്, മാരുതി സ്റ്റാൾ, തിരുവല്ല | 21 | 18000 | 1 & 2 | 360 |
| വേണുഗോപാൽ ഹെയർ സ്റ്റൈൽ, തിരുവല്ല | 21 | 18000 | 1 & 2 | 360 |
| പ്രൊപ്രൈറ്റർ, സി.പി. ബിൽഡിങ്ങ് കോൺട്രാക്ടേഴ്സ് | 21 | 125000 | 1 & 2 | 2500 |
| മനോജ് എം.ജി., മോട്ടോർ ഗ്ലാസ് വർക്സ്, തിരുവല്ല | 21 | 125000 | 1 & 2 | 2500 |
| അനീഷ് കുമാർ, റ്റി.എ. എന്റർപ്രൈസസ്, തിരുവല്ല | 21 | 45000 | 1 & 2 | 900 |
| പത്മാവതിയമ്മ, സതീഷ് എന്റർപ്രൈസസ്, തിരുവല്ല | 22 | 45000 | 1 & 2 | 900 |
| വാസുദേവൻ നായർ, ആർ.വി.എൻ. ആർട്സ്, തിരുവല്ല | 22 | 18000 | 1 & 2 | 360 |
| സന്തോഷ് കുമാർ, ആനന്ദ് ഷോപ്പ്, തിരുവല്ല | 22 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, അരിസ്റ്റോക്രാറ്റ്, തയ്യൽ കട, തിരുവല്ല | 22 | 30000 | 1 & 2 | 600 |
| കമലമ്മ, സ്വർണ്ണപ്പണി, തിരുവല്ല | 22 | 18000 | 1 | 180 |
| ജി.സോമൻ, തിരുവല്ല | 22 | 45000 | 1 & 2 | 900 |

| | | | | |
|---|---|---|---|---|
| പ്രതാപ്, അശ്വിനി ഡിജിറ്റൽ ഫോട്ടോസ്, തിരുവല്ല | 22 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, അമ്മ സ്റ്റോർ, തിരുവല്ല | 22 | 30000 | 1 & 2 | 600 |
| ശശിധരൻ, ചായക്കട, തിരുവല്ല | 23 | 30000 | 1 & 2 | 600 |
| എസ്.എസ്.പിള്ള, റേഷൻ കട, തിരുവല്ല | 23 | 30000 | 1 & 2 | 600 |
| എം.കെ.ഗോപാലകൃഷ്ണൻ നായർ, റേഷൻ കട | 23 | 30000 | 1 & 2 | 600 |
| പ്രൊപ്രൈറ്റർ, ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ്, തിരുവല്ല | 23 | 30000 | 1 & 2 | 600 |
| ആകെ | | | | 151600 |

**കുടിശ്ശിക നികുതി ഈടാക്കുവാൻ നിലവിലുള്ള സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.**

# (2-4) മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല-ലക്ഷങ്ങളുടെ നികുതി നഷ്ടം

നഗരസഭയുടെ പരിധിയിൽ 24 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി ഓഡിറ്റ് അന്വേഷണത്തിന് (നം. 18/17, തീയതി 14.08.17) ലഭിച്ച മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 3 ടവറുകളുടെ വസ്തു നികുതി മാത്രമാണ് 2016-17 സാമ്പത്തിക വർഷം വരെ ഈടാക്കിയിട്ടുള്ളത്.

തദ്ദേശ ഭരണ വകുപ്പിന്റെ 14.01.11 ലെ 17/11,18/11 എന്നീ ഉത്തരവുകൾ അനുസരിച്ച് 19.01.12 ലെ കൗൺസിലിന്റെ 1(2)-ാംനമ്പർ തീരുമാനപ്രകാരം നഗരസഭയിൽ നികുതി നിരക്കുകൾ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ വസ്തു നികുതി ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിലും സേവന ഉപനികുതി അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ 9% നിരക്കിലും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പുതിയ നിരക്കിലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല. തന്മൂലം ലക്ഷങ്ങളാണ് നഗരസഭക്ക് നികുതിയിനത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നത്. 21 മൊബൈൽ ടവറുകളുടെ നികുതി കുടിശികയിനത്തിൽ 9,53,280 രൂപ ഈടാക്കാനുള്ളതായി നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ പേര് | ഈടാക്കേണ്ട കാലയളവ് | ഈടാക്കേണ്ട നികുതി (രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 1 | ATC ടെലികോം ടവർ | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 8802 x 2 = 17604 |
| 2 | M/S റിലയൻസ് ജിയോ ഇൻഫോ കമ്പനി ലിമിറ്റഡ് | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 2052 x 2 = 4104 |
| 3 | ഭാരതി എയർടെൽ ലിമിറ്റഡ് | 2014-15 2-ാം അർദ്ധവർഷം മുതൽ | 1830 x 3 = 5490 |
| 4 | എസ്സാർചെലികോം ഇൻഫ്രാസ്ട്രക്ച്ചർ (p)ലിമിറ്റഡ് | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 12600 x 2 = 25200 |
| 5 | ഭാരതി ിൻപ്രാടെൽ ലിമിറ്റഡ് | 2011-12 മുതൽ | 18000 x 6 = 108000 |
| 6 | M/s ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2011-12 മുതൽ | 18900 x 6 = 113400 |
| 7 | ഡിഷ് നെറ്റ് വയർലെസ്സ് | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 31500 x 2 = 63000 |
| 8 | റിലയൻസ് | 2009-10 മുതൽ | 18300 x 8 = 146400 |
| 9 | റ്റാറ്റ ഇൻഫോ സർവീസ് ലിമിറ്റഡ് | 2010-11 മുതൽ | 20325 x 7 = 142275 |
| 10 | എയർസെൽ ഡിഷ് നെറ്റ് | 2010-11 മുതൽ | 18000 x 7 = 126000 |
| 11 | വയർലസ്സ് T.t | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 18000 x 2 = 36000 |
| 12 | ഭാരതി സെപ്പാർ | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 18826 x 2 = 37652 |
| 13 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 27000 x 2 = 54000 |
| 14 | വയർലസ് Ttഇൻഫോ ലിമിറ്റഡ് | 2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു | 15000 x 2 = 3000 |
| 15 | ഇൻഡസ് ടവർ | 16-17 മുതൽ | 18000 x 1 = 18000 |
| 16 | എസ്കോട്ടെൽ മൊബൈൽ | 16-17 മുതൽ | 20280 x 1 = 20280 |

| | | | |
|---|---|---|---|
| | കമ്മ്യൂണിക്കേഷൻസ് | | |
| 17 | M/S റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2010-11 മുതൽ | 2700 x 7 = 18900 |
| 18 | റിലയൻസ് ജിയോ ഇൻഫോ കോം | 16-17 മുതൽ | 2415 x 1 = 2415 |
| 19 | M/s എസ്സാർ ടെലികോം | 2015-16 മുതൽ | 2250 x 2 = 4500 |
| 20 | ഭാരതി ഇൻഫ്രാ ടെലികോം | 2015-16 2-ാം അർദ്ധവർഷം മുതൽ | 2544 x 2 = 5088 |
| 21 | റിലയൻസ് ജിയോ ഇൻഫോ കോം. | 2015-16 2-ാം അർദ്ധവർഷം മുതൽ | 986 x 2 = 1972 |
| **ആകെ** | | | **9,53,280** |

സർക്കാർ ഉത്തരവുകൾക്കും കൗൺസിൽ തീരുമാനത്തിനും വിധേയമായി നികുതി നിർണയിച്ച് കുടിശ്ശിക ഈടാക്കുന്നതിന് മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്ന കെട്ടിട ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് 60 ദിവസങ്ങൾക്കകം നികുതിയിനത്തിലുള്ള നഷ്ടം ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നികുതിയിനത്തിൽ നഷ്ടമായ തുകയ്ക്ക് സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

# (2-5) <u>വാടക</u>

നഗരസഭയുടെ വാടകയിനത്തിലുള്ള വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. <u>വാടക പിരിവ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ അലംഭാവം</u>**

നഗരസഭ വക സ്റ്റേഡിയത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തികവർഷം നഗരസഭ സ്റ്റേഡിയത്തിൽ 10 ദിവസങ്ങളിൽ മാത്രമാണ് പരിപാടികൾ നടന്നിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രസീത് പരിശോധിച്ചതിൽ താഴെ പറയുന്ന തീയതികളിൽ സ്റ്റേഡിയത്തിൽ പരിപാടികൾ സംഘടിപ്പിച്ചതായി ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. പ്രസ്തുത പരിപാടികളുടെ വിവരങ്ങൾ, തുക ഒടുക്കിയ തീയതി എന്നിവ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *തീയതി* | *ഈടാക്കിയ വാടക* | *രസീത് നമ്പർ* |
|---|---|---|---|
| 1 | 08.04.16 | 2290 | 11601100175 |
| 2 | 28.04.16 | 4290 | 1160110056 |
| 3 | 07.09.16 | 2290 | 11601103413 |
| 4 | 07.09.16 | 2290 | 11601103420 |
| 5 | 07.09.16 | 3664 | 11601103421 |
| 6 | 09.09.17 | 17175 | 1103469 |
| 7 | 09.09.16 | 22900 | 11601103470 |

രസീത് പ്രകാരമുള്ള വരവ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ മേലധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. സ്റ്റേഡിയം, ഗ്രൗണ്ട് മുതലായവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. രസീത് പ്രകാരം ലഭിക്കുന്ന വരവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**2. <u>ബൈലോ പ്രകാരം വാടക ഈടാക്കുന്നില്ല</u>**

നഗരസഭ വക സ്റ്റേഡിയം, ഗ്രൗണ്ട്, മറ്റു പൊതുസ്ഥലങ്ങൾ എന്നിവ വാടകക്ക് നൽകുന്നനിരക്ക് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബൈലോ 08.12.2011 ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് യോഗം, സമ്മേളനം എന്നിവയ്ക്ക് സെക്യൂരിറ്റി ഡിപ്പോസിറ്റായി 2000 രൂപയും ഒരു ദിവസത്തെ വാടക ഇനത്തിൽ 5000 രൂപയും ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിന് വ്യത്യസ്ത നിരക്കുകളാണ് നഗരസഭയിൽ ഈടാക്കിയിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-6-ൽ പ്രസ്തുത വിഷയം സംബന്ധിച്ച

പരാമർശം വിശദമായി ഉൾപ്പെടുത്തിയിരുന്നു. സർക്കാർ പരിപാടികൾക്കും നഗരസഭ നേരിട്ട നടത്തുന്ന പരിപാടികൾക്കും ആവശ്യമെങ്കിൽ വാടക ഒഴിവാക്കി നൽകുന്നതിന് കൗൺസിലിന് അധികാരമുണ്ടായിരിക്കും എന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വാടക ഈടാക്കുന്നതിന് നിശ്ചിത നിരക്ക് ഉണ്ടെന്നിരിക്കെ സർക്കാർ പരിപാടികൾക്കും നഗരസഭ നേരിട്ട നടത്തുന്ന പരിപാടികൾക്കുമല്ലാതെ കുറഞ്ഞ നിരക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ബൈലോയിൽ നിന്നും വ്യതിചലിച്ച് ചെയർമാന്റെ നിർദ്ദേശ പ്രകാരം കുറവായി ഈടാക്കിയിട്ടുള്ള തുകകളുടെ വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തീയതി | ഈടാക്കിയ വാടക | ഈടാക്കേണ്ട പ്രതിദിന വാടക | രസീത് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ട്രാവൻകൂർ ക്ലബ്, പെരുന്തുരുത്തി, തിരുവല്ല | 17.04.16 | 1500 | 5000 | 09204/ 21.03.16 | 3500 |
| 2. | ജെ.സി.ഐ., തിരുവല്ല | 15.05.16 | 1500 | 5000 | 557/ 26.04.16 | 3500 |
| | ആകെ | | | | | 7000 |

ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ നിന്നും വ്യതിചലിച്ച് വാടക ഈടാക്കിയതിനാൽ വരവിനത്തിൽ 7000 രൂപ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കേണ്ടതാണ്.

# (2-6) ഡി & ഒ ലൈസൻസ് ഫീസ് പിരിവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സർക്കാർ ഉത്തരവ് സ.ഉ.(സാ) 70/17/തസ്വഭവ, തീയതി 10.1.2017 പ്രകാരം 2011-ലെ കേരള മുനിസിപ്പാലിറ്റി ഡി. & ഒ. ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രാബല്യ കാലാവധി 31.04.17 വരെ നീട്ടിയിരുന്നു.

2016-17 സാമ്പത്തിക വർഷം നഗരസഭയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ഇതിനാൽ ലൈസൻസ് ആവശ്യമായ വ്യാപാര സ്ഥാപനങ്ങളുടെ പൂർണവിവരങ്ങൾ ശേഖരിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാത്തത് ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുന്നു.

നഗരസഭയിൽ ലൈസൻസ് ഫീസ് ഒടുക്കുവരുത്തുന്നത് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 39 വാർഡുകളിൽ പ്രവർത്തിച്ച വരുന്ന വ്യാപാരങ്ങൾ സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ പ്രാദേശിക പരിശോധന നടത്തിയതിന്റെ വിവരങ്ങൾ അപേക്ഷകളിന്മേൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേലധികാരികൾ വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് പല അപേക്ഷകളിലും രേഖപ്പെടുത്തൽ ഇല്ല. ഫീൽഡ് പരിശോധനാ ഉദ്യോഗസ്ഥർ സൂക്ഷിക്കുന്ന രജിസ്റ്റർ മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററുകളിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ 2016-17 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള വരവിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നു എന്നത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ഉയർന്ന ഉദ്യോഗസ്ഥർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

1. <u>തൊഴിൽ നികുതി ഒടുക്കാത്ത വ്യാപാരികൾക്ക് ഡി &ഒ ലൈസൻസ് നൽകിയിരിക്കുന്നു</u>

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 443 പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ആൾ നഗരസഭയ്ക്ക് കൊടുക്കേണ്ട നികുതിയിൽ വീഴ്ച വരുത്തിയാൽ ലൈസൻസ് അനുവദിക്കാതിരിക്കുകയോ പുതുക്കാതിരിക്കുകയോ ചെയ്യുന്നതിന് നഗരസഭാ സെക്രട്ടറിക്ക് അധികാരമുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കാതിരുന്ന വ്യാപാരികളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. ലൈസൻസ് പുതുക്കി ലഭിക്കാതെ വ്യാപാരികൾ യഥേഷ്ടം വ്യാപാരം നടത്തുകയും ചെയ്യുന്നു. ഈ വിഷയത്തിൽ നഗരസഭ നിയമപരമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. തൊഴിൽ നികുതി ഒടുക്ക വരുത്താത്ത ലൈസൻസികളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | വ്യാപാരിയുടെ മേൽവിലാസം | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | I | ജേക്കബ് ഫിലിപ്പ് ജോൺ<br>രാജ്കോട്ട്, കുറ്റപ്പുഴ | വസ്ത്ര വ്യാപാരം |
| 2 | I | വർഗീസ്. കെ<br>കൊച്ചുത്തു ഹൗസ്, കുറ്റപ്പുഴ | വസ്ത്ര വ്യാപാരം |
| 3 | I | മുഹമ്മദ് ഇബ്രാഹിം<br>മുതിരപ്പറമ്പിൽ,പായിപ്പാട് | ഫർണിച്ചർ വ്യാപാരം |

| | | | |
|---|---|---|---|
| 4 | | റിജോ ജെയിംസ്<br>വടക്കേ മുറിയിൽ, പൂവത്തോലി, കരിക്കാട്ടൂർ | ഫർണിച്ചർ വ്യാപാരം |
| 5 | II | രാജേഷ് .വി<br>കൊച്ചുമല രാജേഷ് ഭവൻ, കുറ്റപ്പുഴ | കംപ്യൂട്ടർ ഉപകരണങ്ങൾ |
| 6 | VII | ലീന ചെറിയാൻ<br>ഇലഞ്ഞിമൂട്ടിൽ,മാർക്കറ്റ് ജംഗ്ഷൻ | വസ്ത്ര വ്യാപാരം |
| 7 | XXIV | രാജൻ.കെ<br>വർഗീസ് മുക്കാട്ട്, പാലിയക്കര | സംഗീത ഉപകരണങ്ങൾ |
| 8 | XXIV | സുരേഷ്കുമാർ .കെ<br>കണ്ണൂർ ബംഗ്ളാവ്, തിരുവല്ല | സ്വർണ്ണ വ്യാപാരം |
| 9 | XXIV | സേതു ലക്ഷ്മി<br>ശ്രുതി പൂമുലത്ത്, കാവനാട് കൊച്ചി | ഫർണിച്ചർ വ്യാപാരം |
| 10 | XXIV | ബാബു ജോൺ<br>പാലത്തുപാട്ട്, തിട്ടമേൽ, ചെങ്ങന്നൂർ | ബിയർ&വൈൻ |
| 11 | XVII | ഐസക്ക്<br>എബ്രഹാം തോലപ്പതിൽ, കുരിശുംമൂട്ടിൽ | പെയിന്റ് & ഹാർഡ് വെയർ |
| 12 | XVIII | ഫ്രാൻസിസ് കെ പോൾ<br>കുട്ടുകാരൻ ഹൗസ്, ബൈപാസ് റോഡ്, പാലാരിവട്ടം കൊച്ചി | നാലുചക്ര വാഹന സർവീസ് |
| 13 | XX | അനിൽകുമാർ റ്റി.പി,ഗ ണനാഥം ലൈൻ റോഡ്, ചെട്ടികുളങ്ങര, ഇടപ്പള്ളി, എറണാകുളം | വാഹന വ്യാപാരം |
| 14 | XX | ജേക്കബ് മാത്യു, വഞ്ചിപ്പാലം ഗാർഡൻസ് മഞ്ഞാടി | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ |
| 15 | XX | ശശി പി.ബി ആറ്റൂർ തുണ്ടിയിൽ<br>കാവും ഭാഗം | ഫർണിച്ചർ വ്യാപാരം |
| 16 | XXII | ജോർജ് ഇട്ടിച്ചിറ, കണ്ണൻകര വീട്, ഇലന്തൂർ | എമു ഫാം |

2. <u>ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

നഗരസഭയുടെ അനുമതി ലഭിക്കാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത ചുവടെ ചേർക്കുന്ന വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

| *ക്രമ നമ്പർ* | *വാർഡ് നമ്പർ* | *വ്യാപാരിയുടെ പേര്* | *വ്യാപാരസ്ഥാപനം* |
|---|---|---|---|
| 1 | I | ജോർജ് എബ്രഹാം<br>മണപ്പള്ളി | മാർജിൻ ഫ്രീ മാർക്കറ്റ്<br>കിഴക്കൻ മുത്തൂർ |
| 2 | I | കുര്യൻ വർഗീസ് | പച്ചക്കറി വ്യാപാരം<br>കിഴക്കൻ മുത്തൂർ |
| 3 | I | സുനിൽ | സ്കൈ ഐസ്ക്രീം<br>കിഴക്കൻ മുത്തൂർ |
| 4 | II | പ്രൊപ്രൈറ്റർ | അലീന ബ്യൂട്ടി പാർലർ, തിരുവല്ല |
| 5 | II | സതീഷ് ബാബു | റേഷൻ കട,തിരുവല്ല |
| 6 | IV | സോമ പ്പണിക്കർ | ഗുരു ഹോളോ ബ്രിക്സ് തിരുവല്ല |
| 7 | IV | പ്രൊപ്രൈറ്റർ | ഓലിന ബ്യൂട്ടി പാർലർ,തിരുവല്ല |
| 7 | VII | കുരുവിള | ന്യൂ ഫീൽഡ് അഗ്രോ സർവീസ്, |

| | | | |
|---|---|---|---|
| | | എബ്രഹാം | തിരുവല്ല |
| 8 | VII | കെ.റ്റി സണ്ണി | ചിക്കൻ സെന്റർ തിരുവല്ല |
| 9 | XVII | ശെന്തിൽ കുമാർ | ഉമ ഇലക്ട്രിക്കൽസ് |
| 10 | XVIII | വിജയൻ. വി | സോണി ഇലക്രോണിക്സ്, തിരുവല്ല |
| 11 | IX | മനോജ് കുമാർ | സ്റ്റേഷനറി ഷോപ്പ്, തിരുവല്ല |
| 12 | XXI | അർജ്ജുൻ ആചാരി | സ്വാതി സ്റ്റോഴ്സ്, തിരുവല്ല |
| 13 | XII | എസ്.എസ് പിള്ള | ഐശ്വര്യ ഫുഡ് ഇൻഡസ്ട്രീസ്, തിരുവല്ല |

വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിലുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# (2-7) പരസ്യ നികുതി

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 271 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തുള്ള സർക്കാർ വക സ്ഥലത്തോ സ്വകാര്യ സ്ഥലത്തോ പരസ്യം പ്രദർശിപ്പിക്കുന്നതിന് സർക്കാരിന്റെ അംഗീകാരത്തോടുകൂടി കൗൺസിൽ പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി ഒടുക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം തിരുവല്ല നഗരസഭാ പരിധിയിൽ പരസ്യം പ്രദർശിപ്പിക്കുന്നവരിൽ നിന്നും പരസ്യ നികുതി പിരിച്ചെടുക്കുവാനുള്ള അവകാശം ശ്രീ. വി.എസ്.ഷറഫുദീൻ എന്ന വ്യക്തിയ്ക്ക് 4,20,009 രൂപയ്ക്ക് ലേലം നൽകിയിരുന്നു. ലേലത്തുകയിൽ 3,54,000 രൂപ മാത്രമാണ് നാളിതുവരെ ഒടുക്കിയിട്ടുള്ളത്. 66,009/- രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. ആയത് പിഴപ്പലിശ സഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. നാളിതുവരെ തുക ഒടുക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ബന്ധപ്പെട്ട സെക്ഷൻ, സെക്ഷൻ സൂപ്രണ്ട് എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നു.

# (2-8) ലേലം - വിവിധ ഇനങ്ങൾക്ക് സേവന നികുതി ഈടാക്കിയതിൽ കുറവ്

നഗരസഭ 2016-17 വർഷം ലേലം നടത്തിയ വിവിധ ഇനങ്ങൾക്ക് ലേല തുകയോടൊപ്പം ഈടാക്കേണ്ട സേവന നികുതി കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആകെ ലേല തുക | നിരതദ്രവ്യം ലേല തുകയിൽ ക്രമീകരിച്ചത് | അടയ്ക്കേണ്ട സേവന നികുതി (15%) | അടച്ചത് | കുറവ് |
|---|---|---|---|---|---|
| മുനിസിപ്പൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 6,02,000 | 30000 | 4500 | -- | 4500 |
| തിരുമൂലപുരം കന്നുകാലിചന്ത ലേലം | 4,45,000 | 22150 | 3323 | -- | 3323 |
| മഞ്ഞാടി പബ്ലിക് മാർക്കറ്റ് ലേലം | 10,500 | 325 | 49 | -- | 49 |
| **ആകെ** | | | | | 7872 |

ലേല സമയത്ത് നിരതദ്രവ്യമായി ലഭിക്കുന്ന തുക, ലഭിക്കാനുള്ള ലേലതുകയിൽ പിന്നീട് ക്രമീകരിക്കുമ്പോൾ, ക്രമീകരിക്കുന്ന തുകയ്ക്കും സേവന നികുതി ഈടാക്കേണ്ടതായിരുന്നു. ഇപ്രകാരം കുറവായി ഈടാക്കിയ 7872 രൂപ ഈടാക്കി കേന്ദ്ര ഫണ്ടിൽ ഒടുക്കേണ്ടതാണ്. (എൻക്വയറി നം.13/19.07.2017).

# (2-9) പിരിച്ചെടുത്ത സേവന നികുതി ഒടുക്കാൻ അവശേഷിക്കുന്നു

2016-17 വർഷം സേവന നികുതി പിരിച്ചത് ഒടുക്കുവരുത്തിയതിൽ 86,931രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് (2015-16) | 13,621 |
| പിരിച്ചെടുത്ത തുക | 11,71,017 |
| ആകെ | 11,84,638 |
| ഒടുക്കിയ തുക | 10,62,575 |

| | |
|---|---|
| വ്യത്യാസം/കറവ് | 1,16,113 |
| വരവായി ലഭിച്ച ചെക്ക് മടങ്ങിയത് (05.04.2017) | 29,182 |
| യഥാർത്ഥ കറവ് | 86,931 |

അടയ്ക്കവാൻ അവശേഷിക്കുന്ന 86,931രൂപ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പിഴ പലിശ ഒടുക്കേണ്ടി വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട ജീവനക്കാരുടെ ബാധ്യതയാകുന്നതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ 16.41 കോടി രൂപയിൽ 6.13 കോടി രൂപ ചെലവഴിച്ചില്ല

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി നഗരസഭയ്ക്ക് ലഭ്യമായത് 16.41 കോടി രൂപയാണ്. എന്നാൽ ചെലവഴിച്ചത് 10.28 കോടി രൂപ മാത്രമാണ്. ലഭ്യമായ തുകയുടെ 62.66% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ. നമ്പർ ഉത്തരവ് പ്രകാരം വർഷാവസാനം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻ ബാലൻസ് | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | 2016-17 വർഷത്തെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | xx | 4,36,30,418 | 3,17,93,587 | 72.87 |
| വികസന ഫണ്ട്-എസ്.സി.പി | xx | 1,60,02,585 | 1,59,55,941 | 99.71 |
| വികസന ഫണ്ട്-റ്റി.എസ്.പി | xx | xx | xx | xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | xx | 5,67,44,289 | 3,44,77,781 | 60.76 |
| ലോകബാങ്ക് സഹായം | xx | 1,17,30,305 | 49,52,753 | 42.22 |
| സംരക്ഷണ ഗ്രാന്റ് റോഡ് | xx | 2,50,75,134 | 63,77,157 | 25.43 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | xx | 1,08,74,226 | 92,47,339 | 85.04 |
| **ആകെ** | xx | **16,40,56,957** | **10,28,04,558** | **62.66** |

പ്രസ്തുത സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക നഗരസഭയ്ക്ക് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-2) കണ്ടിജന്റ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശിക -₹ 26.69 ലക്ഷം അധികമായി നൽകി

നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം 07/09 പ്രാബല്യതീയതിയിൽ നടപ്പാക്കിയപ്പോൾ 04/2010 മുതൽ 03/2014 വരെയുള്ള കാലയളവിലെ കുടിശ്ശികയായി 41,23,806 രൂപ അനുവദിച്ചപ്പോൾ 26.69 ലക്ഷം രൂപ അധികമായി നൽകുകയുണ്ടായി.

നഗരസഭ കണ്ടിജന്റ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം 24.4.2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 160/2013/തസ്വഭവ ഉത്തരവ് പ്രകാരം നടപ്പാക്കുകയുണ്ടായി. ആയതിൻ പ്രകാരം വിവിധ പെൻഷൻകാർക്ക് കുടിശ്ശികയായി 41,23,806 രൂപ നൽകുകയുണ്ടായി. 06.01.2017-ലെ ജി.ഒ.

(എം.എസ്.)നമ്പർ 07/2017/തസ്വഭവ ഉത്തരവ് പ്രകാരം പെൻഷൻ പരിഷ്കരണ കുടിശ്ശിക 01.07.2009 പ്രാബല്യതീയതി മുതൽ നൽകുന്നതിനും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 01.07.2009 മുതൽ 31.03.2010 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനായി നഗരസഭ തയ്യാറാക്കിയ 4,66,222 രൂപയുടെ ബില്ലിന്റെ അർഹത പരിശോധിച്ച് നൽകുന്നതിനായി 18.09.2017-ൽ സെക്രട്ടറി ഫയൽ ഓഡിറ്റിന് കൈമാറുകയുണ്ടായി. തയ്യാറാക്കി സമർപ്പിച്ച ബില്ലും സ്റ്റേറ്റ്മെന്റും പരിശോധിച്ചപ്പോൾ പെൻഷൻ നിർണ്ണയിച്ചിട്ടുള്ളതിലും കുടിശ്ശിക സ്റ്റേറ്റ്മെന്റ്, തയ്യാറാക്കിയതിലും പിശകുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെടുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടിജന്റ് പെൻഷൻകാർക്ക് മുൻപ് കുടിശ്ശിക നൽകിയതിന്റ രേഖകൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ഫാമിലി പെൻഷൻകാർ ഉൾപ്പെടെ 33 (15+18) കണ്ടിജന്റ് പെൻഷൻകാർക്ക് 04/2010 മുതൽ 03/2014 വരെയുള്ള കാലയളവിലെ കുടിശ്ശികയായി 41,23,806 രൂപ ചുവടെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 047320 / 12.03.2014 | 1374591 |
| 056062 / 03.04.2014 | 1374591 |
| 067703 / 03.06.2014 | 1374624 |
| **ആകെ** | **4123806** |

പെൻഷൻ പരിഷ്കരണ കുടിശ്ശിക നൽകുമ്പോൾ, ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ അടിസ്ഥാന പെൻഷന്റെ വ്യത്യാസം കണക്കാക്കി ആയതിന് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്തയും കൂടി കണക്കാക്കിയാണ് പെൻഷൻ കുടിശ്ശിക നൽകിയിട്ടുള്ളത്. ഇത്തരത്തിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിലെ പിഴവ് മൂലം ₹ 26,69,319 ( ഇരുപത്തിയാറ് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി മുന്നൂറ്റി പത്തൊൻപത് രൂപ) 32 പെൻഷൻകാർക്ക് അധികമായി നൽകുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പത്രിക- 1</u>

| ക്രമ നം. | പെൻഷൻകാരുടെ പേര് | നൽകിയ തുക | അർഹമായ തുക | അധികം നൽകിയത് | അധികമായി നൽകേണ്ടതുക |
|---|---|---|---|---|---|
| 1 | കൊച്ചുകുഞ്ഞ് കെ.കെ. | 147145 | 45931 | 101214 | -- |
| 2 | ഗോപിനാഥ പിള്ള | 99037 | 30258 | 68779 | -- |
| 3 | ജോർജ്ജ് സി.വി. | 147145 | 45931 | 101214 | -- |
| 4 | എം.സി.ഡേവിഡ് | 100297 | 30139 | 70158 | -- |
| 5 | എൻ. ചന്ദ്രൻ പിള്ള | 125227 | 27435 | 97792 | -- |
| 6 | അച്ചാമ്മ വർഗീസ് | 68068 | 36161 | 31907 | -- |
| 7 | ബൽക്കീസാമ്മ പി.ഐ. | 140965 | 26738 | 114227 | -- |
| 8 | ഏലിയാമ്മ വർഗീസ് | 47470 | 37225 | 10245 | -- |
| 9 | കുഞ്ഞമ്മ ജോസഫ് | 94258 | 30801 | 63457 | -- |
| 10 | വി.ജെ.ജോണി | 49138 | 37276 | 11862 | -- |
| 11 | രാമചന്ദ്രൻ പി.കെ. | 107803 | 29312 | 78491 | -- |
| 12 | പി.സി.മത്തായി | 147145 | 45931 | 101214 | -- |
| 13 | കുഞ്ഞൂഞ്ഞ് ഏലിയാമ്മ | 86683 | 31633 | 55050 | -- |
| 14 | കുഞ്ഞിപ്പെണ്ണ് | 65677 | 34468 | 31209 | -- |
| 15 | കൃഷ്ണ സ്വാമി സി.വി. | 49138 | 37276 | 11862 | -- |
| 16 | ഏലിയാമ്മ തോമസ് | 147145 | 45931 | 101214 | -- |
| 17 | അമ്മിണി മത്തായി | 147145 | 45931 | 101214 | -- |
| 18 | അന്നമ്മ ജോൺ | 147145 | 45931 | 101214 | -- |
| 19 | ആരിഫ ഉമ്മ | 147145 | 45931 | 101214 | -- |
| 20 | ജാനകി എൻ. | 147145 | 45931 | 101214 | -- |

| | | | | | |
|---|---|---|---|---|---|
| 21 | ജാനു കെ.കെ. | 147145 | 45931 | 101214 | -- |
| 22 | കമലാക്ഷിയമ്മ | 147145 | 45931 | 101214 | -- |
| 23 | മേരി ജോൺ | 147145 | 45931 | 101214 | -- |
| 24 | പാർവതിയമ്മ | 147145 | 45931 | 101214 | -- |
| 25 | രാജമ്മ എ. | 147145 | 45931 | 101214 | -- |
| 26 | ശോശാമ്മ ജോൺ | 147145 | 45931 | 101214 | -- |
| 27 | മേരി മാത്തുക്കുട്ടി | 147145 | 45931 | 101214 | -- |
| 28 | സുകമാരി സദാനന്ദൻ | 147145 | 45931 | 101214 | -- |
| 29 | ത്രേസ്യാമ്മ ജോസഫ് | 147145 | 45931 | 101214 | -- |
| 30 | വൈ. യേശുദാസ് | 147145 | 45931 | 101214 | -- |
| 31 | കുഞ്ഞമ്മ ജോസഫ് | 147145 | 45931 | 101214 | -- |
| 32 | കുഞ്ഞിപ്പെണ്ണ് | 147145 | 45931 | 101214 | -- |
| 33 | മറിയാമ്മ ജോൺ | 147145 | 235817 | 0 | 88672 |
| | **ആകെ** | **4123806** | **1543159** | **2669319** | **88672** |

അർഹമായതിലും അധികമായി നൽകിയ തുക പെൻഷൻകാരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പെൻഷനർ ശ്രീ. യോഹന്നാൻ അനിയൻ 31.12.2006-ൽ റിട്ടയർ ചെയ്തിട്ടുള്ളതും 14.04.2007ൽ മരണപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് ടിയാന്റെ ഭാര്യയായ ശ്രീമതി മറിയാമ്മ ജോണിന് ഫാമിലി പെൻഷൻ അനുവദിക്കുകയുണ്ടായി. നിലവിലുള്ള നിയമ പ്രകാരം കണ്ടിജന്റ് പെൻഷനർക്ക് 67 വയസ്സ് തികയുന്നതുവരെയോ മരണം നടന്ന തീയതി മുതൽ 7 വർഷം വരെയോ, ഏതാണോ ആദ്യം സംഭവിക്കുന്നത് അന്ന് വരെ ഉയർന്ന നിരക്കിൽ ഫാമിലി പെൻഷൻ അനുവദിക്കാവുന്നതാണ്. അപ്രകാരം 26.12.13 (12/13) വരെ 7182 രൂപ അടിസ്ഥാന പെൻഷൻ ലഭിക്കുന്നതിന് ശ്രീമതി മറിയാമ്മ ജോണിന് അർഹതയുണ്ട്. എന്നാൽ ഈ കാലയളവിൽ മിനിമം പെൻഷനായ 4500 രൂപ നിരക്കിൽ നൽകിയതുവഴി 88672 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

കൂടാതെ 24.4.2013-ലെ ജി.ഒ.(എം.എസ്.)നമ്പർ 160/2013/തസ്വഭവ ഉത്തരവ് പ്രകാരം പെൻഷൻ പരിഷ്കരിച്ചപ്പോൾ മിക്ക കണ്ടിജന്റ് പെൻഷൻകാർക്കും, അടിസ്ഥാന പെൻഷൻ നിർണ്ണയിച്ചപ്പോൾ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന മൊത്തം പെൻഷൻ തുകയേക്കാൾ കുറച്ചാണ് നൽകിയിരിക്കുന്നത്. പെൻഷൻ പരിഷ്കരണ ഉത്തരവ് ജി.ഒ.(എം.എസ്.) 160/2013/തസ്വഭവ, തീയതി 24.04.2013 പ്രകാരം പെൻഷൻ കണക്കാക്കുമ്പോൾ മിനിമം പെൻഷൻ 4500 രൂപയിൽ കുറവാണെങ്കിൽ 4500 രൂപയിൽ നിജപ്പെടുത്തേണ്ടതാണ്. ടി ഉത്തരവിലെ 3-2, 3-3 എന്നീ ഖണ്ഡികകളിൽ പരാമർശിക്കുന്ന പ്രകാരമുള്ള സഞ്ചിത പെൻഷൻ മിനിമം പെൻഷനേക്കാൾ കൂടുതലാണെങ്കിൽ ആയത് പരിഷ്കരിച്ച പെൻഷനായി കണക്കാക്കാവുന്നതാണ്. ഉത്തരവിലെ ഖണ്ഡിക 3-2 ന്റെ അടിസ്ഥാനത്തിലും ഖണ്ഡിക 3-5 ൽ സൂചിപ്പിച്ചിരിക്കുന്ന പട്ടിക 1-ന്റെ അടിസ്ഥാനത്തിലും പെൻഷൻ കണക്കാക്കുമ്പോൾ ഏതാണോ കൂടുതൽ തുക വരുന്നത് ആ തുകയാണ് നൽകേണ്ടിയിരുന്നത്. അപ്രകാരം നൽകേണ്ടതിന് പകരം പട്ടിക 1-ന്റെ അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കി നൽകിയപ്പോൾ ഉണ്ടായ പിശകുമൂലമാണ് പെൻഷനിൽ കുറവുണ്ടാകാൻ കാരണം. പെൻഷനിൽ കുറവ് സംഭവിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പത്രിക 2</u>

| ക്രമ നം. | പെൻഷൻകാരുടെ പേര് | അടിസ്ഥാന പെൻഷൻ അനുവദിക്കേണ്ടത് | അനുവദിച്ചത് | വ്യത്യാസം |
|---|---|---|---|---|
| 1 | ഗോപിനാഥ പിള്ള | 5499 | 4500 | 999 |
| 2 | എം.സി.ഡേവിഡ് | 5466 | 4500 | 966 |
| 3 | എൻ. ചന്ദ്രൻ പിള്ള | 4806 | 4500 | 306 |
| 4 | അച്ചാമ്മ വർഗീസ് | 6927 | 4845 | 2082 |
| 5 | ഏലിയാമ്മ വർഗീസ് | 7189 | 4684 | 2505 |
| 6 | കുഞ്ഞമ്മ ജോസഫ് | 5626 | 4500 | 1126 |
| 7 | വി.ജെ.ജോണി | 7208 | 4720 | 2488 |
| 8 | രാമചന്ദ്രൻ പി.കെ. | 5267 | 4500 | 767 |
| 9 | കുഞ്ഞൂഞ്ഞ് ഏലിയാമ്മ | 5827 | 4500 | 1327 |
| 10 | കുഞ്ഞിപ്പെണ്ണ് | 6515 | 4575 | 1940 |
| 11 | കൃഷ്ണ സ്വാമി സി.വി. | 7208 | 4720 | 2488 |
| 12 | മറിയാമ്മ ജോൺ | 12/13 വരെ 7182 01/14 വരെ | 4500 | 2682 |

| | | | | |
|---|---|---|---|---|
| | | 4500 | 4500 | 0 |

ഇക്കാര്യത്തിലുണ്ടായ വീഴ്ചയെന്തെന്ന് നഗരസഭ പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അധികമായി നൽകിയ പെൻഷൻ കുടിശ്ശിക ഈടാക്കുന്നതിനോടൊപ്പം പെൻഷനിൽ കുറവ് സംഭവിച്ച വ്യക്തികൾക്ക് പുതുക്കിയ നിരക്കിലുള്ള പെൻഷൻ നിർണ്ണയിച്ച് തുക നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കത്ത് നം. നം.കെ.എസ്.എ-റ്റി.എൽ.എം/റ്റി1/267/2017 തീയതി 23-10-2017).

# (3-3) <u>ശമ്പളനിർണ്ണയത്തിലെ അപാകത - അധികം തുക അനുവദിച്ചു</u>

നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ ശശി.റ്റി.ഡി യുടെ 01.07.14 ലെ ശമ്പളം 17.08.16 ലെ സ.ഉ(എം.എസ്)118/16/ത.സ്വ.ഭ.വ ഉത്തരവുപ്രകാരം 17000-37500 ശമ്പളസ്കെയിലിൽ 21650 രൂപയായി നിർണ്ണയിച്ചത് ശരിയാണ്. എന്നാൽ സേവനത്തിൽ 8 വർഷം പൂർത്തിയായതിന് ജി.ഒ.(എം.എസ്.)200/11/എൽ.എസ്.ജി.ഡി തീയതി 25.8.11ലെ വ്യവസ്ഥകൾ പ്രകാരം 16.01.2015 പ്രാബല്യത്തിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചത് പുതുക്കിയ ശമ്പളസ്കെയിലിൽ പരിഷ്കരിച്ചപ്പോൾ അടിസ്ഥാന ശമ്പളം 17500-39500 ശമ്പള സ്കെയിലിൽ 22,800 രൂപയായി നിജപ്പെടുത്തേണ്ടതിനു പകരം 23,400 രൂപയായി നിജപ്പെടുത്തിയത് തെറ്റാണ്. ഹയർ ഗ്രേഡ് അനുവദിച്ചതു മൂലമുള്ള ശമ്പള വർദ്ധനവ് 10/2016 മുതലാണ് ടിയാൾക്ക് നൽകിയിട്ടുള്ളത്. തെറ്റായ ശമ്പള നിർണ്ണയം മൂലം 10/2016 മുതൽ നാളിതുവരെ ശമ്പള ഇനത്തിൽ അധികം തുകയാണ് നൽകി വരുന്നത്. 22.4.17ലെ കെ.എസ്.എ.റ്റി.എൽ.എം.റ്റി3/66/17-ാം നമ്പർ കത്ത് പ്രകാരം വിവരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചെങ്കിലും അപാകത പരിഹരിച്ച് സേവനപുസ്തകം ഓഡിറ്റിൽ ഹാജരാക്കിയില്ല. 30.11.17ൽ ശശി റ്റി.ഡി സേവനത്തിൽ നിന്ന് വിരമിക്കുന്ന സാഹചര്യത്തിൽ സേവനപുസ്തകത്തിലെ അപാകത പരിഹരിച്ച ശേഷം 2016 ഒക്ടോബർ മുതൽ നാളിതുവരെ അധികം നൽകിയിട്ടുള്ള വരുന്ന തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | ഡ്യൂ | | | ഡ്രോൺ | | | ബാലൻസ് |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി എ | ആകെ | അടിസ്ഥാന ശമ്പളം | ഡി എ | ആകെ | |
| 10/16 | 23400 | 2106 | 25506 | 24000 | 2160 | 26160 | 654 |
| 11/16 | 23400 | 2106 | 25506 | 24000 | 2160 | 26160 | 654 |
| 12/16 | 23400 | 2106 | 25506 | 24000 | 2160 | 26160 | 654 |
| 01/17 | 24000 | 2880 | 26880 | 24600 | 2952 | 27552 | 672 |
| 02/17 | 24000 | 2880 | 26880 | 24600 | 2952 | 27552 | 672 |
| 03/17 | 24000 | 2880 | 26880 | 24600 | 2952 | 27552 | 672 |
| ELS | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 04/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 05/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 06/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 07/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 08/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 09/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| 10/17 | 24000 | 3360 | 27360 | 24600 | 3444 | 28044 | 684 |
| ആകെ | | | | | | | 9450 |

# (3-4) <u>സ്വിമ്മിംഗ് പൂൾ - ചുറ്റുമതിൽ, റൂഫ് നിർമ്മാണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തി</u>

| ക്രമ നം. | വർഷം, ഡി.പി.സി. അംഗീകാരം നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1. | 2014-15<br><br>(RO2/855/2014/DPC/DPO,PTA dt. 16.3.15) | 367/14-15 | 14,90,000 | - |
| 2. | 2015-16 | 222/15-16 | 14,90,000 | - |
| | (RO2/745/15/DPC/DPO/2.7.15) | 314/15-16 | 15,00,000 | - |
| 3. | 2016-17 | 33/17 | 14,90,000 | 14,75,588 |
| | | | | |

| | | | | |
|---|---|---|---|---|
| | (RO2-1011/2016/DPC/DPO/PTA/27.3.17) | 43/17 | 15,00,000 | 14,75,588 |

ചെലവ്

| | |
|---|---|
| ബിൽ നം. ഇ1/സി.എഫ്.സി/67/16-17/31.3.17 | 14,75,588 |
| ബിൽ നം. 57/ഇ1/സി.എഫ്.സി/32/16-17/27.3.17 | 14,75,588 |

| നിർവ്വഹണം | ഗുണഭോക്തൃ സമിതി |
|---|---|
| കൺവീനർ | റെൺജി കെ.ജേക്കബ്, നെല്ലാട്ട് കണ്ടത്തിൽ, ഇരവിപേരൂർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

2014-15 വർഷം നഗരസഭയുടെ സ്വിമ്മിംഗ് പൂളിന് ചുറ്റമതിൽ, റൂഫ് നിർമ്മാണം എന്നിവയ്ക്കായി 367/15 നമ്പരായി 14,90,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്റ്റിന് (25.2.15ലെ 4(2)-ാം നമ്പർ തീരുമാനമായി ഭരണാനുമതിയും 367/R/EE/Pta/TVLA/14-15, തീയതി 12.3.15 നമ്പരായി സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവ്വഹണം നടത്തുവാൻ അംഗീകാരം വാങ്ങിയ ടി പ്രവൃത്തിയ്ക്കായി കൺവീനർ 271/24-15, തീയതി 21.3.15 നമ്പരായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടുവെങ്കിലും യാതൊരു പ്രവർത്തനങ്ങളും ആ വർഷം നടന്നിട്ടില്ല.

തുടർന്ന് 2015-16 വർഷം പ്രവൃത്തി സ്പിൽ ഓവറായി അംഗീകാരം വാങ്ങുകയും റൂഫിംഗും അനുബന്ധ പ്രവൃത്തികളും എന്ന പേരിൽ മറ്റൊരു പ്രോജക്റ്റ് കൂടി തയ്യാറാക്കി ഭരണാനുമതി (1/10.6.15), സാങ്കേതികാനുമതി (314/15-16/EE/Tvla/1.7.15) എന്നിവയും ലഭ്യമാക്കുകയുണ്ടായി. പ്രവൃത്തികൾ എം.ബുക്ക് പ്രകാരം 2015-16 (13.11.15 മുതൽ) വർഷം തുടങ്ങിയെങ്കിലും ചെലവ് തുക നൽകിയില്ല. 2016-17 വർഷം രണ്ടു പ്രോജക്റ്റുകളും സ്പിൽ ഓവർ ആക്കുകയും കൺവീനർക്ക് മേൽ ബില്ലുകൾ പ്രകാരം തുക നൽകുകയും ചെയ്തു. (SO33/17, SO43/17).

ടി പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ്, ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയത്, എം.ബുക്ക്, ബില്ലുകൾ, ചെലവ് വൗച്ചറുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല

രണ്ടു പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.2.2014-ലെ ഡിബി3/6512/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സി.പി.ഡബ്ല്യൂ.ഡി. & MORTH, MORD (PMGSY) സ്പെസിഫിക്കേഷനുകൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രാവർത്തികമാക്കുന്നുവെന്നും സ്പെസിഫിക്കേഷൻ, റേറ്റ് അനാലിസിസ് എന്നിവ വെബ്സൈറ്റിൽ ലഭ്യമാണെന്നും 2014-15 വർഷത്തെ എസ്റ്റിമേറ്റുകൾ മാനവലായി തയ്യാറാക്കണമെന്നും DAR-ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് നിരക്ക് ആവശ്യമായി വരുന്ന പക്ഷം observed data തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് 6.3.14-ലെ DB3/753/12CE/LSGD നമ്പർ സർക്കുലറിൽ 2014-15 വർഷത്തെ പദ്ധതി പ്രവൃത്തികൾക്കുള്ള ഡി.പി.സി. അംഗീകാരം ലഭിക്കുന്നതിലേക്ക് എസ്റ്റിമേറ്റ് 2012 ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കി 15% വരെ അധിക തുകയ്ക്ക് അംഗീകാരം വാങ്ങാവുന്നതാണെന്നും, എന്നാൽ സാങ്കേതികാനുമതി വാങ്ങുന്നതിന് CPWD, MORTH, MORD ഡേറ്റാ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നുള്ള നിർദ്ദേശം നൽകി. ടി രണ്ട് ഉത്തരവുകൾക്കും വിരുദ്ധമായിട്ടാണ് പി.ഡബ്ല്യൂ.ഡി. നിരക്കുപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ളത്. പൊതുമരാമത്ത് (എച്ച്) വകുപ്പിന്റെ 17.04.13-ലെ ജി.ഒ.(പി) 36/13/പി.ഡബ്ല്യൂ.ഡി. ഉത്തരവനുസരിച്ച് സി.പി.ഡബ്ല്യൂ.ഡി. ഡാറ്റാ & SOR 01.10.13 മുതൽ പ്രാബല്യത്തിലാക്കിയത് 2015-16 മുതൽ നഗരസഭയിലും നടപ്പിലാക്കിയിട്ടുണ്ട്. ടി രണ്ടു പ്രോജക്റ്റിന്റെ എസ്റ്റിമേറ്റുകൾക്കും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.2.14, 6.3.14 എന്നീ തീയതികളിലെ സർക്കുലർ പ്രാബല്യത്തിൽ വന്നതിനു ശേഷം തയ്യാറാക്കിയതാകയാൽ പി.ഡബ്ല്യൂ.ഡി. നിരക്കുകൾ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാകിയതിനെ അംഗീകരിക്കാനാവില്ല. ഇക്കാരണങ്ങളാൽ തന്നെ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയും (എൻക്വയറി നം. 33/31.8.17) അംഗീകരിക്കുന്നില്ല. ടി രണ്ട് ഉത്തരവുകളും പ്രാബല്യത്തിലായതിനു ശേഷം പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ ഉപയോഗിക്കുന്നതിന് അനുമതിയില്ലാത്തതിനാൽ സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണ് ഇത്തരം ഒരു എസ്റ്റിമേറ്റിന് അനുമതി നൽകുകയും നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത്.

2) കരാർ ഉടമ്പടി വച്ചതിനു ശേഷം എസ്റ്റിമേറ്റിൽ മാറ്റം വരുത്തി

271/14-15, തീയതി 21.3.15 നമ്പരായി 2014-15 വർഷം കരാർ ചമച്ച പ്രവൃത്തിയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 2015-16 വർഷം സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുണ്ട്.

സ്വിമ്മിംഗ് പൂളിന് ചുറ്റും മരങ്ങൾ വളർന്ന് പന്തലിച്ചു നിൽക്കുന്നതിനാൽ ചെറിയ കാറ്റടിച്ചാൽ പോലും ഇലകൾ വന്ന് വീണ് വെള്ളം മലിനമാകും. ആയതിനാൽ സ്വിമ്മിംഗ് പൂൾ മുഴുവനായി കവർ ചെയ്തുകൊണ്ട് റൂഫ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് കൺവീനറുടെ തീയതി രേഖപ്പെടുത്താത്ത കത്തിൽ ആവശ്യപ്പെട്ടിരുന്നു. നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം ജോലി ചെയ്യുവാൻ കഴിയുകയില്ല എന്ന് കമ്മിറ്റി അംഗങ്ങളും പൊതുജനങ്ങളും അറിയിച്ചിട്ടുണ്ട് എന്നും കത്തിൽ പറയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതെ പ്രവൃത്തിയിനങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. സ്പോർട്സ് യുവജനകാര്യ വകുപ്പ് നഗരസഭ വക സ്ഥലത്തു നിർമ്മിച്ചു നൽകിയ സ്വിമ്മിംഗ് പൂളിന്റെ പരിസരങ്ങൾ പരിശോധിച്ചതിനു ശേഷമല്ല എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്.

(3) പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയതിലെ പിഴവ് മൂലം നഗരസഭാ ഫണ്ടിന് 8.78 ലക്ഷം രൂപയുടെ നഷ്ടം

2014-15, 2015-16 വർഷങ്ങളിൽ പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയത് പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ നിരക്കുപയോഗിച്ചാണ്. ഡി.എസ്.ആർ. പ്രാബല്യത്തിൽ വന്നതിനു ശേഷം പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ ഉപയോഗിക്കുവാൻ അനുമതിയില്ലാത്തതിനാലും 2016-

17 വർഷത്തെ പ്രൈസ് സോഫ്റ്റ്‌വെയറിൽ ടി പ്രവൃത്തിയുടെ ഒബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കിയതുമായി പരിശോധിച്ചതിലും ഡാറ്റാ തയ്യാറാക്കിയതിൽ പിഴവ് വന്നിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യമാകുന്നുണ്ട്. പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ 2012-ൽ 4 എം.എം. പോളി കാർബണേറ്റ് ഷീറ്റിന്റെ വില 4347/എം$^2$ എന്നാണ്.

2012 പി.ഡബ്ല്യൂ.ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ടിയിനത്തിന് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റാ താഴെ കൊടുക്കുന്നു. (ഇതിൽ റൂഫിംഗ് ചെയ്യുന്നതിനാവശ്യമായ എല്ലാ പ്രവൃത്തിയിനങ്ങളും ഉൾക്കൊള്ളിച്ചിരുന്നില്ല)

| | |
|---|---|
| 10 എം$^2$ പോളി കാർബണേറ്റ് ഷീറ്റ് @ 4347/ എം$^2$ | 43470.00 |
| 2% wastage | 869.90 |
| Labour | |
| 1.80 Carpenter @ 500 | 900.00 |
| 1.80 man @ 377 | 675.00 |
| LS | 50.00 |
| ആകെ | 45,968.00 |
| 1 എം$^2$ – 4596.8/ എം$^2$ | |

2015-16 വർഷം 'പ്രൈസ്' സോഫ്റ്റ്‌വെയറിൽ പോളി കാർബണേറ്റ് ഷീറ്റിന്റെ മാർക്കറ്റ് വില 450/എം$^2$ മാത്രമാണ്. എൽ.എം.ആർ. നിരക്കിൽ പത്തനംതിട്ട - തിരുവല്ലയ്ക്ക് അംഗീകൃത നിരക്കായി 1800/എം$^2$ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി. നിരക്കുകൾ ഉപയോഗിച്ച് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കുമ്പോൾ നൽകിയിട്ടുള്ള നിരക്കുകൾ യഥാർത്ഥത്തിൽ പ്രാബല്യത്തിലുള്ളവ തന്നെയാണോ എന്ന് പരിശോധിക്കുവാൻ ഡാറ്റാ തയ്യാറാക്കുന്ന ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കെ.എഫ്.സി. വോള്യം 1, ആർട്ടിക്കിൾ 40(ബി) പ്രകാരം പൊതുപണം കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഈ പ്രോജക്ട് നിർവ്വഹണത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടുള്ളതായും കാണുന്നില്ല. ഡി.എസ്.ആർ. നിരക്കുകളോ പ്രാദേശിക നിരക്കുകളോ പരിശോധിക്കാതെ പി.ഡബ്ല്യൂ.ഡി. നിരക്കുകൾ ഉപയോഗിച്ച് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയതിലെ പിഴവ് മൂലം നഗരസഭാ ഫണ്ടിന് 8,78,232 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് നൽകിയ നിരക്കും യഥാർത്ഥത്തിൽ തയ്യാറാക്കേണ്ടിയിരുന്ന ഡാറ്റായും ചുവടെ ചേർക്കുന്നു.

'പ്രൈസ്' സോഫ്റ്റ്‌വെയർ പ്രകാരം പോളി കാർബണേറ്റ് ഷീറ്റിന് നൽകാമായിരുന്ന നിരക്ക് ചുവടെ കൊടുക്കുന്നു.

'പ്രൈസ്' സോഫ്റ്റ്‌വെയറിൽ പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് ഷീറ്റിന്റെ വില മാർക്കറ്റ് റേറ്റ് ഓഫ് മെറ്റീരിയൽ - അപ്പ്രൂവ്ഡ് എന്ന ഹെഡിൽ MR – 25ന് 450/എം$^2$ – LMR - പത്തനംതിട്ട - തിരുവല്ല MR-25ന് 1800/ എം$^2$ എന്നിങ്ങനെയാണ് നൽകിയിട്ടുള്ള നിരക്ക്. LMR - പത്തനംതിട്ട - തിരുവല്ല MR – 25 1800/എം$^2$ എന്ന നിരക്ക് നൽകി. നൽകാമായിരുന്ന നിരക്ക് ചുവടെ കൊടുക്കുന്നു.

ഡാറ്റാ

50.12.2.2

| | | |
|---|---|---|
| 1) | പോളി കാർബണേറ്റ് മൾട്ടി വാൾ ഷീറ്റ് 4<br>എം.എം. കനം 193.75 എം$^2$ @ 1800/ എം$^2$ | 348750.00 |
| 2) | Sundries<br>Carriage of sheet 104 @ 1.73 | 179.92 |
| | Self drilling / self tapping screw 40 @ 1.73 | 69.20 |
| | 2611 – EPDM – Gasket in Kg above<br>60 gm 8.4 Kg @ 150 | 1260.00 |
| | 9999 – Sundries LS 53.82 @ 1.73 | 93.16 |
| | 0130 Mistry 1.3 day @ 487 | 633.10 |
| | 0112 Carpenter 2$^{nd}$ Class 15.5 day @ 448 | 6,944.00 |
| | 0114 Belder 15.5 day @ 368 | 5,704.00 |
| | | 363633.37 |
| | 1% water charges | 3636.33 |
| | | 367269.70 |
| | 1 എം$^2$ | 367269.70<br>---------------<br>= 1990.42/ എം$^2$ |
| | + Cost index 1.4095 | 33.03 |
| | | 2023.45 |

| | | |
|---|---|---|
| | 1 എം$^2$ – 14883.3<br>----------------<br>184.518<br>= 80.66<br>80.66 x 40.95% = 33.03 | |
| | ചെയ്ത അളവ് | 137.46 എം$^2$ |
| | അർഹതപ്പെട്ട പ്രതിഫലം | 137.46x2023.45/ എം$^2$<br>= 278143.49 |
| | അധികമായി നൽകിയത് | 6,31,876.12 – 278144<br>= 353733 |

| | |
|---|---|
| 2. പ്രോജക്ട് നമ്പർ | SO 43/17 |
| അടങ്കൽ | 15,00,000 |
| എം.ബുക്ക് നമ്പർ | 281/14-15 |
| എഗ്രിമെന്റ് നമ്പർ | 281/14-15 / 28.3.15 |
| സാങ്കേതികാനുമതി | 1714/14-15/13.3.15 |
| ചെയ്ത അളവ് | 203.82 എം$^2$ |
| നൽകിയ തുക | 203.82 എം$^2$ @ 4596.80/എം$^2$ = 9,36,919 |
| അർഹത | 203.82 എം$^2$ @ 2023.45/ എം$^2$ = 412419.57 |
| അധികമായി നൽകിയത് | 524499 |

ആകെ അധികം നൽകിയത് – 8,78,232 രൂപ

8,78,232 രൂപയുടെ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ, സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

4. <u>പ്രവൃത്തിമൂല്യം കണക്കാക്കിയതിൽ പിഴവ്</u>

കൺവീനർ മുഖേന നടപ്പിലാക്കിയ പ്രവൃത്തിയുടെ പ്രവൃത്തിമൂല്യം (പ്രോജക്ട് നം. 33/17) എം.ബുക്കിൽ താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1) | പ്രവൃത്തിമൂല്യം (എം.ബുക്ക് 281/14-15) | 14,09,811.98 |
| | + സർവീസ് ചാർജ് 6% | 84,589.00 |
| | | 14,94,401.00 |
| | (-) 5% VAT | 74,720.00 |
| | 1% ആദായ നികുതി | 14,944.00 |
| | ക്ഷേമനിധി 1% | 14,944.00 |
| | | 13,89,793.00 |
| | ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുക | 14,75,888 |

| | | |
|---|---|---|
| 2) | പ്രോജക്ട് നമ്പർ | 33/17 |
| | എം.ബുക്ക് നമ്പർ | 271/14-15 |
| | പ്രവൃത്തിമൂല്യം | 13,92,063.61 |
| | +5% VAT | 69,603.00 |
| | ക്ഷേമനിധി 1% | 13,921.00 |
| | | 14,75,587.00 |
| | ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുക | 14,75,888.00 |
| | അധികം പിൻവലിച്ചത് | 301.00 |

ഇപ്രകാരം ഒരേ കൺവീനർക്ക് ഒരു പ്രവൃത്തിക്കുവേണ്ടി തയ്യാറാക്കിയ രണ്ടു പ്രോജക്ടുകളിൽ രണ്ടു രീതിയിൽ പ്രതിഫലം കണക്കാക്കി നിശ്ചയിച്ചിരിക്കുന്നു. ഒരു ബില്ലിൽ പ്രവൃത്തി മൂല്യത്തിൽ നിന്ന് നികുതികൾ കുറയ്ക്കുകയും മറ്റൊരെണ്ണത്തിന് നികുതികൾ കൂട്ടുകയും ചെയ്താണ് പ്രവൃത്തിമൂല്യം

കണക്കാക്കിയിരിക്കുന്നത്.

(5) <u>കൺവീനർ ഹാജരാക്കിയ ചെലവ് കണക്കുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല</u>

| | | |
|---|---|---|
| (1) | പ്രോജക്ട് നം. 43/17 | |
| | പ്രവൃത്തിമൂല്യം | 14,09,811 |
| | <u>ഹാജരാക്കിയ വൗച്ചറുകൾ</u> | |
| 1. | അണ്ടത്തോടത്ത് ഹാർഡ്വെയേഴ്സ്<br>ബിൽ നം. 2107/1.1.16 (സിമന്റ്) | 49,500 |
| 2. | 55/8.4.16 (സിമന്റ്) | 3,300 |
| 3. | 1477/26.11.16 (ഷീറ്റ് വില) | 9,90,600 |
| 4. | 40 എം$^3$ മണൽ (പേപ്പർ രസീതുകൾ) | 1,00,800 |
| 5. | 30 എം$^3$ റബിൾ, 45 എം$^3$ – 40 എം.എം. (പേപ്പർ രസീതുകൾ) | 44,800 |
| 6. | 250 എം$^3$ മണ്ണ് | 2,25,000 |
| | M/R | 43,800<br>75,200<br>79,500<br>24,000 |
| | | 16,86,500 |

ഹാജരാക്കിയ രേഖകൾ പ്രകാരം 1290560 രൂപയാണ് ചെലവ്.

| | | | |
|---|---|---|---|
| (1) | പ്രോജക്ട് നം. 33/17 | | |
| | എം.ബുക്ക് നമ്പർ | 271/14-15 | |
| | പ്രവൃത്തിമൂല്യം | 13292063 | |
| | <u>ഹാജരാക്കിയ വൗച്ചറുകൾ</u> | | |
| | 1) അണ്ടത്തോടത്ത് ഹാർഡ്വെയേഴ്സ്<br>ബിൽ നം. 1280/2.11.15 | 4,42,060 | 10,86,860 |
| | 80 എം.എം. x 40 എം.എം.<br>50 എം.എം. x 25 എം.എം.<br>25 എം.എം. x 25 എം.എം.<br>Poly carbonate sheet 4600/ എം$^2$ – 140 എം$^2$ | 6,44,000 | |
| | 2) അണ്ടത്തോടത്ത് ഹാർഡ്വെയേഴ്സ്<br>1309/19.11.15 (സിമന്റ്) | 22,550 | |
| | 3) 4 എം$^3$ – 40 എം.എം. (പേപ്പർ രസീതുകൾ)<br>6 എം$^3$ - 20 എം.എം.<br>4 എം$^3$ - മണൽ | 25,600 | |
| | 4) M/R | 98,900 | |
| | | 9,150 | |
| | | 47,500 | |
| | | 12,90,560 | |

കൺവീനർ ഹാജരാക്കിയ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ ചെലവായ തുകയോ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ അനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഏതാണോ കുറവ് അതാണ് ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടത്. എന്നാൽ കൺവീനർ ഹാജരാക്കിയ വൗച്ചറുകൾ പരിശോധിച്ചതിനു ശേഷമല്ല തുക നൽകിയിരിക്കുന്നത്. ഒരു പ്രോജക്ടിൽ ചെലവ് തുക കുറവും മറ്റൊന്നിൽ വളരെ കൂടുതലുമാണ്.


അണ്ടത്തോടത്ത് ഏജൻസീസിൽ നിന്നും വാങ്ങിയ പോളി കാർബണേറ്റ് ഷീറ്റിന് 4600/എം$^2$ , 4800/എം$^2$ എന്നീ നിരക്കിലാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഇപ്പോഴത്തെ മാർക്കറ്റ് നിരക്കിലും അധികമായ വിലയിട്ട് ഹാജരാക്കിയ ബിൽ/വൗച്ചറുകളുടെ ആധികാരികത സംബന്ധിച്ച് വാണിജ്യ നികുതി വകുപ്പിന്

കത്ത് നൽകിയതിൽ 'അണ്ടത്തോത്ത് ഹാർഡ്‌വെയേഴ്സ്', കമ്പനാട് എന്ന പേരിൽ ഒരു സ്ഥാപനമില്ലെന്നും, 'അണ്ടത്തോത്ത് ഏജൻസീസ്' എന്ന പേരിൽ ഒരു സ്ഥാപനം കമ്പനാടിന് സമീപം മുട്ടമൺ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ടെന്നും, ടി ബില്ലുകൾ ടി സ്ഥാപനത്തിൽ നിന്നും നൽകിയതല്ല എന്നും പരിശോധനയിൽ ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. കൂടാതെ ബില്ലുകളിൽ TIN രേഖപ്പെടുത്തേണ്ടത് അനിവാര്യവും നിർബന്ധിതവുമാണെങ്കിലും ഹാജരാക്കിയ ബില്ലുകളിൽ TIN രേഖപ്പെടുത്തിയിട്ടില്ല എന്നും സിമന്റ്, പോളി കാർബണേറ്റ് ഷീറ്റ് എന്നിവയ്ക്ക് വാറ്റ് 5 ശതമാനത്തിനു പകരം 14.5 ശതമാനമാണ് ഈടാക്കേണ്ടിയിരുന്നതെന്നും, ആയതിനാൽ തന്നെ ഹാജരാക്കിയ ബില്ലുകൾ കെട്ടിച്ചമച്ചതും, യഥാർത്ഥത്തിലുള്ള സ്ഥാപനത്തിൽനിന്നും നൽകിയതല്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. (PIS-11/17-18, തീയതി 8.11.17 - സ്റ്റേറ്റ് ടാക്സ് ഓഫീസർ (ഇന്റലിജൻസ്), എസ്.ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ്, സ്ക്വാഡ് നം.2, തിരുവല്ല) ഇതിൽ നിന്നും കൺവീനർ ഹാജരാക്കിയ വൗച്ചറുകളും കണക്കുകളും കെട്ടിച്ചമച്ചതാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വൗച്ചറുകൾ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്).

(6) ആദ്യ പ്രോജക്ടിന്റെ പൂർത്തീകരണ കാലാവധി 9/2015 വരെയും രണ്ടാം പ്രവൃത്തിയുടേ പൂർത്തീകരണ കാലാവധി 3/2016 വരെയുമായിരുന്നു. എന്നാൽ പ്രോജക്ടുകളുടെ പൂർത്തീകരണ കാലാവധി കരാറിലോ അനുബന്ധ രേഖകളിലോ രേഖപ്പെടുത്തിയിട്ടില്ല. (രണ്ടു പ്രോജക്ടുകളുടെയും പൂർത്തീകരണ കാലാവധി 10.3.17 വരെ നീട്ടി നൽകണമെന്ന തീയതി രേഖപ്പെടുത്താത്ത കൺവീനറുടെ കത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കെ.പി.ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള പൂർത്തീകരണമാകാത്തതിന് കരാർ കാലാവധി തീരുന്നതിനു മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. കരാറുകാരന്റേതായ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. എന്നാൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ പ്രവൃത്തി പൂർത്തീകരണത്തിന് മാർച്ച് 2017 വരെ സമയം നീട്ടി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(7) ആദ്യ പ്രോജക്ടിന് എഗ്രിമെന്റ് വച്ചതിനു ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് 02.03.2017-നാണ് ചമച്ചിട്ടുള്ളത്.

നീന്തൽക്കുളം ഓഡിറ്റ് സംഘം നേരിട്ട് പരിശോധിച്ചതിൽ 30 ലക്ഷത്തോളം രൂപ ചെലവഴിച്ച കുളം നിലവിൽ ഉപയോഗശൂന്യമായി കാടുപിടിച്ച് നാശോന്മുഖമായി കിടക്കുന്ന കാഴ്ചയാണ് കണ്ടത്. മൂന്നിലൊന്നു ഭാഗം മാത്രമാണ് റൂഫിംഗ് ചെയ്തിട്ടുള്ളത്. ബാക്കി ഭാഗം ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട്. ട്രസ്സ് വർക്കും മഴയും വെയിലുമേറ്റ് തുരുമ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇലകൾ വീണ് മലിനമായി ഉപയോഗശൂന്യമായ രീതിയിലാണ് നീന്തൽക്കുളത്തിലെ വെള്ളം. യാർഡുകൾ മണ്ണിട്ട് ഉയർത്തിയതുൾപ്പെടെയുള്ള സ്ഥലം നിലവിൽ കാടുകയറി വൃത്തിഹീനമായ അവസ്ഥയിലാണ്.



ലക്ഷ്യപ്രാപ്തിയിലെത്താത്ത നീന്തൽക്കുളം

സ്പോർട്സ് യുവജനകാര്യ വകുപ്പിൽ നിന്നും ലഭിച്ച 50 ലക്ഷം രൂപയുപയോഗിച്ച് നിർമ്മിച്ച നീന്തൽക്കുളത്തിന് ചുറ്റുമതിലും റൂഫും യാർഡും മറ്റ് സൗകര്യങ്ങളും ഭാഗികമായി ഒരുക്കിയതിന് 30 ലക്ഷം രൂപ ചെലവഴിച്ചത് ഫലത്തിൽ പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവവും പ്രവൃത്തി നിർവഹണത്തിന്റെ ഫലപ്രാപ്തിയെ ബാധിച്ചിട്ടുണ്ട്.

പ്രോജക്ടുകളുടെ നിർവഹണത്തിലെ അപാകതകളിന്മേൽ ഉന്നതതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. നിരാകരിച്ച 8,78,232 രൂപ കിഴിച്ച് 20,72,944 രൂപയുടെ ചെലവ് മേൽ സൂചിപ്പിച്ച അപാകതകൾ കാരണം തടസ്സപ്പെടുത്തുന്നു.

# (3-5) കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ല

താഴെപ്പറയുന്ന പ്രോജക്ടുകളിൽ സാധാരണ മണ്ണ് കിളച്ചു മാറ്റിയതിന് പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ മണ്ണിന്റെ ഉപയോഗം സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(1) <u>മുനിസിപ്പൽ പാർക്കിന് മതിൽ നിർമ്മാണം</u>

| | |
|---|---|
| പ്രോജക്ട് നം. | 200/16-17 |
| അടങ്കൽ | 4,95,000 |
| ചെലവ് | 4,93,808 |
| ബിൽ നമ്പർ | ഇ1/സി.എഫ്.സി.71/16, തീയതി 31.3.17 |
| ഫയൽ നം. | ഇ2-6234/17 |
| ഭരണാനുമതി | 20.2.17 - 1 |
| സാങ്കേതികാനുമതി | 86778/16-17 തീയതി 16.3.17 |
| ഡി.പി.സി. | 745/DPO/DPC/PTA/6.2.17 |
| കരാറുകാരൻ | നന്ദകുമാർ, പ്ലാമ്പറമ്പിൽ |
| പ്രവൃത്തിമൂല്യം | 4,93,808 |
| എം.ബുക്ക് | 102/16-17 |

പ്രവൃത്തിയുടെ ഒന്നാം ഇനമായി (71x1x0.6=42.60 എം$^3$) സാധാരണ മണ്ണ് കിളച്ച് മാറ്റിയതിന് 211.94/എം$^3$ നിരക്കിൽ 42.60 എം$^3$-ന് 9028.64 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഏഴാം ഇനമായി '*filling with contractor's own earth in open areas, layers not exceeding 20 cm in depth, consolidating each deposited layer by ramming and watering lead upto 30 m and lift upto 1.5 m as per direction* 155.977 എം$^3$ ചെയ്യതിന് 274.73/ എം$^3$ നിരക്കിൽ 42,851.56 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഒന്നാം ഇനമായി 42.60 എം$^3$ മണ്ണ് കിളച്ചെടുത്തത് ഉപയോഗിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല. ടി മണ്ണ് ഏഴാം ഇനത്തിൽ ചെയ്ത അളവിൽ നിന്നും കുറവ് ചെയ്യാതെയാണ് കരാറുകാരന് പ്രതിഫലം നൽകിയിട്ടുള്ളത്. ആയതിനാൽ 113.377 എം$^3$ മണ്ണിന് 274.73 രൂപ നിരക്കിൽ 31,148.06 രൂപ മാത്രം കരാറുകാരന് നൽകിയാൽ മതിയായിരുന്നു. അധികമായി നൽകിയ (42851.56-31148.06) 11,703 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(2) മുണ്ടത്തുഭാഗം - സൺഡേ സ്കൂൾ മുണ്ടപ്പള്ളിത്തറ റോഡ് കോൺക്രീറ്റ് - പാർശ്വഭിത്തി നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 27/17 |
| അടങ്കൽ (വികസന ഫണ്ട് + സി.എച്ച്.സി.) | 4,99,000 |
| ചെലവ് (എം.ബുക്ക് പ്രകാരം) | 1,94,395/-<br>3,00,000/- |
| ബിൽ നമ്പർ | E1-PF/7/16-17 - 198117<br>E1-CFC/11/16-17/25.2.17 |
| എം.ബുക്ക് | 213/15-16 |
| കരാറുകാരൻ | സുരേഷ് തോമസ് (എസ്റ്റിമേറ്റ് റേറ്റ്) |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇനം (1) ആയി 31.02 എം$^3$ മണ്ണ് കിളച്ച് മാറ്റിയതിന് 222/ എം$^3$ നിരക്കിൽ 6886.44 രൂപയും ഇനം (7) ആയി 'filling with contractor's own earth in open areas, layers not exceeding 20 cm in depth, consolidating each deposited layer by ramming and watering lead upto 30 m and lift upto 1.5 m as per direction 10.92 എം$^3$ ചെയ്യതിന് 1208.49/എം$^3$ നിരക്കിൽ 13,196.91 രൂപയും നൽകിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് നികത്താനായി ഉപയോഗിക്കുകയോ, മണ്ണിന്റെ ഉപയോഗമോ എം.ബുക്കിൽ എഴുതിയിട്ടില്ല. ആയതിനാൽ 13,197 രൂപ തിരികെ ഈടാക്കേണ്ടതാണ്.

(3) യമുനാനഗർ റോഡ് സൈഡ് കെട്ടി കോൺക്രീറ്റിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 58/17 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,00,000 |
| ചെലവ് തുക | 2,95,819/- E1-CFC/3/16-17/30.9.16 |
| എം.ബുക്ക് നമ്പർ | 140/15-16 |
| ഫയൽ നമ്പർ | ഇ3-19609/15 |
| കരാറുകാരൻ | ഇ.എ.ഐസക്ക് (എസ്റ്റിമേറ്റ് റേറ്റ്) |
| കരാർ ഉടമ്പടി | 140/15-16/9.12.15 |
| പൂർത്തീകരണ കാലാവധി | 8.3.16 |
| പൂർത്തിയാക്കിയ തീയതി | 25.5.16 |

ഇനം 4 Earth work excavation - 16.48 എം$^3$ @ 222 = 3658.56

ഇനം 6 Filling with contractor's own earth - 12.34 എം$^3$ @ 1208.49 = 14912.77

ഇനം 4 പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിലും ഇതിന്റെ ഉപയോഗം സംബന്ധിച്ച് പരാമർശമില്ല. 16.48 എം$^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ ഇനം 6 പ്രകാരമുള്ള മണ്ണ് ഫില്ലിംഗിൽ 14912.77 രൂപയുടെ ചെലവ് ഒഴിവാക്കാമായിരുന്നു. ടി മണ്ണ് ഉപയോഗിക്കാതിരുന്നതിനെ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 34/29.8.17) ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. ഫില്ലിംഗിനായി ചെലവഴിച്ച 14,913/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# (3-6) അജൈവ മാലിന്യ സംസ്കരണ മെറ്റീരിയൽ റിക്കവറി സെന്റർ - ഇ-ടെണ്ടർ ഒഴിവാക്കുന്നതിന് ഒരു

# പ്രവൃത്തിക്കുവേണ്ടി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി

| പ്രോജക്റ്റ് നമ്പർ | S 319/17 - (അജൈവ മാലിന്യ സംസ്കരണ മെറ്റീരിയൽ റിക്കവറി സെന്റർ) | 320/17 (പ്ലാസ്റ്റിക് സെഗ്രിഗേഷൻ യൂണിറ്റ്) |
|---|---|---|
| അടങ്കൽ | 4,99,000 | 4,96,000 |
| എം.ബുക്ക് നമ്പർ | 130/16 | 134/16-17 |
| കൺവീനർ | ശ്രീ. മോഹനൻ സി.ജി. | ശ്രീ. മോഹനൻ സി.ജി. |
| ബിൽ നമ്പർ<br>(2017-18-ൽ ചെലവ്) | E1/CFC/24/17-18 – 30.06.17<br>4,99,995/ - | E1-CFC/68/16-17/31.3.17<br>4,96,000/- |

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഒരു ഷെഡ് നിർമ്മിക്കുന്നതിന് രണ്ടു പദ്ധതികൾ ആവിഷ്കരിച്ചു. ഒരു ഷെഡ് നിർമ്മിക്കുന്നതിനായി പ്രോജക്ടിനെ രണ്ടാക്കി മുറിച്ച് ആസൂത്രണം ചെയ്തതിന്റെ ഉദ്ദേശ്യശുദ്ധി വ്യക്തമല്ല. രണ്ടു പ്രോജക്ടുകളിലും ഒരേ ഇനം പ്രവൃത്തികൾ അളവിൽ ചെറിയ വ്യത്യാസപ്പെടുത്തൽ മാത്രം വരുത്തി നടപ്പിലാക്കിയിരിക്കുകയാണ്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.) 4/2016, തസ്വഭവ, തീയതി 11.1.16] നിർമ്മാണ പ്രവൃത്തികൾക്കായുള്ള പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ 5 ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും ഈ-ടെൻഡർ മുഖേന മാത്രമേ നിർവ്വഹണം നടത്താവൂ എന്ന് കർശന നിർദ്ദേശം നൽകിയിരുന്നു. ടി സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി 9.95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഒരു ഷെഡ് നിർമ്മിക്കുന്നതിനായുള്ള പ്രോജക്ടിനെ, 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള രണ്ട് പ്രോജക്ടുകളാക്കി തയ്യാറാക്കി ഗുണഭോക്തൃ സമിതിയെക്കൊണ്ട് നിർവഹണം നടത്തുന്നതിന് അംഗീകാരം വാങ്ങി നടപ്പിലാക്കിയിരിക്കുന്നു. 5 ലക്ഷത്തിന് മുകളിൽ അടങ്കൽ വന്നാൽ ഇ-ടെൻഡർ നടപടികൾ സ്വീകരിക്കണം എന്ന നിർദ്ദേശം ഇവിടെ ലംഘിക്കപ്പെട്ടു. രണ്ടു പ്രവൃത്തികളുടെയും കൺവീനർ ശ്രീ. സി.ജി.മോഹനൻ, ഗോവിന്ദവിലാസം, തിരുവല്ലയാണ്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഒരു പ്രവൃത്തിയ്ക്കു വേണ്ടി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. രണ്ടു പ്രോജക്ടിലും ചെയ്ത പ്രവൃത്തികളും അളവും ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | | S.319/17<br>എം.ബുക്ക് 130/16-17 | 320/17 |
| ഗുണഭോക്തൃ സമിതി യോഗം | | 12.2.17 | 12.2.17 |
| കരാർ ഉടമ്പടി | | 130/16-17 / 21.2.17 | 134/16-17 / 21.2.17 |
| സാങ്കേതികാനുമതി | | 90640/16-17/ 23.3.17 | 42150/16-17/15.12.16 |
| സൈറ്റ് കൈമാറിയ തീയതി | | 21.2.17 | 21.2.17 |
| പൂർത്തിയാക്കേണ്ട തീയതി | | 31.3.17 | 31.3.17 |
| 1. | Earth work excavation<br>2.8.1 | 80 എം$^3$ @ 214.53 | 81 എം$^3$ @ 214.53 |
| 2. | DR packing<br>60.7.2 | 16 എം$^3$ @ 2025.13 | - |
| 3. | CC 1:4:8<br>4.1.8 | 2.7 എം$^3$ @ 5858.47 | 6.075 എം$^3$ @ 5858.47 |
| 4. | CC 1:2:4<br>4.1.3 | 15.444 എം$^3$ @ 7445.49 | 17.82 എം$^3$ @ 7445.49 |
| 5. | Centering and shuttering<br>4.3.1 | 15.18 എം$^2$ @ 267.58 എം$^2$ | 3480 എം$^2$ @ 267.58 |
| 6. | Sted reinforcement<br>5.22.6 | 570 Kg @ 92.76 | 200 Kg @ 92.76 |
| 7. | Structural steel work<br>10.2 | 1265.108 Kg @ 100.73 | 1503.446 Kg @ 100.73 |
| 8. | Precocted galvanised iron profile sheet<br>12.50 | 1584 എം$^2$ @ 847.21 | 158.40 @ 847.21 |
| | ആകെ | 498935 | 499149 |

(2) കൺവീനർ ഹാജരാക്കിയ ചെലവ് വൗച്ചറുകളിൽ ചെലവ് രേഖകളായി വെള്ള പേപ്പറിലെഴുതിയ വൗച്ചറുകളും മസ്റ്റർ റോളുകളും മാത്രമാണ് ഉള്ളത്. കാഷ് ബില്ലുകൾ രണ്ടു പ്രോജക്ടിലും ഉൾപ്പെടുത്തിയിട്ടില്ല. കൺവീനർ പ്രവൃത്തികൾ എന്ന പേരിൽ കരാറുകാരാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

(3) പ്രവൃത്തി നടത്തിയ സ്ഥലം ഓഡിറ്റ് സംഘം നേരിട്ട് പരിശോധിച്ചതിൽ രണ്ടു പ്രോജക്ടുകളിലുമായി ചെയ്ത ഷെഡിൽ പ്ലാസ്റ്റിക് ചാക്കുകളിൽ മാലിന്യം കുന്നുകൂട്ടിയിട്ടിരിക്കുന്നതായും തെരുവുനായ്ക്കളുടെ സ്വൈര വിഹാരസ്ഥലമായി ഇവിടം പരിണമിച്ചതായും ബോധ്യപ്പെട്ടു. ഏകദേശം 10 ലക്ഷത്തോളം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് നിർമ്മിച്ച ഈ ഷെഡ് ഒരു നിഷ്ക്രിയ ആസ്തിയായതായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി തയ്യാറാക്കിയതിലും സർക്കാർ മാർഗ്ഗരേഖകൾ/നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ഷെഡ് നിർമ്മാണത്തിനായി യഥാക്രമം ചെലവഴിച്ച 4,99,149 രൂപ, 4,98,938 രൂപ എന്നീ തുകകളുടെ ചെലവ് തടസ്സപ്പെടുത്തുന്നു.


രണ്ട് പ്രോജക്ടുകളിലായി നിർമ്മിച്ച ഒറ്റ ഷെഡ്

# (3-7) വസ്തു നികുതി പരിഷ്കരണം-ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | SO12/17 | SO 89/17 |
| അടങ്കൽ | 100000 (വികസന ഫണ്ട്) | 20000 (വികസന ഫണ്ട്) |
| ചെലവ് | 42550 | 20000 |
| ബിൽ നമ്പർ | R1-3945/15/08.09.16 | RI 3945/17-31.03.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

തിരുവല്ല നഗരസഭയിലെ 1 മുതൽ 39 വരെയുള്ള വാർഡുകളിലെ വസ്തുനികുതി സംബന്ധമായ വിവരങ്ങൾ ഡാറ്റ എൻട്രി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മലപ്പുറം അരീക്കോടുള്ള ആൽഫക്സ് ഐ.ടി സൊല്യൂഷ്യൻസ് എന്ന സ്ഥാപനത്തെ 11.06.15ൽ ചുമതലപ്പെടുത്തുകയുണ്ടായി. കരാർ പ്രകാരം 2015 സെപ്റ്റംബറിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതി നാളിതുവരെ പൂർത്തീകരിക്കുകയോ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഏകദേശം 25956 എൻട്രികൾ നടത്താനുള്ളതിൽ 2016-17 സാമ്പത്തികവർഷം പൂർത്തിയായപ്പോൾ 19500 എൻട്രികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. 39 വാർഡുകളിലെ വസ്തുനികുതി സംബന്ധിച്ച വിവരശേഖരണത്തിന് നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥർ അപൂർണ്ണവും അവ്യക്തവും ആയ വിവരങ്ങളാണ് നൽകിയത്. തൻമൂലം ഡാറ്റാ എൻട്രി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കരാറുകാരന് കഴിഞ്ഞില്ല. ഫോറം 6ലെ അപാകതകൾ പരിഹരിച്ചു നൽകുന്നതിന് 2015 നവംബറിൽ രേഖകൾ കരാറുകാരൻ തിരികെ നൽകിയെങ്കിലും നാളിതുവരെ പ്രസ്തുത അപാകതകൾ പരിഹരിച്ച് നൽകുന്നതിന് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. രേഖകൾ തിരികെ ലഭിച്ച് രണ്ട് വർഷത്തോളമായിട്ടും അപാകതകൾ പരിഹരിക്കാൻ കഴിയാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ തൻവർഷം ചെലവഴിച്ച തുക 62,550/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പ്രവർത്തികൾക്കായി 2015-16 ൽ 150000 രൂപയും 2016-17ൽ 62550 രൂപയും (42550 + 20000) ഉൾപ്പെടെ നാളിതുവരെ 212550/- രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി പൂർത്തീകരിച്ചെങ്കിൽ മാത്രമേ നികുതി അസസ്സ് ചെയ്ത് കൃത്യമായ ഡിമാന്റ് കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ നടപടികൾ പൂർത്തിയാക്കാത്തത് നികുതി പിരിച്ചെടുക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു. ഡേറ്റാ എൻട്രി പൂർത്തിയാക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കാണുന്നു. അടിയന്തിരമായി ഡേറ്റാ എൻട്രി പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയം തുടർ നടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# (3-8) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിത്തുക അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു

| | |
|---|---|
| *അടങ്കൽ* | 1400000 |
| *ചെലവ്* | 1400000 |
| *ബിൽ നമ്പർ* | 37/08.03.17 |
| *നിർവഹണോദ്യോഗസ്ഥൻ* | പട്ടികജാതി വികസന ഓഫീസർ |

2022-ാംആണ്ടോടുകൂടി എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ് 08.03.16 ൽ സ.ഉ(സാധാ)നമ്പർ 1222/16/തസ്വഭവ ഉത്തരവിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭയുടെ ആനുപാതിക വിഹിതം PMAY അക്കൗണ്ടിൽ മുൻകൂറായി നൽകുന്ന മുറയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം നൽകുന്നതാണ് എന്ന് ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

ഒരു ഗുണഭോക്താവിന് പദ്ധതിപ്രകാരം വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്രോതസ്സ് | വകയിരുത്തിയ തുക |
|---|---|---|
| 1 | കേന്ദ്രസർക്കാർ | 150000 |
| 2 | സംസ്ഥാനസർക്കാർ | 50000 |
| 3 | നഗരസഭാ വിഹിതം | 70000 |
| 4 | ഗുണഭോക്തൃവിഹിതം | 30000 |
| ആകെ | | 300000 |

സ്വന്തമായി സ്ഥലമുള്ളതും ഭാരതത്തിൽ മറ്റൊരു സ്ഥലത്തും സ്വന്തമായി ഭവനമില്ലാത്തതുമായ നഗരസഭാപരിധിയിൽ 3 വർഷക്കാലമായി കുടുംബസമേതം സ്ഥിരമായി താമസിക്കുന്നവരും വാർഷിക വരുമാനം 300000 രൂപയിൽ കവിയാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കായാണ് പദ്ധതി നടപ്പാക്കിയത്.

PMAYപദ്ധതിയിലുൾപ്പെടുത്തിയതും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതുമായ 20 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് 1400000/- രൂപ നഗരസഭാ വിഹിതമായി വികസനഫണ്ട് (എസ്.സി.പി) പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള PMAY അക്കൗണ്ടിൽ (626901006199-ICICI BANK, തിരുവല്ല) നിക്ഷേപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. സംസ്ഥാന വിഹിതമായി 500000 രൂപ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. 8 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതിപ്രകാരം നഗരസഭയുമായി കരാറിലേർപ്പെട്ടത്. ഗുണഭോക്താക്കളെ കണ്ടെത്താതെയാണ് തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയത് അഭിലഷണീയമല്ല. പദ്ധതിനിർവഹണം ത്വരിതപ്പെടുത്തുന്നതു സംബന്ധിച്ച് തുടർ നടപടിക്കായി ശുപാർശ ചെയ്യുന്നു. അധികം പിൻവലിച്ച് 840000 രൂപ സഞ്ചിതനിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

പദ്ധതിയിലുൾപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ സൂചിപ്പിക്കുന്നു.

| ക്രമ നമ്പർ | ഭവന നിർമ്മാണ ഘട്ടം | നൽകേണ്ട തുക | വിവിധ ഘട്ടത്തിലുള്ള ഗുണഭോക്താക്കൾ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കരാറിൽ ഏർപ്പെടൽ | 30000 | 8 | 240000 |
| 2 | അടിത്തറ നിർമ്മാണം പൂർത്തീകരണം | 120000 | 5 | 600000 |
| 3 | മേൽക്കൂരനിർമ്മാണം പൂർത്തീകരണം | 120000 | ഇല്ല | |
| 4 | ഭവനവിർമ്മാണം പൂർത്തീകരണം | 30000 | ഇല്ല | |
| | | | ആകെ | 840000 |

# (3-9) മുൻസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചില്ല

1997ലെ മുൻസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് (ഡി.സി.ആർ.ബി) റൂൾസ് പ്രകാരം നഗരസഭയിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മാസവിഹിതം നഗരസഭാ സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുൻസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് രൂപീകരിച്ച് അതിൽ നിക്ഷേപിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ പ്രസ്തുത ഫണ്ടിൽ നിന്നും വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഇപ്രകാരമുള്ള പെൻഷൻ ഫണ്ട് നാളിതുവരെയായി രൂപീകരിച്ചിട്ടില്ല. ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും തനത് ഫണ്ട് ഉപയോഗിച്ചാണ് വിതരണം ചെയ്യുന്നത്. 2015-16ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത വിഷയം പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ ഭരണസമിതി നടപടികൾ സ്വീകരിച്ചിട്ടില്ല.

ചട്ടം അനുശാസിക്കും പ്രകാരമുള്ള പെൻഷൻഫണ്ട് രൂപീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# (3-10) നാളിതുവരെക്രമീകരിക്കാത്ത മുൻകൂറുകൾ തിരികെ ഈടാക്കുന്നില്ല - നഗരസഭാ ഫണ്ടിന് നഷ്ടം

(1) നഗരസഭയിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 4-10-2011ൽ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം താഴെ പറയുന്ന ഉദ്യോഗസ്ഥർ കൈപ്പറ്റിയ തുക 18%പലിശ സഹിതം ഈടാക്കണമെന്ന് 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ നഗരസഭ നാളിതുവരെ പ്രസ്തുത വിഷയം സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടില്ല.

ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ റവന്യൂറിക്കവറിയിലൂടെയോ ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നഗരസഭാ സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണം (നമ്പർ 36/17 തീയതി 13.09.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ കൈപ്പറ്റിയ ജീവനക്കാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുൻകൂർ തുക കൈപ്പറ്റിയ വ്യക്തി | എന്ത് ആവശ്യത്തിന് നൽകിയെന്ന് | തുക | ചെക്ക് നം./കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശ്രീ. മോഹനൻ പി- JHI Gr.II | മരം വെട്ടുന്നതിന് | 5000 | 17585916.07.15 |
| 2 | ശ്രീ പി.എൻ രാജൻ, സൂപ്രണ്ട് | വയോജന ദിനാഘോഷം സംഘടിപ്പിക്കുന്നതിന് | 10000 | 213917/01.10.15 |
| 3 | ശ്രീ. ബിനു ജോൺ- യു.ഡി.സി. | ഇലക്ഷൻ ആവശ്യത്തിന് | 80000 | 237709/08.10.15 |
| 4 | ,, | ഇലക്ഷൻ ആവശ്യത്തിന് | 180000 | 238339/21.10.15 |
| 5 | ശ്രീ പി.എൻ.രാജൻ സൂപ്രണ്ട് | ബഡ്ജറ്റ് ചെലവുകൾക്ക് | 8000 | 282075/26.02.16 |
| 6 | ശ്രീ കെ.ജി.ബിനു- BI | ഇന്ധന ചെലവ് | 8250 | 704/09.02.09 |
| 7 | ,, | നികുതി അടയ്ക്കുന്ന ആവശ്യത്തിന് | 4500 | 017088/20.07.09 |
| 8 | ,, | സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിന് | 21000 | 185404/28.3.07 |
| 9 | ,, | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് | 7000 | ചെക്ക് നം. രേഖപ്പെടുത്തിയിട്ടില്ല /11/2006 |
| 10 | ശ്രീ. ഡി.കെ. യേശുദാസ്- ക്ലാർക്ക് | ഇലക്ഷൻ ആവശ്യത്തിന് | 5000 | 14415/11.08.05 |
| 11 | ,, | ,, | 5000 | 14420/17.08.05 |
| 12 | ,, | ,, | 10000 | 14458/05.09.05 |
| 13 | ,, | ,, | 10000 | 14488/19.09.05 |
| 14 | ,, | ,, | 2500 | 354549/19.04.03 |
| 15 | ,, | ഓണം ആഘോഷം | 5000 | 46221/3.9.03 |
| 16 | ശ്രീ. ഉണ്ണികൃഷ്ണ പിള്ള -PWO-II | മുനിസിപ്പൽ റോഡ് റോളർ മെയിന്റനൻസ് | 20000 | 546424/12.5.11 |
| 17 | ,, | ,, | 10000 | 546444/7.6.11 |
| 18 | ശ്രീ. സി.വി.വിജയകുമാർ | പദ്ധതി രൂപീകരണം | 5000 | 546811/13.10.11 |
| 19 | ശ്രീ. ഉണ്ണികൃഷ്ണ പിള്ള PW-3 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ നവീകരണം | 30000 | 165566/12.01.12 |
| 20 | ശ്രീ. ഗോപാലകൃഷ്ണൻ--PWO-II | ടൗൺ ഹാൾ മെയിന്റനൻസ് | 27000 | 77134/25.01.13 |
| 21 | ,, | സീലിംഗ് ഫിറ്റ് ചെയ്യുന്നതിന്- CDS | 15000 | 3531/12.4.13 |
| 22 | ശ്രീ. പി.എ.അൻസാരി PWO-II | സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിന് | 2500 | 47342/27.3.14 |
| 23 | ശ്രീ. ദേവസേനൻ- JH-II | ഗ്രാസ്സ് കട്ടർ റിപ്പയറിംഗ് | 4000 | 130533/25.11.14 |
| 24 | ശ്രീ. മധു കൈടഭജ, സൂപ്രണ്ട് | റൺ കേരള റൺ | 5000 | 130649/19.1.15 |
| 25 | ശ്രീ. ദേവസേനൻ - JH-II | മരം വെട്ടുന്നതിന് | 15000 | 164017/28.1.15 |
| 26 | ശ്രീ. ജയരാജ് യു.ഡി.സി | സെമിനാർ ചെലവ് | 20000 | 164090/25.02.15 |
| 27 | ശ്രീ.രഘുനാഥൻ.കെ,സീനിയർ ക്ലർക്ക് | പലിശരഹിത മെഡിക്കൽ അഡ്വാൻസ് | 200000 | 326869/3.6.16 |
| 28 | ശ്രീ. ദേവസേനൻ - JH-II | മരം വെട്ടുന്നതിന് | 5000 | 356457/12.8.16 |
| 29 | ശ്രീ. കൃഷ്ണകുമാർ, ക്ലർക്ക് | PMAYഗുണഭോക്തൃ സംഗമം | 3000 | 404045/10.1.17 |
| | ആകെ | | 722750 | |

നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറുകൾ ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നഗരസഭാ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ഹരിതകേരളം-മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല</u>

ശുചിത്വം, മാലിന്യ സംസ്കരണം, ജലവിഭവം, കാർഷിക വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പുതിയ 'വികസന കാഴ്ചപ്പാട്' സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഹരിത കേരള മിഷന്റെ ആദ്യഘട്ട പരിപാടികളുടെ സംഘാടനത്തിനും പ്രചാരണ പ്രവർത്തനങ്ങൾക്കുമായി നഗരസഭകൾക്ക് 5000 രൂപ നിരക്കിൽ ഒറ്റത്തവണ സഹായം നൽകുന്നതിന് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് 27.11.16 ലെ സ.ഉ(സാധാ)

നമ്പർ 3233/2016 ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 2016-17 സാമ്പത്തിക വർഷം 38 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് കൗൺസിലർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 5000/- രൂപ വീതം ആകെ 190000/-രൂപ തനതുഫണ്ടിൽ നിന്നും മുൻകൂറായി നൽകിയിരുന്നു. എന്നാൽ നാളിതുവരെ ചെലവുരേഖകൾ ഹാജരാക്കി തുക ക്രമീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഹരിതകേരളം പദ്ധതിക്കായി ചെലവഴിച്ച 1,90,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# (3-11) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് - വികസനഫണ്ട് ചെലവഴിക്കുന്നു

| | |
|---|---|
| *പദ്ധതി നമ്പർ/പേര്* | 69/17,ട്യൂഷൻ ഫീസ് പ്രീമെട്രിക് ഹോസ്റ്റൽ |
| *അടങ്കൽ* | 281000 |
| *ചെലവ്* | 281000<br>ബിൽ നം. 11/27.9.16 – 58000<br>26/15.12.16 –58000<br>33/27.12.16 - 33000<br>48/13.3.17 – 66000<br>58/27.3.17 – 33000<br>67/31.3.17 - 33000 |
| *ഫണ്ടിനം* | വികസനഫണ്ട് (എസ്.സി.പി) |
| *നിർവഹണോദ്യോഗസ്ഥൻ* | പട്ടികജാതി വികസന ഓഫീസർ |

ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ വിദ്യാസമ്പന്നരായ യുവതീ യുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ് എന്ന് 12-ാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു. പദ്ധതി പ്രകാരം പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് ട്യൂഷൻ നടത്തിയതിന് ഹോണറേറിയം നൽകുന്നതിനുള്ള ചെലവായി 281000/- രൂപ നഗരസഭാ വികസനഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. 12-ാം പദ്ധതിനിർവഹണമാർഗ്ഗ രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. മാത്രവുമല്ല വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ എസ്.എസ്.എ/ആർ.എം.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കേണ്ടത് എന്നും വ്യക്തമാക്കുന്നു.

സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും അംഗീകാരം നൽകുന്നതും നിർവഹണം നടത്തുന്നതും പൊതുപണത്തിന്റെ ദുർവ്യയമായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രൂപീകരിക്കുന്ന പദ്ധതികൾ അംഗീകാരത്തിന് വിധേയമായി നടപ്പാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# (3-12) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഡയട്രി ചാർജ്, പോക്കറ്റ്മണി - സർക്കാർ ഉത്തരവിന് വിരുദ്ധം

| | |
|---|---|
| പദ്ധതി നമ്പർ/പേര് | 72/17,പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ മെസ്സ് ചാർജും പോക്കറ്റ് മണിയും |
| അടങ്കൽ | 404099 |
| ചെലവ് | 382976<br>ബിൽ നം. 9/27.9.16 – 50581<br>14/21.10.16 – 48720<br>21/11.11.16 – 35068<br>25/15.12.16 – 44237<br>34/21.1.17 – 50379<br>35/16.2.17 – 35114<br>52/18.3.17 – 47858<br>56/27.3.17 – 46892<br>69/31.3.17 - 54127 |

| | |
|---|---|
| ഫണ്ടിനം | വികസനഫണ്ട്(എസ്.സി.പി) |
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസനഓഫീസർ |

ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രോജക്ടുകൾ, ആശ്രയ/അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ,എച്ച്.ഐ.വി അണുബാധിതർക്ക് പോഷകാഹാരം എന്നിവയല്ലാതെ വികസനഫണ്ട് വിനിയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള മറ്റു പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കാൻ പാടില്ല എന്ന് 11.01.16-ലെ ജി.ഒ(എം.എസ്.)4/16നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് പോക്കറ്റ്മണി നൽകുന്നതിന് വികസനഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നില്ല. പദ്ധതി നിർവഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടില്ലാത്ത ഇനത്തിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് മെസ്സ് ചാർജും പോക്കറ്റ്മണിയും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിനത്തിൽ 3,82,976/- രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

# (3-13) നഗരസഭയിലെ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയർ പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത് ഇൻഫർമേഷൻ കേരള മിഷൻ ആണ്. ആയതിന്റെ വിഹിതമായി 2015-16, 2016-17 വർഷങ്ങളിൽ നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2015-16 | 2016-17 |
|---|---|---|
| പ്രോജക്ട് നം. | S0394 | S0079,S029/17 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം.ന് വിഹിതം അടയ്ക്കൽ | ഐ.കെ.എം.ന് വിഹിതം അടയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| ചെലവ് തുക | 1,73,520<br>ബിൽ നം. പി1/6947/16<br>തീയതി 31.03.16 | 2,00,000 – 165074/18.3.17<br>2,05,866 – 141/13.7.17 (2016-17 -ലെ ബാലൻസ്) |

സ.ഉ.(സാധാ) 1228/2016 തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തും നഗരസഭകളും പ്ലാൻഫണ്ട് വിഹിതത്തിന്റെ 0.25% ഐ.കെ.എം. ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം തുക ഐ.കെ.എം. ന് നൽകിയിട്ടുണ്ട്.

നഗരസഭയിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയറുകളുടെ നിലവിലെ അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം. | സോഫ്റ്റ്‌വെയർ ഇനം | നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പ്രവർത്തിക്കുന്നു |
| 8 | സഞ്ചയ- വസ്തുനികുതി | പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. ഓൺലൈനായി നികുതി അടയ്ക്കാൻ കഴിയുന്നില്ല |
| 9 | സകർമ്മ- കൗൺസിൽ മിനിട്സ് തയ്യാറാക്കൽ | പ്രവർത്തന സജ്ജമാണ്. പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 10 | സങ്കേതം- പെർമിറ്റ് | പ്രവർത്തിക്കുന്നു |

മുകളിൽ പറഞ്ഞ സോഫ്റ്റ്‌വെയറുകളിൽ പലതും അതിന്റെ പൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, നഗരസഭയുടെ വെബ്സൈറ്റ് വിവരങ്ങൾ കാലികമല്ല. വെബ്സൈറ്റിൽ പല വിവരങ്ങളും ലഭിക്കാതിരിക്കുന്ന സ്ഥിതിയുണ്ട്. ലഭിക്കുന്ന വിവരങ്ങൾ തന്നെ കാലികമല്ല.

'സാംഖ്യ' സോഫ്റ്റ്‌വെയർ നഗരസഭയിൽ സജ്ജമാക്കി ഉപയോഗിക്കുന്നുണ്ടെങ്കിലും അക്കൗണ്ടിംഗ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി നടക്കുന്നില്ല. നഗരസഭയിൽ അക്കൗണ്ടന്റ് തസ്തികയില്ലാത്തതിനാൽ നിലവിലുള്ള ഒരു ക്ലാർക്കിന് അക്കൗണ്ടന്റിന്റെ ചുമതല നൽകിയാണ് അക്കൗണ്ടിംഗ് സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അക്കൗണ്ടിംഗ് സംബന്ധിച്ച പ്രാഥമികമായ അറിവുപോലും ഇല്ലാത്തവർ പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടാൻ സാഹചര്യം നിലനിൽക്കുന്നു. അക്കൗണ്ടിംഗ് സംബന്ധിച്ച പരിശീലനം ലഭിക്കാത്തതും ഒരു പ്രധാന പ്രശ്നമാണ്. സാംഖ്യ സോഫ്റ്റ്‌വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. 2010 മുതൽ നഗരസഭയിൽ സാംഖ്യ സോഫ്റ്റ്‌വെയർ

ഉപയോഗിച്ച വരുന്നെങ്കിലും നിലവിലും അക്കൗണ്ടിംഗ് സംബന്ധമായ പല അപാകതകളും നിലനിൽക്കുന്നു. പുതിയ പദ്ധതികളും പ്രോജക്ടുകളും നഗരസഭയുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കപ്പെടുമ്പോൾ, ആയതിനനുസൃതമായി പുതിയ 'ഹെഡ് ഓഫ് അക്കൗണ്ട് ' സാംഖ്യയിൽ ഉൾപ്പെത്തുന്നില്ല. സുലേഖയുമായി ഏകോപിച്ചല്ല സാംഖ്യ പ്രവർത്തിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന ആദായ നികുതി, വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ സാംഖ്യ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല. ദൈനംദിനം നിരവധി ഇടപാടുകൾ നടക്കുന്ന തനത് ഫണ്ടിന്റെ ബാങ്ക് പാസ്സ് ബുക്കിലെ എല്ലാ വിരങ്ങളും സാംഖ്യയിൽ രേഖപ്പെടുത്തി ബാങ്ക് റിക്കൺസിലിയേഷൻ നടത്തുന്നത് സമയം അപഹരിക്കുന്ന പ്രക്രിയ ആണ്. ഫ്രണ്ട് ഓഫീസിൽ ജോലി ചെയ്യുന്നവർക്ക് മതിയായ സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത കാരണം നികുതി, നികുതിയേതര വരവുകൾ കൃത്യമായ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ അക്കൗണ്ട് ചെയ്യപ്പടാറില്ല.

നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. സഞ്ചയയിൽ വസ്തു നികുതി കുടിശ്ശിക കൃത്യമായി നിർണ്ണയിച്ച് അടയ്ക്കുന്നതിന് സംവിധാനമില്ല. ഓൺലൈൻ ആയി നികുതി അടവാക്കുന്നത് നടപ്പായിട്ടില്ല. സഞ്ചയ, സാംഖ്യയുമായി ബന്ധപ്പെടുത്തിയെങ്കിൽ മാത്രമേ നികുതി ദായകരുടെ നികുതി കുടിശ്ശിക ഉൾപ്പെടെയുള്ള വിവരങ്ങൾ പൂർണ്ണമായി ലഭ്യമാകുകയുള്ളൂ.

ഐ. കെ. എം. ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ്‌വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, നഗരസഭയ്ക്കും ഉപകാരപ്രദമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടില്ല. ഐ. കെ. എം.-ന്റെ സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും ആയതിന്മേൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും ഭരണ വകുപ്പ് തലത്തിൽ തുടർ നടപടികൾക്കായി ഓഡിറ്റ് ശുപാർശചെയ്യുന്നു.

# (3-14) തിരുവല്ല താലൂക്ക് ആശുപത്രി ഓപ്പറേഷൻ തീയേറ്റർ നിർമ്മാണം അനന്തമായി നീളുന്നു

തിരുവല്ല താലൂക്ക് ആശുപത്രിയിലെ ഒപ്താൽ മോളജി വിഭാഗത്തിന് ഓപ്പറേഷൻ തീയേറ്റർ നിർമ്മിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും 7.5.2014-ൽ 25 ലക്ഷം രൂപ ലഭിച്ചു (ഡി.ഡി നം.436000/24.4.2014). തുക മുനിസിപ്പാലിറ്റി സ്ഥിര നിക്ഷേപമാക്കി എസ്.ബി.എെ.യിൽ നിക്ഷേപിക്കുകയുണ്ടായി. (എഫ്.ഡി. നം. 67379059138/എസ്.ബി.റ്റി., എം.ജി.എം.എച്ച്.എസ്. ബ്രാഞ്ച്)

നിലവിലുള്ള ജീർണ്ണിച്ച കെട്ടിടം പൊളിച്ചുനീക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ആയത് പ്രകാരം 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 157 എം$^2$ വിസ്തൃതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് രൂപ രേഖ തയ്യാറാക്കുകയും 11.2.2015-ൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയുമുണ്ടായി. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സാങ്കേതിക അനുമതി ലഭിക്കുന്നതിനായി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ സമീപിച്ചെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം ആയത് ലഭിക്കുന്നതിന് കാലതാമസ്സമുണ്ടായി. 2015-16 വർഷം നിരക്ക് വ്യത്യാസം വന്നതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത വർഷത്തെ വാർഷിക പദ്ധതിയിൽ 10 ലക്ഷം രൂപ വികസന ഫണ്ട് കൂടി വകയിരുത്തി പ്രോജക്ട് തയ്യാറാക്കി (നം.എസ് 0389/16). 01.07.2016-ൽ സാങ്കേതിക അനുമതി വാങ്ങുകയുണ്ടായി (നം. DB4/246/EE/LSGD). നടപടികൾ പൂർത്തിയാക്കി പ്രവൃത്തി 9.8.2016-ൽ ഈ-ടെണ്ടർ ചെയ്തു. 29,87,238 രൂപ എന്ന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആലപ്പുഴ, പുറക്കാട് നെല്ലിക്കുന്നത്ത് ശ്രീ. സുബേർ കോയക്ക് കരാർ നൽകുകയും 19.09.2016-ൽ ടിയാൻ മുനിസിപ്പൽ എഞ്ചിനീയറുമായി കരാറിലേർപ്പെടുകയും ചെയ്തു (നം. 15/16-17).

കരാർ പ്രകാരം പദ്ധതി നിർവ്വഹണ കാലയളവായി നിശ്ചയിച്ചിരുന്നത് 9 മാസമായിരുന്നു (19.9.2016 മുതൽ 18.06.2017 വരെ). പ്രസ്തുത കാലയളവിൽ പണി പൂർത്തീകരിക്കാത്ത പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പണി പൂർത്തിയാക്കുന്നതിനായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 30.11.2016, 02.08.2017 തീയതികളിൽ പ്രവൃത്തികളിൽ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

2014-15-ൽ ഫണ്ട് ലഭിച്ചെങ്കിലും 2017-18 ആയിട്ടും പ്രവൃത്തി ആരംഭിക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കരാറുകാരൻ പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിനാൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നഗരസഭയ്ക്ക് നാളിതുവരെയുണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തി നഷ്ടം ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

# (3-15) സെൻട്രൽ പെൻഷൻ ഫണ്ട് _നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 7.57 കോടി രൂപ

നഗരസഭയിലെ റഗലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ 1996-ലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ (കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ 1997-ലും നിലവിൽ വന്നതാണ്. ഇവയനുസരിച്ച് ചട്ടം 6 പ്രകാരം രൂപീകരിച്ചിട്ടുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി ലഭിക്കുന്ന ഫണ്ട് നഗരസഭ സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ, സേവിംഗ്സ് ബാങ്ക് ആക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും അതിൽ നിന്നും പെൻഷൻ വിതരണം ചെയ്യേണ്ടതുമാണ്.

റഗലർ ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷനായി എല്ലാ മാസവും നഗരസഭ, സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നുണ്ട്. എന്നാൽ വിരമിക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം ലഭിക്കുന്നില്ല. 2017 മാർച്ച്മാസം അവസാനിക്കുമ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 7.57 കോടി രൂപ ലഭിക്കാനുള്ളതായി നഗരസഭ ഹാജരാക്കിയ രേഖകൾ വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയത് | നഗരസഭയ്ക്ക് ലഭിച്ച പെൻഷൻ അലോട്ട്മെന്റ് | റഗലർ പെൻഷൻ ഇനത്തിൽ നഗരസഭയ്ക്ക് ചെലവായ തുക | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ളത് (പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും) |
|---|---|---|---|---|
| 2007 | 1096315 | 945838 | 281937 | 359798 |

| | | | | |
|---|---|---|---|---|
| 2008 | 1309903 | 728899 | 1939868 | 971475 |
| 2009 | 1479475 | 0 | 2427362 | 1526440 |
| 2010 | 1579400 | 800000 | 2914260 | 2404664 |
| 2011 | 1943453 | 0 | 3856874 | 3937417 |
| 2012 | 2224043 | 0 | 4477654 | 4851744 |
| 2013 | 2414374 | 10000000 | 6354975 | 6329000 |
| 2014 | 2712205 | 0 | 8200951 | 8661308 |
| 2015 | 2927293 | 4130091 | 9852251 | 12852251 |
| 2016 | 3379108 | 0 | 12652400 | 17888390 |
| 2017 | 1528454 | 0 | 7871994 | 15902791 |
| **ആകെ** | **22594023** | **16604828** | **60830526** | **75685278** |

റഗുലർ ജീവനക്കാർക്കായി നഗരസഭയിൽ നിന്നും നിലവിൽ 65 പേർക്ക് പെൻഷൻ നൽകുന്നുണ്ട്. (57+ 8 ഫാമിലി പെൻഷൻ) ആയതിലേക്ക് മാസം 11,49,108 രൂപ ചെലവഴിക്കുന്നുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# (3-16) <u>അനുപൂരക പോഷകാഹാര പദ്ധതി - ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല</u>

അംഗൻവാടി പൂരകപോഷകാഹാര പദ്ധതി നടത്തിപ്പിനായി 2007-08 മുതൽ 2016-17 വരെ കേന്ദ്രവിഹിതം ഇനത്തിൽ ലഭിച്ച തുക എസ്.ബി.റ്റി, എം.ജി.എം ബ്രാഞ്ച് അക്കൗണ്ടിൽ (നം. 57005045911) നിക്ഷേപിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| *വർഷം* | *വരവ്* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|
| 2007-08 | 2,30,445 | - | 230445 |
| 2008-09 | 16,61,040 | - | 1661040 |
| 2009-10 | 12,57,498 | - | 1257498 |
| 2010-11 | 4,45,859 | - | 445859 |
| 2011-12 | 4,29,215 | - | 429215 |
| 2012-13 | 6,56,984 | - | 656984 |
| 2013-14 | 3,20,306 | - | 320306 |
| 2014-15 | 4,78,252 | 2,01,565 | 276687 |
| 2015-16 | 10,24,402 | 3,99,078 | 625324 |
| 2016-17 | 5,38,826 | 8,87,004 | -348178 |
| **ആകെ** | **7042827** | **1487647** | **5555180** |

ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനാൽ പ്രത്യേകാവശ്യത്തിനായി ലഭിച്ച കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. അതോടൊപ്പം തന്നെ ഈ തുകയ്ക്ക് ലഭിക്കേണ്ട വാർഷിക പലിശയും നഗരസഭാ ഫണ്ടിലേക്ക് പോകുന്നു.

പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/ സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.09.2010-ലെ സ.ഉ.നം. 39033/ഡി.സി2/2010 ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല്ലാത്ത 30 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട് (അങ്കണവാടി നം. 30, 31, 36, 38, 41, 43, 44, 119, 121, 126, 128, 129, 130, 131, 132, 133, 134, 135, 137, 138, 139, 141, 142, 144, 143, 146, 147, 148, 149, 151). കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വീർപ്പുമുട്ടുന്ന അങ്കണവാടികളും നഗരസഭയിൽ ഉണ്ടെന്നിരിക്കെയാണ് ഇത്തരത്തിൽ കേന്ദ്ര വിഹിതം ചെലവഴിക്കാതെ കിടക്കുന്നത്. ഈയിനത്തിൽ അവശേഷിക്കുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയശേഷം ആയതിലേക്ക് മാറ്റി സൂക്ഷിക്കേണ്ടതും അവശേഷിക്കുന്ന ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# (3-17) കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല

കാർഷിക മേഖലയിലെ പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കുന്നില്ല. ഓഡിറ്റ് വർഷം വികസന ഫണ്ടിൽനിന്നും 28.27 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നാല് പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ വികസന ഫണ്ട് | ചെലവ് |
|---|---|---|---|
| S0268/17 | നെൽകൃഷി വികസനം | 899250 | 355500 |
| S0270/17 | സമഗ്ര പുരയിട കൃഷി | 1156000 | 693600 |
| S0271/17 | പച്ചക്കറികൃഷി വികസനം | 505000 | 308050 |
| S0272/17 | ഫലവൃക്ഷതൈ വിതരണം | 266250 | 103740 |
| | ആകെ | 2826500 | 1460890 |

വാർഷിക പദ്ധതിയിൽ കാർഷിക മേഖലയ്ക്കുള്ള വകയിരുത്തൽ നാമമാത്രമാണ്. കാർഷിക മേഖലയുടെ സ്ഥായിയായ പുരോഗതിയ്ക്ക് ആവശ്യമായ സമഗ്രമായ പദ്ധതികൾ ഒന്നുംതന്നെ നഗരസഭ ഏറ്റെടുക്കുന്നില്ല. ഏറ്റെടുക്കുന്ന പദ്ധതികളുടെ കാര്യത്തിലാകട്ടെ അവ സമയബന്ധിതമായി നടപ്പിലാക്കുന്നുമില്ല. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള പാക പിഴകൾ കാരണം മാർച്ച് മാസത്തിലെ അവസാന വാരത്തിലും അതിനുശേഷവുമാണ് പദ്ധതി പ്രകാരമുള്ള നടീൽ വസ്തുക്കളും, വളവും വിതരണം ചെയ്തിട്ടുള്ളത്. വിളവർദ്ധനയ്ക്കുള്ള പദ്ധതികൾ കൊടും വേനൽക്കാലമായ മാർച്ച് മാസത്തിൽ നടപ്പിലാക്കുന്നതിനാൽ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ച യഥാർത്ഥ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

# (3-18) വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം -60000 രൂപയുടെ സഹായം നൽകിയിട്ടില്ല

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭിച്ച തുകയിൽ നിന്നും അർഹതപ്പെട്ട രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ സാധിക്കുകയുണ്ടായില്ല. ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അലോട്ട്മെന്റ് നം./ തീയതി | ലഭിച്ച തുക |
|---|---|
| F3-18778/16.12.16 | 180000 |
| F3-18778/16.03.17 | 30000 |
| F3-18778/29.03.17 | 30000 |
| **ആകെ** | **240000** |

ശ്രീമതി മേരി ഉഷാകുമാരി, തേവർമല ഉണ്ടിയിൽ തിരുവല്ല (വിനീത ജോസഫ്), ശ്രീമതി കുഞ്ഞുകുഞ്ഞമ്മ കേശവൻ, ഉതിമൂട്ടിൽ, മഞ്ഞാടി എന്നീ രണ്ട് ഗുണഭോക്താക്കൾക്കാണ് സഹായം ലഭിക്കാതെപോയത്. 29.03.2017-ൽ ട്രഷറിയിൽ ബില്ല് സമർപ്പിച്ചെങ്കിലും ട്രഷറിയിൽ നിന്നും യഥാസമയം ബില്ല് മാറിയെടുക്കാൻ സാധിച്ചില്ല. ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# (3-19) വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ- ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നു

നഗരസഭയുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി കേന്ദ്ര സംസ്ഥാന സഹായമായി ലഭിച്ചിട്ടുള്ള ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശബരിമല സ്പെഷ്യൽ ഫണ്ട്

| വർഷം | ലഭിച്ച തുക | ചെലവഴിച്ചത് | നീക്കിയിരുപ്പ് | നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് |
|---|---|---|---|---|
| 2012-13 | 15,00,000 | ഇല്ല | 15,00,000 | എസ്.ബി.റ്റി തനത് ഫണ്ട് |
| 2015-16 | 10,00,000 | 4,90,729 | 5,09,271 | |
| 2016-17 | 10,00,000 | 9,97,027 | 2,973 | |
| **ആകെ** | **35,00,000** | **14,87,756** | **20,12,244** | |

2. അറവുശാല നിർമ്മാണം

ആധുനിക അറവുശാലയുടെ നിർമ്മാണത്തിനായി 14.9.2004-ൽ 16,65,000രൂപ ലഭിച്ചത് പലിശ ഉൾപ്പെടെ 28,40,937 രൂപയായി ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ തിരുവല്ല ശാഖയിൽ സ്ഥിര നിക്ഷേപമായി കിടക്കുന്നു( FD No. RDP 511500094). നഗരസഭയിൽ സാധാരണ അറവുശാല നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആധുനിക അറവുശാലയുടെ നിർമ്മാണത്തിനായി ലഭിച്ച ഫണ്ട് പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നതിനും ലഭ്യമായ ഫണ്ട് നഷ്ടപ്പെടുത്താതെ വിനിയോഗിക്കുന്നതിനായി വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**3. പെൻഷൻ ഫണ്ട്**

ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി എസ്.ബി.ഐ-യിലുള്ള അക്കൗണ്ടിൽ നിന്നും രണ്ട് തുകകൾ എസ്.ബി.ഐ. സ്വീപ്പ് അക്കൗണ്ട് എന്ന എഫ്.ഡി. അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുന്നു. നിലവിൽ ഈ അക്കൗണ്ടുകളിലായി 956172 രൂപ അവശേഷിക്കുന്നു. പെൻഷൻ വിതരണത്തിനായുള്ള എസ്.ബി. അക്കൗണ്ടിൽ 11082 രൂപ മാത്രമാണ് അവശേഷിക്കുന്നത്. എഫ്.ഡി. അക്കൗണ്ട് ക്ലോസ് ചെയ്ത് എസ്.ബി അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. നിലവിൽ പെൻഷൻ തനത് ഫണ്ടിൽ നിന്നും നൽകിവരുന്നു.

# (3-20) തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ലാതെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 28,97,600 രൂപയുടെ കരാർ നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 232/17 |
| അടങ്കൽ (വികസന ഫണ്ട്) | 29,30,000 |
| ബിൽ നം. | 3,00,000 - E1/PF/17/16-17/31.3.17<br>9,07,333 - E2/PF/214/17-18/31.8.17 |
| കരാർ ഉടമ്പടി നം. | 221/17, തീയതി 17.3.17,<br>ഇറാൻ അസോസിയേറ്റ്സ്, തിരൂർ |
| കരാർ തുക | 28,97,600 |
| ഭരണാനുമതി | 26.07.16 (1) |
| ഡി.പി.സി. | RO2/1011/16/DPC/pta/, തീയതി 23.8.16 |
| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനം വാർഷിക കരാർ വ്യവസ്ഥയിൽ (തെരുവുവിളക്കുകൾ വാങ്ങി അറ്റകുറ്റപ്പണി നടത്തുന്നതിന്) ചെയ്യുന്നതിന് താല്പര്യമുള്ള അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നും ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഇറാൻ അസോസിയേറ്റ്സ്, തിരൂരിന്റെ 28,97,600 രൂപയുടെ ടെണ്ടർ 13.2.17ലെ (29)-ാം നമ്പർ തീരുമാനമായി കൗൺസിൽ അംഗീകരിക്കുകയും 221/17, തീയതി 17.3.17 നമ്പരായി കരാർ ഉടമ്പടി വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചത് പ്രകാരം താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1. നഗരസഭയിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരം ഇല്ലാതെയാണ് പ്രൈസ് ഷെഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്. നഗരസഭാ പരിധിയിലെ എൽ.ഇ.ഡി. ബൾബുകൾ, സിംഗിൾ ട്യൂബ് സെറ്റുകൾ, സി.എഫ്.എൽ. ബൾബുകൾ, മെർക്കുറി ലാമ്പുകൾ തുടങ്ങിയ വിളക്കുകളുടെ എണ്ണം, അവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റ് എന്നിവ സംബന്ധിച്ചോ, അവയിൽ എത്ര എണ്ണത്തിന് അറ്റകുറ്റപ്പണി ആവശ്യമുണ്ട് എന്നതു സംബന്ധിച്ചോ കെ.എസ്.ഇ.ബി.യിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത റിപ്പോർട്ടുകൾ നഗരസഭയും തയ്യാറാക്കിയിട്ടില്ല. സിംഗിൾ ട്യൂബിന് 423 രൂപ നിരക്കിൽ 6000 എണ്ണത്തിന് 25,38,000 രൂപയും SVലാമ്പ് ഒരെണ്ണത്തിന് 899 രൂപ നിരക്കിൽ 400 എണ്ണത്തിന് 3,59,600 രൂപയും ഉൾപ്പെടെ 28,97,600 രൂപയാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തിരുന്നത്. കരാർ കാലയളവിനുള്ളിൽ എത്ര വിളക്കുകൾ മാറ്റിയിട്ടു എന്നതു സംബന്ധിച്ചും കെ.എസ്.ഇ.ബിയുടെ റിപ്പോർട്ട് ഫയലിൽ ഇല്ല. തെരുവ് വിളക്കുകൾക്ക് യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നുണ്ട് എന്ന വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്.

2. ടെണ്ടറിംഗ് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 15.9.11ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലർ പ്രകാരമുള്ള മാർഗ്ഗരേഖയിലെ താഴെപ്പറയുന്ന നിബന്ധനകൾ ഇ-ടെണ്ടർ നടത്തിയപ്പോൾ പ്രാവർത്തികമാക്കിയില്ല.

1. 1) തെരുവ് വിളക്കുകളുടെ സ്ഥാപിക്കലും മെയിന്റനൻസും പോലെ അവയുടെ മീറ്ററിംഗ്, കൺട്രോൾ കിയോസ്ക്, പ്രകാശിപ്പിക്കൽ, വിളക്കുകൾ, ഹോൾഡറുകൾ, ലോക്ക്സ്, സ്റ്റാർട്ടറുകൾ, ബ്രാക്കറ്റുകൾ, എൻക്ലോഷർ, മീറ്ററിംഗ് വ്യവസ്ഥ, ടൈമർ മെക്കാനിസം, റിലേകൾ, കണ്ടക്ടേഴ്സ്, കൺട്രോൾ സ്വിച്ചുകൾ, എം.സി.ബി.എസ്., ഫ്യൂസുകൾ, കണക്റ്റിംഗ് വയറുകൾ, ക്ലാമ്പ്സ്, കൻഡ്യൂട്ട്സ് തുടങ്ങി തെരുവ് വിളക്ക് സമ്പ്രദായത്തിനാവശ്യമായ എല്ലാ അനുബന്ധോപാധികൾക്കും ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഇതിന് വിപരീതമായി 40 വാട്ട് ഫ്ലൂറസെന്റ് ട്യൂബ് എസ്.വി. ലാമ്പ് എന്നിവയ്ക്ക് മാത്രമായി എണ്ണം കാണിച്ചിട്ടാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

1. 2) തെരുവ് വിളക്ക് അനുബന്ധ വസ്തുക്കൾ, അവയുടെ മീറ്റർ ഘടിപ്പിക്കൽ, ഉറപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാതൃക – (എസ്.വി.ലാമ്പ്, മെർക്കുറി ലാമ്പ്, 1 x 40 വാട്ട് ഫ്ലൂറസെന്റ് ട്യൂബ്, 2 x 40 വാട്ട് ഫ്ലൂറസെന്റ് ട്യൂബ്, സി.എഫ്.എൽ എന്നിവ) ലൈറ്റ് ഉറപ്പിക്കുന്ന സാധാരണ പോൾ, സ്പെഷ്യൽ പോളുകൾ, ഹൈമാസ്റ്റ് സ്ട്രെച്ചറുകൾ മുതലായവ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം എന്നിവയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി.യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും ഇത് സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിരിക്കേണ്ട-തുമാണെന്ന വ്യവസ്ഥയും ലംഘിച്ചിട്ടുണ്ട്.

1. 3) തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ പ്രസിദ്ധപ്പെടുത്തേണ്ടതും, ലഭ്യമാകുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതി വിവരണം എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഇതും പാലിക്കപ്പെട്ടിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് ഭരണതലത്തിൽ പരിഹരിക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ തെരുവ് വിളക്ക് പരിപാലനം നടത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിന് നഗരസഭാ കൗൺസിലിന് ശുപാർശ ചെയ്യുന്നു. അപാകതകളിന്മേൽ 2016-17 വർഷം ചെലവഴിച്ച 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

# (3-21) ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി നിർവ്വഹണം സുതാര്യമല്ല

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃ സമിതി രൂപീകരണം, സമിതിയുടെ പ്രവർത്തനം, സമിതി സൂക്ഷിക്കേണ്ട രേഖകൾ എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്.

തൻവർഷത്തെ 148 മരാമത്ത് പ്രവൃത്തികളിൽ 74 എണ്ണം ഗുണഭോക്തൃ സമിതി മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃ സമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിൽ ഗുണഭോക്തൃ സമിതി തെരഞ്ഞെടുപ്പിനു മുന്നോടിയായി നോട്ടീസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തിയുടെ വിവരങ്ങൾ, സാങ്കേതികത്വം, കാലാവധി, യന്ത്രസാമഗ്രികൾ, നിർമ്മാണ സാധനങ്ങൾ, വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണം തുടങ്ങിയവ കമ്മിറ്റിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ, വാർഡ് കൗൺസിലറോ വിശദീകരിച്ചതിനു ശേഷമാണ് ഗുണഭോക്തൃ സമിതി തെരഞ്ഞെടുപ്പ് നടത്തേണ്ടത്. സാങ്കേതിക വൈദഗ്ധ്യം ഉള്ളവരെയും ഉൾപ്പെടുത്തണം. എന്നാൽ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃ സമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമദൃഷ്ടിയിൽ തന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ അളവും തരവും വിലയും, തൊഴിലാളികളുടെ എണ്ണവും കൂലിയും ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതി കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ HD/EE/LSGD/12/13-ാം നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ വർക്ക് ബിൽ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും വൗച്ചർ/കാഷ് ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോളിൽ കൺവീനർ ഒപ്പിടേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'paid by me' എന്നെഴുതി കൈയ്യൊപ്പ് പതിക്കേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ ഒന്നും തന്നെ നഗരസഭയിലെ കൺവീനർ പ്രവൃത്തികളിൽ പാലിച്ചിട്ടില്ല. മണൽ, മെറ്റൽ തുടങ്ങിയവയ്ക്കായി വെള്ളപ്പേപ്പറിൽ എഴുതിയ വൗച്ചറുകൾ, തൊഴിലാളികളുടെ മസ്റ്റർ റോൾ എന്നിവ മാത്രമാണ് കൺവീനർ പ്രവൃത്തികൾ മിക്കതിലും ചെലവ് വൗച്ചറുകളായി ഉൾപ്പെടുത്തിയിട്ടുള്ളത്. സിമന്റ്, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ വാങ്ങിയതിന്റെ കാഷ് ബിൽ ഹാജരാക്കിയിട്ടില്ല. പ്രവൃത്തികൾക്ക് കൺവീനർ ഹാജരാക്കിയ ചെലവ് വൗച്ചറുകൾ പ്രകാരമുള്ള ചെലവും യഥാർത്ഥ പ്രവൃത്തിമൂല്യവും സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| | പ്രവൃത്തി സംബന്ധിച്ച വിവരം | കൺവീനർ ഹാജരാക്കിയ വൌച്ചറുകൾ പ്രകാരം ചെലവ് |
|---|---|---|
| 1) | സ്വിമ്മിംഗ് പൂൾ റൂഫ് നിർമ്മാണം രണ്ടാം ഘട്ടം 43/17<br>14,90,000/-<br>പ്രവൃത്തിമൂല്യം - 14,94,901 -<br>1475888 ബിൽ നം. E1/CFC/67/16 തീയതി 31.3.17<br>കൺവീനർ - റെൺജി.കെ.ജോസ് | 16,36,500 |
| 2) | തിട്ടപ്പള്ളി കോളനി ഓട സ്ലാബിടൽ 286/17<br>3,00,000/-<br>പ്രവൃത്തിമൂല്യം - 2,85,123/-<br>ബിൽ നം. E1/CFC/85/16-17/31.3.17 - 2,50,000<br>കൺവീനർ - മോഹനൻ.സി.ജി.<br>എം.ബുക്ക് - 125/16-17 | 1,40,100 |
| 3) | തിരുമൂലപുരം - ആഞ്ഞിലിമൂട് റോഡ് കോൺക്രീറ്റിംഗ് 344/17<br>4,99,000/-<br>പ്രവൃത്തിമൂല്യം - 4,99,000/- | 3,33,500 |

| | | |
|---|---|---|
| | ബിൽ നം. E1/CFC/72/16/31.3.17<br><br>കൺവീനർ - ജിബിൻ കാലായി<br><br>എം.ബുക്ക് – 132/16-17 | |
| 4) | ആഞ്ഞിലിമൂട് – ലത്തീൻ കോളനി റോഡ് കോൺക്രീറ്റിംഗ് 343/17<br><br>4,99,000/-<br><br>പ്രവൃത്തിമൂല്യം – 4,99,000/-<br><br>ബിൽ നം. E1/CFC/74/16/31.3.17<br><br>കൺവീനർ - ജിബിൻ കാലായി<br><br>എം.ബുക്ക് – 128/16-17 | 1,95,800 |
| 5) | അജൈവ മാലിന്യ സംസ്കരണ മെറ്റീരിയൽ റിക്കവറി സെന്റർ 319/17<br><br>4,99,000<br><br>പ്രവൃത്തിമൂല്യം – 4,98,938<br><br>ബിൽ നം. E1/CFC/31/17-18/30.6.18<br><br>കൺവീനർ - മോഹനൻ.സി.ജി.<br><br>എം.ബുക്ക് – 130/16-17 | 1,60,600 |
| 6) | പ്ലാസ്റ്റിക് സെഗ്രിഗേഷൻ യൂണിറ്റ് നിർമ്മാണം 320/17<br><br>4,96,000<br><br>ബിൽ നം. E1-CFC/68/16-17/30.3.17<br><br>പ്രവൃത്തിമൂല്യം – 4,99,149 (2017-18-ൽ ചെലവ്)<br><br>കൺവീനർ - മോഹനൻ.സി.ജി.<br><br>എം.ബുക്ക് – 134/16-17 | 2,34,120<br><br>(സിമന്റ് ബില്ലുകൾ ഒഴികെ) |
| 7) | മുനിസിപ്പൽ പാർക്ക് ചുറ്റുമതിൽ 200/17<br><br>4,95,000/-<br><br>പ്രവൃത്തിമൂല്യം – 4,93,808<br><br>ബിൽ നം. E1/CFC/71/16/31.3.17<br><br>കൺവീനർ - നന്ദകുമാർ<br><br>എം.ബുക്ക് – 102/16-17 | 3,81,800 |
| 8) | ക്രിക്കറ്റ് സ്റ്റേഡിയം റോഡ് നവീകരണം 184/17<br><br>4,95,000<br><br>പ്രവൃത്തിമൂല്യം – 4,91,939/-<br><br>ബിൽ നം. E1/MGR/13/16-17/31.3.17<br><br>കൺവീനർ - ജയദേവൻ<br><br>എം.ബുക്ക് – 137/16-17 | 4,79,400<br><br>(സിമന്റ് ബില്ലുകൾ ഒഴികെ) |
| 9) | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് 191/17<br><br>4,90,000 | വൌച്ചറുകൾ ലഭ്യമായില്ല |

| | | |
|---|---|---|
| | ബിൽ നം. E1-CFC/65/16/31.3.17<br><br>പ്രവൃത്തിമൂല്യം – 2,00,000/- (part)<br><br>കൺവീനർ - ജയദേവൻ<br><br>എം.ബുക്ക് – 191/16-17 | |
| 10) | സുവർണ്ണ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് 190/17<br><br>4,90,000<br><br>പാർട്ട് ബിൽ – 2,50,000<br><br>ബിൽ നം. E1-CFC/85/16-17/31.3.17<br><br>പ്രവൃത്തിമൂല്യം – 1,92,926/-<br><br>കൺവീനർ - ജിബിൻ കാലായിൽ | വൌച്ചറുകൾ ലഭ്യമായില്ല |
| 11) | കായപ്പുറത്ത് റോഡ് റീടാറിംഗ് 282/17<br><br>3,00,000/-<br><br>പാർട്ട് ബിൽ – 1,17,288<br><br>ബിൽ നം. 1/MGR/2/16-17/19.3.17<br><br>കൺവീനർ - ബിജു.കെ.ജോസഫ് (part payment) | വൌച്ചറുകൾ ലഭ്യമായില്ല |

പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷം ഗുണഭോക്തൃ സമിതി കൂടി വരവ് – ചെലവ് കണക്കുകൾ അംഗീകരിച്ച് സമിതി പിരിച്ചുവിടേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയുടെ പണമിടപാടുകൾ കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൌണ്ടിലൂടെയല്ല നടത്തിയിരിക്കുന്നത്. കൺവീനർമാർ പണി നടത്തുന്നതിനു മുന്നോടിയായി മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല. വർക്ക് ബിൽ പരിശോധിച്ചതിൽ പ്രവൃത്തിമൂല്യത്തിൽ നിന്നും നികുതികൾ കുറച്ചതിനു ശേഷമാണ് കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുള്ളത് എന്നുകണ്ടു. ഇതിൽ നിന്നും നഗരസഭ നടപ്പിലാക്കിയ കൺവീനർ പ്രവൃത്തികൾ എല്ലാം തന്നെ നടത്തിയത് കൺവീനർമാരെ മുൻനിർത്തി കരാറുകാരാണെന്ന് സ്പഷ്ടമാണ്. കൺവീനർ പ്രവൃത്തികളുടെ മറവിൽ കരാറുകാർ പ്രവൃത്തി നടത്തുകവഴി ഗണ്യമായ നഷ്ടമാണ് പൊതുഖജനാവിന് ഉണ്ടാകുക. ഒരു കൺവീനർ തന്നെ വിവിധ പ്രവൃത്തികൾക്ക് കൺവീനർമാരായ സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# (3-22) തുരുത്തിമലപ്പാറ കുടിവെള്ള പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭയിലെ 17-ാം വാർഡിൽ തുരുത്തിമല കോളനിയിൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതിയാണ് തുരുത്തിമലപ്പാറ കുടിവെള്ള പദ്ധതി. മോട്ടോർ ഷെഡ്, 10 എച്ച്.പി. മോട്ടോർ, ഓവർഹെഡ് ടാങ്ക്, വിതരണ പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിലേക്കായി 11 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്റ്റിന് 10.6.2015-ലെ (1)-ാംനമ്പരായി ഭരണാനുമതിയും 320/15-16/EE/TVLA, തീയതി 18.6.2015 ആയി സാങ്കേതികാനുമതിയും RO2/745/DPO/DPC/2015/Pta/2.7.15 നമ്പരായി ഡി.പി.സി. അംഗീകാരവും ലഭിച്ചിട്ടുള്ള ടി പ്രോജക്ടിൽ 2016-17 വർഷം 4,27,648 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
|---|---|
| പ്രോജക്ട് നം. | 45/17 |
| ഫയൽ നമ്പർ | ഇ2-16507/15 |
| അടങ്കൽ | 11,00,000 – SCP |
| ബിൽ നമ്പർ | 1492/31.3.16 – 2,29,447/-<br><br>E1-PF(SCP)2/16/31.3.17 - 4,27,648/-<br><br>E1-SCP/91/17-18/12.7.17 - 4,34,449/- |
| പ്രവൃത്തിമൂല്യം (1.345% ടെണ്ടർ കുറവ് കഴിച്ച്) | 1099934 – 14794 = 1085139 |
| കരാറുകാരൻ, നിരക്ക് | പി കെ സുരേഷ് കുമാർ , 1.345% കുറവ് |
| എം.ബുക്ക് നം. | 195/15-16 (1) & (2) |

ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 5.2.16-ന് പ്രവൃത്തി ആരംഭിച്ച് 23.3.16 വരെ ചെയ്തതിന ശേഷം ഒന്നാം പാർട്ട് ബിൽ കൊടുത്തിട്ടുണ്ട്. പിന്നീട് എം.ബുക്കിലെ മെഷർമെന്റ് അനസരിച്ച് പ്രവൃത്തി 10.3.17-ലാണ് പുനരാരംഭിച്ചത്. കാലാവസ്ഥ അനുകൂലമല്ലാഞ്ഞതിനാൽ കിണറിന്റെ പണി പൂർത്തീകരിച്ചില്ല. അതിനാവശ്യമായ നിലവാരമുള്ള ജി.ഐ. പൈപ്പ് കിട്ടാൻ കാലതാമസമെടുക്കുമെന്നതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.3.17 വരെ നീട്ടിത്തരണമെന്ന് കരാറുകാരൻ 3.8.16-ൽ നൽകിയ അപേക്ഷ പരിഗണിച്ച് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. എന്നാൽ 23.3.16-ന ശേഷം 10.3.17-ലാണ് പ്രവൃത്തി പുനരാരംഭിച്ചത് എന്നതും, പൂർത്തീകരണ കാലാവധിയായ 2.4.2016 വരെ കാലാവധി നീട്ടുന്നതിന് ടിയാൻ അപേക്ഷ നൽകിയിട്ടില്ല എന്നതും ഗൗരവത്തോടെ കാണുന്നു. കരാർ കാലയളവിനുള്ളിൽ പണി പൂർത്തിയാക്കാതെയിരുന്ന കരാറുകാരൻ കരാർ കാലാവധി കഴിഞ്ഞ് നൽകിയ അപേക്ഷ പരിഗണിച്ച് സമയദൈർഘ്യം നീട്ടിക്കൊടുത്ത മുനിസിപ്പൽ എഞ്ചിനീയറുടെ നടപടി അംഗീകരിക്കാനാകില്ല. കരാർ നീട്ടിനൽകിയതിന് കരാറുകാരനമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല എന്നതും ക്രമവിരുദ്ധമാണ്.

2) എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ (ചില ഇനങ്ങൾ ഒഴിവാക്കുകയും ചില ഇനങ്ങൾ അധികമായി ചെയ്യുകയും പുതിയതായി ചിലത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്). ആയതിന് ഭരണാനമതിയും സാങ്കേതിക അനമതിയും നേടിയതായി കാണുന്നില്ല. ഏതാനം പ്രവൃത്തിയിനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി, അളവ് | റിവൈസ്ഡ് എസ്റ്റിമേറ്റ് | എം.ബുക്ക് പ്രകാരം ചെയ്ത അളവ് | കൂടുതൽ/ കുറവ് |
|---|---|---|---|---|
| 1. | Providing and laying in position cc of specific grade excluding the cost of centering and shuttering.<br>1 എം$^3$ @ 5671.68 | 1.58 എം$^3$ @ 6062.47 | 1.5 @ 6062.48 | +3422 |
| 2. | Providing and fixing panelled and glazed shutters for door, windows etc. 5 എം$^3$ @ 3391.68<br>(DSR 9.5.1.2) | 1.6 എം$^2$ @ 2454.28 | 1.6 എം$^2$ @ 2454.28 | -13032 |
| 3. | Providing and laying in position specified grade of RCC excluding the cost of centering, shuttering, finishing and reinforcement<br>DSR 5.1.2<br>2.5 എം$^3$ @ 8781.47 | 3.5 എം$^3$ @ 10261.96/ എം$^3$ | 3.526 @ 10261.96/ എം$^3$ | +14230 |
| 4. | Supplying and fixing 10 HP motor pump set - 7700 | 1 @ 77000 | 1 No. @ 80500 | |
| 5. | Electrical Panel board fitting - 6000 | 60000 | 48000 | |
| 6. | Phase line for KSEB - 98000 | 98000 | 36628 | |

3) എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന മുന്നോടിയായിട്ടുള്ള കാര്യകാരണ സഹിതമുള്ള റിപ്പോർട്ടിന് അംഗീകാരം വാങ്ങിയതിന ശേഷം മാത്രം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന പകരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

4) കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 35/31.8.17) മറുപടി ലഭ്യമാക്കിയില്ല. അപാകതകളിന്മേൽ ചെലവുതുക 4,27,648 രൂപ തടസ്സപ്പെടുത്തുന്നു.

# (3-23) പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷം ഡി.പി.സി. അംഗീകാരം വാങ്ങി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ജി.ഒ.(എം.എസ്.)362/2013/തസ്വഭവ, 16.11.2013 നമ്പർ ഉത്തരവ് ഖണ്ഡിക 4 - പദ്ധതി ആസൂത്രണത്തിന്റെ ആവശ്യകതയും പൊതുവ്യവസ്ഥകളും എന്നതിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി 2014-15-ൽ ആവിഷ്ക്കരിച്ച താഴെപ്പറയുന്ന പദ്ധതി ഡി.പി.സി. അംഗീകാരം വാങ്ങാതെ 2015-16-ൽ നടപ്പിലാക്കുകയും 2016-17 വർഷത്തെ പദ്ധതിയിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ഡി.പി.സി. അംഗീകാരവും വാങ്ങിയതിനു ശേഷം ചെലവ് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

(1) പ്രിയദർശിനി തീപ്പനി - പുതുച്ചിറ റോഡ് സൈഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 357/17 |
| ഫയൽ നമ്പർ | ഇ2-20261/15 |
| അടങ്കൽ | 3,00,000 – CFC |
| ബിൽ നമ്പർ | E1-CFC/12/16-17/28.2.17 – 2,98,966/- |
| കൺവീനർ | അർജ്ജുൻ സുരേഷ് |
| എം.ബുക്ക് നം. | 211/15-16 |
| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

1) 30.9.2015-ൽ ഭരണാനുമതിയും 25.2.16-ൽ സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തി ഡി.പി.സി. അംഗീകാരം വാങ്ങാതെ നടപ്പിലാക്കി. (എം.ബുക്ക് നം. 211/15-16 പേജ് 1 മുതൽ 12 വരെ). 31.5.16-ൽ പ്രവൃത്തി പൂർത്തിയാക്കി എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. 29.2.16-ൽ കരാറുടമ്പടി വച്ച പ്രവൃത്തി 31.5.16-ൽ പൂർത്തിയാക്കിയതിനു ശേഷം 2016-17 വർഷം പുതിയ പ്രോജക്ട് എന്ന രീതിയിൽ ഡി.പി.സി. അംഗീകാരം വാങ്ങി ചെലവ് തുക നൽകിയ നടപടി തെറ്റാണ്.

2) ടെണ്ടർ മുഖേന നിർവഹണം നടത്തുന്നത് എന്നാണ് ഡി.പി.സി. അംഗീകാരം വാങ്ങിയ പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ സമിതി മുഖാന്തിരമാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്.

തനത് ഫണ്ട് വകയിരുത്തി 2015-16 വർഷം ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങിയ പ്രോജക്ടിന് 2016-17-ൽ സി.എഫ്.സി. ഗ്രാന്റ് വകയിരുത്തുകയും പുതിയ പ്രോജക്ട് എന്ന നിലയിൽ ഡി.പി.സി. അംഗീകാരം വാങ്ങുകയും ചെയ്ത് ചെലവ് തുക നൽകിയ കൗൺസിലിന്റെ നടപടിയും, മുനിസിപ്പൽ എഞ്ചിനീയറുടെ നടപടിയും പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമാണ്. അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതാണ്. ചെലവുതുകയായ 2,98,966/- രൂപ തടസ്സപ്പെടുത്തുന്നു.

(2) പരുത്തിക്കാട്ടിൽ - പാലത്തിങ്കൽ റോഡ് കോൺക്രീറ്റിംഗ്

| | |
|---|---|
| പ്രോജക്ട് നം. | 375/2017 |
| അടങ്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2,00,000/- |
| ചെലവ് - ബിൽ നം. | E1-CFC/26/16-17/29.3.17 – 1,98,347 |
| കരാറുകാരൻ | പ്രവീൺ കെ നായർ |
| നിരക്ക് | 0.30% കുറവ് |
| എം.ബുക്ക് നം. | 241/14-15 |
| ഫയൽ നം. | PW1-11997/14 |

(1) 8.12.14-ലെ XVII-ാം നമ്പർ തീരുമാനമായി ഭരണാനുമതിയും 17.4.2014-ലെ 52/14-15 നമ്പരായി സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തിക്ക് 2014-15-ൽ ഡി.പി.സി. അംഗീകാരം വാങ്ങിയിരുന്നില്ല. (ഡി.പി.സി. അംഗീകാരം വാങ്ങാതെ പ്രവൃത്തി ടെൻഡർ ചെയ്യുകയും (30.1.15) ലഭിച്ച ടെൻഡറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പ്രവീൺ കെ നായർ (0.30% കുറവ്) എന്നയാളുടെ ടെൻഡർ 17.3.15-ലെ നം.I തീരുമാനമായി അംഗീകരിക്കുകയും 18.3.15-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു.

(2) 21.3.2015-ൽ 241/14-15 നമ്പരായി കരാർ ഉടമ്പടി വച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 21.6.15 വരെയായിരുന്നു. (13.7.2015 വരെ യാതൊരു പ്രവൃത്തികളും ചെയ്തിട്ടില്ലായെന്ന വാർഡ് കൗൺസിലറുടെ കത്ത് ഫയലിലുണ്ട്). കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതിരുന്നതിനെ തുടർന്ന് കാലാവധി നീട്ടിക്കൊടുക്കണമെന്ന കരാറുകാരന്റെ അപേക്ഷയിൽ തീയതിയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലോ, അനുവാദം നല്കിയതായോ രേഖപ്പെടുത്തൽ ഇല്ല. സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുമില്ല.

(3) എം.ബുക്ക് പരിശോധിച്ചതിൽ 8.3.2016-ൽ പ്രവൃത്തിയുടെ അളവ് എടുത്തിട്ടുള്ളതായും 29.3.16-ൽ പൂർത്തീകരിച്ചതായും കാണുന്നു. (പ്രവൃത്തിമൂല്യമായ 1,98,347 രൂപയിൽ (നികുതി ഉൾപ്പെടെ) നികുതികൾ കിഴിച്ച് 1,86,447 രൂപ കരാറുകാരന് 2016-17-ൽ നൽകിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2112.1 പ്രകാരം പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കാതെ യഥാർത്ഥ പൂർത്തീകരണത്തിന് ശേഷം ചെയ്ത പ്രവൃത്തികൾ അനധികൃതമാണ് എന്ന് വിലയിരുത്തുന്നു.

നടപടിക്രമങ്ങളിലെ വീഴ്ചകളിന്മേലും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിയിൽ ഉൾപ്പെടുത്താതെ പ്രവൃത്തി നടപ്പാക്കിയതിനും വിശദീകരണം നൽകണമെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/16.8.17) മറുപടി ലഭ്യമാക്കിയില്ല. അപാകതകളിന്മേൽ ചെലവുതുക 1,98,347/- രൂപ തടസ്സപ്പെടുത്തുന്നു.

# (3-24) നഗരസഭാ കൗൺസിൽ ഹാൾ നവീകരണം - എയർകണ്ടീഷണർ വാങ്ങൽ - നിർവഹണത്തിലെ വീഴ്ചകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ4-3549/16 |
| പ്രോജക്ട് നമ്പർ | 383/16 |
| അടങ്കൽ | 3,00,000 - CFC |
| ചെലവ് | E1-CFC/6/16-17/21.11.16 – 2,99,860/- |

നഗരസഭാ കൗൺസിൽ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് എയർകണ്ടീഷണർ വാങ്ങി ഫിറ്റ് ചെയ്തതിന് മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 2,99,860 രൂപ കരാറുകാരനായ
ശ്രീ. ആർ.ചന്ദ്രലാലിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 29/16.8.17) മറുപടി ലഭ്യമാക്കിയില്ല.

1. അടങ്കൽ തയ്യാറാക്കുന്നതിലേക്കായി അംഗീകൃത ഡീലർമാരിൽ നിന്നും വാങ്ങിയ ഇൻവോയിസുകൾ, തയ്യാറാക്കിയ സ്പെസിഫിക്കേഷനുകൾ.
2. പത്രപ്പരസ്യം
3. ശ്രീ. ആർ.ചന്ദ്രലാൽ അംഗീകൃത ഡീലറാണെന്നു തെളിയിക്കുന്ന രേഖകൾ.
4. വാങ്ങിയ എയർകണ്ടീഷണറുകളുടെ ഒറിജിനൽ ബില്ലുകൾ
5. വാറന്റി രേഖകൾ
6. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ്
7. സ്റ്റോക്ക് രജിസ്റ്റർ
8. കരാർ ഉടമ്പടി
9. ടെൻഡർ ഷെഡ്യൂളിൽ ഒരു യൂണിറ്റിന്റെ വില, ഡെലിവറി പീരീഡ്, Terms of delivery, Taxes, duties etc, Transportation, Insurance, Discount if any, payment terms, validity of tender, warranty എന്നിവ കൊടുത്തതിന്റെ വിവരം.

രേഖകളുടെ അഭാവത്തിൽ ചെലവുതുക 2,99,860/- രൂപ തടസ്സപ്പെടുത്തുന്നു. 60 ദിവസത്തിനകം മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കാത്തപക്ഷം ചെലവ് തുക നിരാകരിക്കുന്നതായിരിക്കും.

# (3-25) മരാമത്ത് പ്രവൃത്തികൾ - നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ കരാറുകാരനെ ഏൽപ്പിക്കുമ്പോൾ കരാർ പ്രകാരം നിശ്ചിത കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്നു മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കാവൂ. [ജി.ഒ.(പി) 13/2012/പി.ഡബ്ല്യൂ.ഡി./1.2.12 സെക്ഷൻ 2112, 2112(1)]. എന്നാൽ

അപ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങൾ ഒന്നുമില്ലാതെ പണി പൂർത്തീകരിക്കുന്നതിന് പിഴ ചുമത്താതെ കാലയളവ് ദീർഘിപ്പിച്ചു നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1) | പ്രോജക്ടിന്റെ പേര് | നഗരസഭാ കോമ്പൗണ്ടിൽ ടൂവീലർ ഷെഡ് നിർമ്മാണം |
| | പ്രോജക്ട് നമ്പർ | S0056/17 (സ്പിൽ ഓവർ) |
| | ആകെ അടങ്കൽ | 2,00,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | കരാർ തുക | 2,00,000 രൂപ |
| | ചെലവ് | 1,99,958 |
| | എം.ബുക്ക് നമ്പർ | 4/16-17 |
| | കരാറുകാരൻ | ശ്രീ. പി.എ.മാത്യു |
| | ബിൽ നമ്പർ, തീയതി | 22/16-17 / 10.06.2017 |
| | സൈറ്റ് കൈമാറിയ തീയതി | 3.6.2016 |

03.06.2016-ലെ 4/16-17-ാം നമ്പർ കരാർ, 30.6.16-ലെ ഇ4-3550/16-ാം നമ്പർ വർക്ക് ഓർഡർ എന്നിവ പ്രകാരം 02.08.2016-ന മുമ്പ് പണി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 16.11.2016-ലാണ്. നിയമാനുസൃത പിഴ ഒടുക്കേണ്ട വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 03.08.2016 മുതൽ 02.11.2016 വരെ 1% | 200000 x 1% | 2000 |
| 03.11.2016 മുതൽ 16.11.2016 വരെ 2% | 200000 x 2% x 43/90 | 1911 |
| ആകെ | | 3911 |

| | | |
|---|---|---|
| 2) | പ്രോജക്ടിന്റെ പേര് | ബഥനി ചാത്തമല റോഡ് - മെറ്റലിംഗ്, ടാറിംഗ്, വീതി കൂട്ടി ടാറിംഗ് (ജനറൽ) |
| | പ്രോജക്ട് നമ്പർ | S0361/17 |
| | ആകെ അടങ്കൽ | 12,50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | കരാർ തുക | 12,38,400 |
| | ചെലവ് | 12,38,365 |
| | കരാറുകാരൻ | ശ്രീ. റ്റി.വി.മാത്യു |
| | ബിൽ നമ്പർ, തീയതി | 1124/23.2.17 – 12,38,365/- |
| | സൈറ്റ് കൈമാറിയ തീയതി | 27.7.2016 |

27.07.2016-ലെ 11/16-17-ാം നമ്പർ കരാർ പ്രകാരം ടി പ്രവൃത്തി 21.11.2016-ന് മുൻപ് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ എം.ബുക്ക് പ്രകാരം പണി പൂർത്തീകരിച്ചത് 12.01.2017-ൽ ആണ്. നിയമാനുസൃത പിഴ ഒടുക്കേണ്ട വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 22.11.2016 മുതൽ 12.01.2017 വരെ 1% | 12,38,400 x 1% x 52/90 | 7152 |

| | | |
|---|---|---|
| 3) | പ്രോജക്ട് നമ്പർ | 374/17 എം.സി. റോഡ് - മണലിൽപ്പടി റോഡ് മെയിന്റനൻസ് |
| | ഫയൽ നമ്പർ | PW2-18416/14 |
| | കരാറുകാരൻ | പ്രവീൺ കെ നായർ |
| | നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| | എം.ബുക്ക് | 245/14-15 |
| | പ്രവൃത്തിമൂല്യം | 119978 |
| | ബിൽ നമ്പർ | 1249/18.3.17 = 119978 |

21.3.2015-ൽ കരാർ ഉടമ്പടി വച്ച് 21.3.15-ൽ പ്രവൃത്തിസ്ഥലം കൈമാറിയതുമായ ടി പ്രവൃത്തി 21.6.2015-നകം പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തികൾ ആരംഭിച്ചതുതന്നെ 14.3.16 മുതലാണ്. 17.6.15-ൽ പ്രതികൂല കാലാവസ്ഥ മൂലം ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നതായും പൂർത്തീകരണത്തിന് മതിയായ സമയം അനുവദിക്കണമെന്നും കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ഈ കത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് വയ്ക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. യഥാർത്ഥ സമയത്തിന്റെ 20% അധികരിച്ച് പൂർത്തീകരണ കാലാവധി അനുവദിക്കുവാനും പാടില്ല. [ജി.ഒ.(പി) 13/2012/ പി.ഡബ്ല്യു.ഡി./1.2.2012 സെക്ഷൻ 2112, 2112(1)]. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് നിയമാനുസൃത പിഴ ഈടാക്കി (2112.1) ദീർഘിപ്പിക്കാമെന്ന വ്യവസ്ഥ നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. പിഴ ഈടാക്കേണ്ടതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 22.6.15 മുതൽ 21.9.15 വരെ 1% | 117000 x 1% | 1170 |
| 22.9.15 മുതൽ 21.12.15 വരെ 2% | 117000 x 2% | 3406 |
| 22.12.15 മുതൽ 31.3.16 വരെ 2% | 117000 x 2% | 3406 |
| ആകെ | | 7982 |

മുകളിൽ സൂചിപ്പിച്ച മൂന്ന് പ്രവൃത്തികളും കരാർ പ്രകാരം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ ആകെ 19045/- രൂപ (3911+7152+7982) ഈ പ്രവൃത്തി ചെയ്ത കരാറുകാരിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# (3-26) ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷം നഗരസഭയിൽ ഗുണഭോക്തൃ കൺവീനർമാർ മുഖേന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. കൺവീനർമാർ മുഖേന പ്രവൃത്തികൾ ചെയ്യുമ്പോൾ കൺവീനറുടെ യഥാർത്ഥ ചെലവോ എസ്റ്റിമേറ്റ് തുകയോ അതിൽ ഏതാണോ കുറവ് ആയത് മാത്രമേ കൺവീനർക്ക് അർഹതയുള്ളൂ. എന്നാൽ കൺവീനർമാർ നേരിട്ട് ചെയ്ത പ്രവൃത്തികളിൽ കൺവീനർമാരുടെ യഥാർത്ഥ കണക്കോ സാധന സാമഗ്രികൾ വാങ്ങിയ ബില്ലുകളോ ഹാജരാക്കാതെ വാല്യുവേഷൻ പ്രകാരമുള്ള തുകയാണ് അവർക്ക് നൽകിയിട്ടുള്ളത്. അത്തരം കൺവീനർ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1) | പ്രോജക്ടിന്റെ പേര് | മാമ്മൂട്ടിൽപടി റോഡ് കോൺക്രീറ്റിംഗ് (ജ) |
| | പ്രോജക്ട് നമ്പർ | S.0186/17 |
| | പദ്ധതി അടങ്കൽ | 2,61,500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ചെലവ് | 2,42,781 രൂപ |
| | ബിൽ നമ്പർ/തീയതി | 40/16-17 / 31.03.2017 |
| | കൺവീനർ | ശ്രീ. സ്റ്റാൻലി ജോൺ |

| | | |
|---|---|---|
| 2) | പ്രോജക്ടിന്റെ പേര് | കുട്ടനാൽ പടി കാക്കത്തുരുത്ത് റോഡ് കോൺക്രീറ്റിംഗ് (ജ) |
| | പ്രോജക്ട് നമ്പർ | S0157/16 |
| | പദ്ധതി അടങ്കൽ | 4,85,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ചെലവ് | 4,84,741 രൂപ |
| | ബിൽ നമ്പർ/തീയതി | 70/16-17/31.03.2017 |
| | കൺവീനർ | ശ്രീ. ശശിധരൻ പിള്ള |

| | | |
|---|---|---|
| 3) | പ്രോജക്ടിന്റെ പേര് | ചെറുപ്പന്താനത്ത് പടി - കവിയൂർ പുഞ്ച റോഡ് കോൺക്രീറ്റ് (ജനറൽ) |
| | പ്രോജക്ട് നമ്പർ | S.0185/17 |
| | പദ്ധതി അടങ്കൽ | 2,62,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ചെലവ് | 2,43,536 രൂപ |
| | ബിൽ നമ്പർ/ തീയതി | 34/15-16/03.03.2017<br>(മറ്റ് ബില്ലുകളിലെല്ലാം 16-17 എന്നാണ് വർഷം എഴുതിയിട്ടുള്ളത്) |
| | കൺവീനർ | ശ്രീ. മോൻസി കുരുവിള |

| | | |
|---|---|---|
| 4) | പ്രോജക്ടിന്റെ പേര് | കളറിൽ പടി - അരീക്കരപ്പടി റോഡ് കോൺക്രീറ്റ് (ജനറൽ) |
| | പ്രോജക്ട് നമ്പർ | S0128/17 |
| | പദ്ധതി അടങ്കൽ | 3,00,000 രൂപ |
| | ചെലവ് | 2,96,661 രൂപ |
| | ബിൽ നമ്പർ/തീയതി | 43/16-17/13.03.2017 |
| | കൺവീനർ | ശ്രീ. ടി.കെ.ശെൽവൻ |

| | | |
|---|---|---|
| 5) | പ്രോജക്റ്റിന്റെ പേര് | ശ്രീവല്ലഭക്ഷേത്രം ആറാട്ടുകടവ് - വൈരവനപ്പടി റോഡ് കോൺക്രീറ്റിംഗ് |
| | പ്രോജക്റ്റ് നമ്പർ | S0240/17 |
| | പദ്ധതി അടങ്കൽ | 4,95,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ചെലവ് | 4,85,335 രൂപ |
| | ബിൽ നമ്പർ/തീയതി | E1/CFC/54/16-17/31.3.17 |
| | കൺവീനർ | ശ്രീ. നവാസ് അന്തിച്ചിറ |

മുകളിൽ പറഞ്ഞ കൺവീനർ പ്രവൃത്തികളിൽ കൺവീനർമാരുടെ യഥാർത്ഥ കണക്കോ ചെലവ് രേഖകളോ കൂടാതെ ബിൽ പ്രകാരം തുക നൽകിയതിനാൽ ചെലവ് ചെയ്ത ആകെ 17,53,054 രൂപ (2,42,781+4,84,741+2,45,36+2,96,661+4,85,335) തടസ്സത്തിൽ വയ്ക്കുന്നു. കൺവീനർമാരുടെ യഥാർത്ഥ ചെലവ് കണക്കും രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# (3-27) വനിതാ ഘടക പദ്ധതി - ഫണ്ട് വകമാറ്റി ചെലവഴിച്ചു

ഓഡിറ്റ് വർഷം വനിതാ ഘടക പദ്ധതിയിൽ 6 പ്രോജക്ടുകൾക്കായി 2,07,81,470 രൂപ വകയിരുത്തി അംഗീകാരം വാങ്ങിയതിൽ 5 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനായി വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കേണ്ടതാണെന്നും, ഇതിനായി വികസന ഫണ്ടിൽ നിന്നും 10% തുക നീക്കി വയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കുക, സ്ത്രീകൾ ധാരാളമായി എത്തുന്ന ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക, സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളുമാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, ഭൂമി വാങ്ങൽ, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല. എന്നാൽ പ്രായപൂർത്തിയാകാത്ത ഒരു പുരുഷനും അംഗമായി ഇല്ലാത്തതും സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബത്തിലെ സ്ത്രീകൾക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്ത താഴെപ്പറയുന്ന പ്രോജക്ടുകൾ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 15 | ഉറവിട മാലിന്യ സംസ്കരണം | 11,86,270 | - |
| 84/17 | വിവാഹ ധനസഹായം | 7,50,000 | 7,50,000 |
| 121/17 | അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം | 23,65,200 | 23,46,701 |

വനിതാ ഘടക പദ്ധതിയുടെ തുക വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽ പെടുത്തുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വനിതാ ഘടക പദ്ധതി ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# (3-28) സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല

2016-17 വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ല് പരിശോധിച്ചതിൽ, പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ടാക്സ് കണക്കാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് ചട്ടം (Determination of value) 2006-ലെ ചട്ടം 2എ(ii) അനുസരിച്ച് ഒറിജിനൽ വർക്ക് ചെയ്യുമ്പോൾ പ്രവൃത്തിമൂല്യത്തിന്റെ 40 ശതമാനത്തിന്റെ 15 ശതമാനവും, പുനരുദ്ധാരണ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 70 ശതമാനത്തിന്റെ 15 ശതമാനവും സർവീസ് റിസീവർ സർവീസ് ടാക്സായി അടവ് വരുത്തേണ്ടതാണ്. (എസ്റ്റിമേറ്റിൽ സേവന നികുതി ഒടുക്കുന്നതിനു വേണ്ട തുക വകയിരുത്തിയിരുന്നുവെങ്കിലും ഫൈനൽ ബിൽ നൽകിയ വേളയിൽ നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന സേവന നികുതി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ല) പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ വിവരം | പ്രവൃത്തിമൂല്യം | ഈടാക്കേണ്ടിയിരുന്ന സേവന നികുതി നിരക്ക്, നികുതി | ബിൽ നമ്പരും തീയതിയും |
|---|---|---|---|---|
| 1. | കാവുംഭാഗം ഗവ: എൽ.പി.എസ്. ക്ലാസ്സ് | 4,65,901 | 6% | E1-WB/2/16-17/ |

| | | | | |
|---|---|---|---|---|
| | മുറി നിർമ്മാണം<br>SO 30/17<br>അടങ്കൽ 7,26,795<br>ശ്രീ. പി.എ.മാത്യു, കരാറുകാരൻ | | 27954 | 23.11.16 -<br>4,65,901 |
| 2. | നഗരസഭാ കാര്യാലയത്തിൽ ക്യൂബിക്കിൾ നിർമ്മാണം<br>50/17<br>17,00,000<br>ഏജൻസി - കെ.എസ്.ഐ.ഇ. | 16,95,279 | 6%<br>1,01,717 | E1-WB/1/16-17/ 22.10.16 -<br>16,95,279 |
| 3. | നഗരസഭാ കോമ്പൗണ്ടിൽ ടൂ വീലർ പാർക്കിംഗ് ഷെഡ്<br>56/17<br>2,00,000<br>ശ്രീ. പി.എ.മാത്യു, കരാറുകാരൻ | 1,99,953 | 6%<br>11,997 | E1/CFC/10/16-17/ 22.1.17 -<br>1,99,953 |
| 4. | 145-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം<br>96/17<br>12,00,000<br>ശ്രീ. പി.കെ.സുരേഷ്കുമാർ, കരാറുകാരൻ | 10,52,057 | 6%<br>63,123 | E1/WB/3/16-17/ 31.3.17 -<br>10,52,057 |
| 5. | 144-ാംനമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം<br>97/17<br>15,00,000<br>ശ്രീ. പി.കെ.സുരേഷ്കുമാർ, കരാറുകാരൻ | 13,49,246 | 6%<br>80,955 | E1/MGNR/3/16-17/ 31.3.17 -<br>13,49,246 |
| 6. | സുവർണ്ണജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണി<br>190/17<br>4,90,000<br>ശ്രീ. ജിബിൻ കാലായിൽ, കൺവീനർ | 1,92,926 | 10.5%<br>20,257 | E1-CFC/44/16-17/ 31.3.17 -<br>2,50,000 |
| 7. | നഗരസഭ - പുതിയ ലീച്ച് പിറ്റ് നിർമ്മാണം, ക്യാബിൻ നിർമ്മാണം, അനുബന്ധ അറ്റകുറ്റപ്പണികൾ<br>193/17<br>4,90,000<br>പ്രവൃത്തിമൂല്യം - 4,90,000<br>കരാറുകാരൻ – ശ്രീ. ചന്ദ്രലാൽ | 4,90,000 | 10.5%<br>51,450 | E1/CFC/76/16/ 31.3.17 -<br>4,90,000 |
| 9. | നഗരസഭാ ഓഫീസിൽ റിക്കാർഡ് റൂം, ക്യാബിൻ ശീതീകരണവും<br>195/17<br>4,50,000<br>കൺവീനർ – ശ്രീ. സന്തോഷ്, നന്ദാവനം | 4,50,000 | 10.5%<br>47,250 | E1/MGR/11/16-17/ 31.3.17 -<br>4,50,000 |
| 10. | എഞ്ചിനീയറിംഗ് വിഭാഗം - റിക്കാർഡ് റൂം, ഗ്രിൽ നിർമ്മാണം, മറ്റ് അനുബന്ധ പ്രവൃത്തികൾ | 1,30,342 | 6%<br>7820 | E1/CFC/57/16-17/ 31.3.17 -<br>1,49,698 |

| | | | | |
|---|---|---|---|---|
| | 199/17<br>1,50,000<br>കൺവീനർ - ശ്രീ. വിജയകുമാർ | | | |
| 11. | കുറ്റപ്പുഴ പി.എച്ച്.സി. - ചുറ്റുമതിൽ നിർമ്മാണം<br>257/17<br>7,72,005<br>ശ്രീ. പി.കെ.സുരേഷ്കുമാർ, കരാറുകാരൻ | 6,02,055 | 6%<br>36,123 | E1/MGNR/9/16-17/31.3.17 -<br>6,02,055 |
| 12. | ഓഫീസ് കെട്ടിടം പുനരുദ്ധാരണവും നവീകരണവും<br>266/17<br>28,72,594<br>കരാറുകാരൻ -<br>ശ്രീ. യോഹന്നാൻ.കെ.എം. | 28,72,594 | 10.5%<br>3,01,622 | Part payment<br>E1/WB/5/16 - 17/31.3.17 -<br>2,89,516 |
| 13. | നഗരസഭാ കാര്യാലയം ആധുനികവൽക്കരിക്കൽ<br>267/17<br>30,00,000<br>ഏജൻസി - SILK | 28,77,973 | 6%<br>1,72,678 | Part payment<br>E1/WB/4/16-17/31.3.17 -<br>7,50,000 |
| 14. | താലൂക്ക് ആശുപത്രി കോമ്പൗണ്ട് വോൾ നിർമ്മാണം, ബ്ലഡ് ബാങ്ക് അറ്റകുറ്റപ്പണികൾ, ഇന്റർ ലോക്ക് ടൈൽ പതിക്കൽ<br>296/17<br>3,00,000<br>കരാറുകാരൻ -<br>ശ്രീ. സുരേഷ് ബാബു | 2,99,995 | 10.5%<br>31,499 | E1/MGNR/13/16-17/ 31.3.17 -<br>2,99,995 |
| 15. | അജൈവ മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് സെഗ്രിഗേഷൻ യൂണിറ്റ്<br>320/17<br>4,96,000<br>കരാറുകാരൻ -<br>ശ്രീ. സുരേഷ് ബാബു<br>കൺവീനർ -<br>ശ്രീ. സി.എസ്.മോഹനൻ | 4,99,149 | 6%<br>29,949 | E1/CFC/18/16-17/ 31.3.17 -<br>4,99,149 |
| 16. | മുനിസിപ്പൽ മാർക്കറ്റ് നവീകരണം<br>335/17<br>4,99,000<br>കരാറുകാരൻ -<br>ശ്രീ. രാധാകൃഷ്ണൻ നായർ | 4,98,929 | 10.5%<br>52,387 | E1/CFC/37/16-17/ 31.3.17 -<br>4,98,929 |
| ആകെ | | | 10,57,781 രൂപ | |

ഫൈനൽ ബില്ലിൽ സേവന നികുതി കണക്കാക്കി ഉൾപ്പെടുത്താതിരുന്നതിനാൽ 2016-17 വർഷം ഈയിനത്തിൽ ചെലവഴിക്കാമായിരുന്ന 10,57,781 രൂപയുടെ ചെലവ് നടന്നില്ല. നികുതിയിനത്തിൽ കേന്ദ്ര സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതാണ്.

# (3-29) വാഹനങ്ങളുടെ ഉപയോഗം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

നഗരസഭയുടെ KL27B 8425 എന്ന കാറിന്റെ 01.04.16 മുതൽ 31.03.17 വരെയുള്ള കാലയളവിലെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചില തീയതികളിൽ പ്രസ്തുതവാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് ലോഗ് ബുക്കിൽ കോളം 6 -ൽ രേഖപ്പെടുത്തിയിട്ടില്ല. യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര് എഴുതാതെ റവന്യൂ ഉദ്യോഗസ്ഥർ അവധി ദിവസങ്ങളിൽ നികുതി പിരിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ പോകുന്നതിന് വാഹനം ഉപയോഗിച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ 02.08.08 ലെ സർക്കുലർ നമ്പർ 41/08 ഉത്തരവിൽ വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനത്തിന്റെ യഥാവിധിയുള്ള ഉപയോഗം ടി വാഹനത്തിന്റെ നിയന്ത്രണാധികാരിയുടെ വ്യക്തിപരമായ ഉത്തരവാദിത്വമായിരിക്കുന്നതാണ് എന്ന് സർക്കുലറിൽ വ്യക്തമാക്കുന്നു. ഔദ്യോഗിക വാഹനത്തിന്റെ നിയന്ത്രണാധികാരിയല്ലാത്തവർ വാഹനം ഉപയോഗിക്കുമ്പോൾ അധികാരിയുടെ അനുമതി പത്രം വാങ്ങി ലോഗ് ബുക്കിൽ സൂക്ഷിച്ചിരിക്കണം. എന്നാൽ വാഹനങ്ങളുടെ അധികാരിയായ സെക്രട്ടറിയുടെ അനുമതിപത്രം വാങ്ങാതെ റവന്യൂ ഉദ്യോഗസ്ഥർ മുകളിൽ സൂചിപ്പിച്ചിട്ടുള്ള തീയതികളിൽ നികുതി പിരിവിന് വിവിധ വാർഡുകളിൽ പോയതായി കാണുന്നു. ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും ശക്തമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# (3-30) ഹോമിയോ ഡിസ്പെൻസറിക്ക് 1.5 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹിച്ച 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ' (പ്രോജക്ട് നം S0021/17. S0022/17) എന്ന പദ്ധതി പ്രകാരം കുറ്റപ്പുഴ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിനുവേണ്ടി 1,00,000രൂപ ട്രഷറി ബിൽ നം. 1122/22.03.17 പ്രകാരവും 50,000 രൂപ ബിൽ നം.1118/2.3.17 പ്രകാരവും ആലപ്പുഴയിലെ എം.ഡി, ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആലപ്പുഴ ശാഖയിലെ 34306403911 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ നാളിതു വരെ മരുന്നു ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# (3-31) മരാമത്ത് പ്രവൃത്തികൾ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയിന്മേൽ ലാഭവിഹിതം കണക്കാക്കി - അധികച്ചെലവ്

MORD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് അധികനിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകിയതായി കണ്ടു. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കൺവീനർ പ്രവൃത്തികൾക്ക് 10% ഓവർഹെഡ് ചാർജ്ജും കരാറുകാർ മുഖേനയുള്ള പ്രവൃത്തികൾക്ക് 10% ലാഭവിഹിതവും 10% ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെയുള്ള നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 'പ്രൈസ്'' സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ധനവകുപ്പിന്റെ ജി.ഒ.(പി) 30/2016/ധനം, തീയതി 29.2.2016 നമ്പർ ഉത്തരവിലുണ്ട്. MORD സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ്‌വെയറിലെ ഡാറ്റാ നിരക്കിൽ 10% ഓവർഹെഡ് ചാർജ്ജും, 10% ലാഭവിഹിതവും നൽകിയിട്ടുണ്ട്. എന്നാൽ MORTH സ്പെസിഫിക്കേഷനിൽ ഡി.എസ്.ആർ. നിരക്കിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെ 15 ശതമാനത്തിൽ പരിമിതപ്പെടുത്തിയാണ് അനുവദിച്ചത്. ഗുണഭോക്തൃസമിതിയുടെ നിരക്ക് നിജപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചെങ്കിലും (ഡിബി3/6512/(ബി)2013, തീയതി 29.12.16). പ്രൈസ് സോഫ്റ്റ്‌വെയറിൽ ഇത് കുറവ് ചെയ്തിട്ടില്ല. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ച പ്രവൃത്തികൾക്ക് നൽകിയ പ്രവൃത്തിമൂല്യത്തിൽ 5%, 2.5% എന്ന രീതിയിൽ അധികനിരക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്പഷ്ടീകരണം ലഭ്യമായിട്ടില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# (3-32) എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തിമൂല്യത്തിൽ അധികമായി ബിൽ പ്രകാരം തുക പിൻവലിച്ചത് - 1,49,253 രൂപ തിരിച്ചടയ്ക്കണം

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ പ്രോജക്ട് ഫയൽ, എം.ബുക്ക്, ബിൽ ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ പ്രവൃത്തി മൂല്യത്തിലും അധികമായി തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | കരാറു കാരൻ/ കൺവീനർ | എം.ബുക്ക് പ്രകാരം പ്രവൃത്തി മൂല്യം | ബിൽ പ്രകാരം പിൻ വലിച്ചത് | അധികം പിൻ വലിച്ചത് |
|---|---|---|---|---|---|---|
| 1. | എഞ്ചിനീയറിംഗ് വിഭാഗം റിക്കാർഡ് റൂമിൽ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 199/17 | പി.വിജയകുമാർ | 130342 | 149698<br>E1-CFC/57/ | 19356 |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക് - 98/16-17<br>അടങ്കൽ – 4,50,000 (CFC) | | എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ | | 16-17/<br>31.3.17 | |
| 2. | നഗരസഭാ ഓഫീസിലെ ടോയ്‌ലെറ്റ്, കുടുംബ കോടതി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലെ ടോയ്ലെറ്റ് - ഇവയുടെ അറ്റകുറ്റപ്പണി<br>എം.ബുക്ക് - 87/16-17<br>അടങ്കൽ – 3,50,000 (CFC) | 196/17 | പി.എ.മാത്യൂ<br>എസ്റ്റിമേറ്റ് നിരക്ക്<br>കരാറുകാരൻ | 261887 | 299306<br>E1-CFC/80/16-17/31.3.17 | 37419 |
| 3. | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം<br>എം.ബുക്ക് - 191/16-17<br>അടങ്കൽ – 4,90,000<br>(CFC) | 191/17 | ജയദേവൻ,<br>കൺവീനർ | 113274 | 200000<br>E1-CFC/65/16-17/31.3.17 | 86726 |
| 4. | തുരുത്തിമലപ്പാറ കുടിവെള്ള പദ്ധതി<br>എം.ബുക്ക് - 196/15-16(1)(2)<br>അടങ്കൽ - 11,00,000 (SCP) | 45/17 | പി.കെ.സുരേഷ് കുമാർ<br>കരാറുകാരൻ | 421896 | 427648<br>E1-PF(SCP)2/16/31.3.17 | 5752 |

അധികമായി പിൻവലിച്ച തുക ടി തുക മുനിസിപ്പൽ സെക്രട്ടറിയുടെ STSB അക്കൗണ്ട് നം. 16-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകൾ സഞ്ചിത നിധിയിലേക്ക് ചെലാൻ വഴി 911-deduct-ROP എന്ന ശീർഷകത്തിൽ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## (3-33) മരാമത്ത് പ്രവൃത്തികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക 43,42,469 രൂപ തടസ്സപ്പെടുത്തുന്നു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ പ്രോജക്ട്, എം.ബുക്ക്, ബിൽ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 43,42,469 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | ചെലവ് തുക |
|---|---|---|---|
| 1 | കോട്ടാലി - കട്ടഞ്ചേരി ബൈലൈൻ മൺ റോഡ് നിർമ്മാണം | 40/17 | 10,49,905 |
| 2 | നഗരസഭാ റിക്കോർഡ് റൂം, ക്യാബിൻ ശീതീകരണം | 195/17 | 4,50,000 |
| 3 | പുതുച്ചിറ - പി.എം.സി. റോഡ് നവീകരണം | 214/17 | 4,62,223 |
| 4 | ഗുരുമന്ദിരം - കോട്ടാലി റോഡ് | 235/17 | 8,36,816 |
| 5 | മാലിയിൽ പടി - ചായംപറമ്പിൽപടി റോഡ് നവീകരണം | 241/17 | 1,54,453 |
| 6 | പി.എച്ച്.സി. - അറ്റകുറ്റപ്പണി & ചുറ്റുമതിൽ | 257/17 | 6,02,055 |
| 7 | റജീനാമുണ്ടി റോഡ് - ഐറിഷ് ഡ്രെയിൻ | 293/17 | 3,73,509 |
| 8 | താലൂക്ക് ആശുപത്രി ചുറ്റുമതിൽ, ബ്ലഡ് ബാങ്ക് അറ്റകുറ്റപ്പണി, ഇന്റർലോക്ക് പാകൽ | 296/17 | 2,49,995 |
| 9 | ശാന്തിനഗർ കോളനി പാർക്കിൽ ടൈൽ ഇടുക | 331/17 | 1,63,693 |
| | ആകെ | | 43,42,649 |

പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ 60 ദിവസത്തിനകം ഹാജരാക്കാത്ത പക്ഷം ചെലവ് ചെയ്തിട്ടില്ല എന്ന അനുമാനത്തിൽ സർചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# (4-1) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-ഇല്ല-

# (4-2) ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി തിരുവല്ല | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 135999<br>136491<br>136490<br>135682 | 1500000 | 1500000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 2 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ,<br>പത്തനംതിട്ട | കാവുംഭാഗം എൽ.പി.എസ് വൈദ്യുതീകരണം & ഓഡിറ്റോറിയം റീവയറിംഗ് | 1229/<br>14..03.17 | 3,19,000 | 3,19,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 3 | Cost Ford | താലൂക്ക് ആശുപത്രിയിൽ ഖര മാലിന്യ സംസ്കരണം, ഇൻസിനേറ്റർ സ്ഥാപിക്കുക<br>അടങ്കൽ 3626896 | E1/PF/19/ 16-17/ 31.3.17 | 7,13,200 | 7,13,200 | പദ്ധതി പൂർത്തീകരിച്ചി ട്ടില്ല |
| 4 | ആൻസൺ ഗ്രൂപ്പ്, കോട്ടയം | നഗരസഭാ സ്റ്റേഡിയം നവീകരണം<br>(കൺസൽട്ടൻസി ചാർജ്) | E1/CFC/25/ 16-17/ 29.3.17 | 8,76,524 | 8,76,524 | പദ്ധതി പൂർത്തീകരിച്ചി ട്ടില്ല |
| 5 | കേരളാ വാട്ടർ അതോറിറ്റി | 14-ാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | E1/CFC/21/ 16-17/ 27.3.17 | 1,85,000 | 1,85,000 | പദ്ധതി പൂർത്തീകരിച്ചി ട്ടില്ല |
| 6 | കെ.എസ്.ഇ.ബി തിരുവല്ല | നഗരസഭാ പരിധിയിൽ എനർജി മീറ്റർ | E1/CFC/14/ 16-17/ 25.2.2.17 | 5,00,000 | 5,00,000 | പദ്ധതി പൂർത്തീകരിച്ചി ട്ടില്ല |

# (4-3) വായ്പ/വായ്പ തിരിച്ചടവ്

| സ്ഥാപനത്തിന്റെ പേര് | പലിശ നിരക്ക് | പിഴ പലിശ നിരക്ക് | ലോൺ തുക | ആകെ തിരിച്ചടച്ച തുക | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 06217-03-192-74 IDSMT (Central Share) | 12% | 2.75% | 60,00,000 | 12,00,000+int | 48,00,000 |
| IDSMT(State share) | 12% | 2.75% | 20,08,000 | 2,00,800+int | 18,07,200 |
| IDSMT | 12% | 2.75% | 19,92,000 | 3,98,400+int | 15,93,600 |
| 6217-03-192-47 IDSMT | 12% | 2.75% | 3,65,000 | NIL | 3,65,000 |
| IDSMT | 12% | 2.75% | 87,500 | 50,834+int | 36,666 |
| ELUS | 14.75% | 2.75% | 17,500 | 8,053+int. | 9,447 |
| ELUS | 14.75% | 2.75% | 29,00,000 | NIL | 29,00,000 |
| 6217-60-192-95 Slum clearance | 12% | 2.75% | 2,50,000 | 2,25,000+int | 25,000 |
| IDSMT | 14.75% | 2.75% | 3,00,000 | 2,70,000+int | 30,000 |
| ആകെ | | | | | 11566913 |

# (4-4) സ്ഥിരനിക്ഷേപങ്ങൾ

തൻവർഷത്തെ വാർഷിക കണക്കിൽ സ്ഥിരനിക്ഷേപമായി ₹ 4,71,64,645 രേഖപ്പെടുത്തി യിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിലായി നിക്ഷപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| *സ്ഥാപനം* | *തുക* | *വിശദാംശങ്ങൾ* |
|---|---|---|
| കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ, തിരുവനന്തപുരം | 54,000 | 2811-2820<br>5661-5710<br>43917-44106<br>49292-49421<br>93840-93999 |
| കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, കൊല്ലം | 500 | 9211-9215 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം | 20,00,000 | 26501-27500 -1000 Nos.<br>40501-41500 -1000 Nos. |
| ഇന്ത്യൻ ഓവർസീസ് ബാങ്ക്, തിരുവല്ല | 28,13,973 | 445035/511500094 |
| എസ്.ബി.ഐ. എം.ജി.എം.എച്ച്.എസ്. ബ്രാഞ്ച്, തിരുവല്ല | 99,56,172 | 67379059138<br>67346794208<br>67251264460 |
| സിൻഡിക്കേറ്റ് ബാങ്ക്, തിരുവല്ല | 32340000 | 41032140000049 |

# (4-5) ഓഡിറ്റ് റിക്കവറി

**1) ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്**

| *അന്വേഷണ കുറിപ്പ് നം. / തീയതി* | *ഇനം* | *ഒടുക്കിയ തുക* | *ഒടുക്കിയ ആളുടെ പേരുവിവരം* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| 7/2017/ 7.7.2017 | ബിൽഡിംഗ് പെർമിറ്റ് | 2682 | പ്രസിഡന്റ്, എൻ.എസ്.എസ്. കരയോഗം നം. 1732, മതിൽഭാഗം, തിരുവല്ല. | 11701102472/<br>22.7.2017 |

2) മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2011-12 | 3-1 | 4580 | കെ.ഉണ്ണിക്കൃഷ്ണ പിള്ള | 11601500196/ 19.9.2016 |
| 2011-12 | 3-1 | 4580 | കെ.ഉണ്ണിക്കൃഷ്ണ പിള്ള | 1166150097/ 05.10.2016 |
| 2011-12 | 3-1 | 4580 | കെ.ഉണ്ണിക്കൃഷ്ണ പിള്ള | 11601200001/ 07.11.2016 |
| 2009-10 | 3-22(1) | 7036 | എം.ശിവശങ്കര പിള്ള, ശിവദീപം | 01/11701100373/ 21.04.17 |
| ആകെ | | 20776 | | |

# (4-6) ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 34,87,11,063 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 26,91,19,643 |
| വരവിനങ്ങളിലുള്ള നഷ്ടം | 73,009 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,37,090 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **1,16,08,081** |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 7,000 | | കെ.വി.വർഗീസ്, ചെയർമാൻ |
| 2-7 | 66,009 | | ശ്രീ. ജയരാജ്, സീനിയർ ക്ലർക്ക്<br>ശ്രീമതി സുധ.കെ.വി, റവന്യൂ സൂപ്രണ്ട് (തുല്യമായി) |
| 3-4 | | 8,78,232 | ശ്രീ. സാം മോസസ്, അസി. എക്സി. എഞ്ചിനീയർ<br>ശ്രീ. കെ.എസ്. പ്രസന്നൻ ഓവർസിയർ<br>ശ്രീ. പി.ജെ.അജയകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(തുല്യമായി) |
| 3-5(1) | | 11,703 | ശ്രീ. രഞ്ജി പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5(2) | | 13,197 | ശ്രീ. രഞ്ജി പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5(3) | | 14,913 | ശ്രീ. രഞ്ജി പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-25<br>(1), (2), (3) | | 19,045 | ശ്രീ. രഞ്ജി പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| **ആകെ** | **73009** | **937090** | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-4 | 20,72,944 | ശ്രീ. സാം മോസസ്, അസി. എക്സി. എഞ്ചിനീയർ<br>ശ്രീ. രഞ്ജി പി,, അസി. എക്സി. എഞ്ചിനീയർ<br>ശ്രീ. കെ.എസ്. പ്രസന്നൻ, ഓവർസിയർ |
| 3-6 | 9,98,087 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-7 | 62,550 | ശ്രീ. ഹരികുമാർ കെ., സെക്രട്ടറി |
| 3-10(2) | 1,90,000 | ശ്രീ. ഹരികുമാർ കെ., സെക്രട്ടറി |
| 3-11 | 2,81,000 | ശ്രീ. അജിത് ആർ.പ്രസാദ്, പട്ടികജാതി വികസന ഓഫീസർ |
| 3-12 | 3,82,976 | ശ്രീ. അജിത് ആർ.പ്രസാദ്, പട്ടികജാതി വികസന ഓഫീസർ |
| 3-20 | 3,00,000 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-22 | 4,27,648 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-23(1) | 2,98,966 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-23(2) | 1,98,347 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-24 | 2,99,860 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-26 | 17,53,054 | ശ്രീ. രഞ്ജി പി., അസി. എക്സി. എഞ്ചിനീയർ |
| 3-33 | 4342649 | ശ്രീമതി സുധാകുമാരി, സീനിയർ ക്ലർക്ക്<br>ശ്രീ സന്തോഷ് ചന്ദ്രൻ, ക്ലർക്ക് |
| **ആകെ** | **11608081** | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 2-1 | 7,872 | ശ്രീ. ജയരാജ്, സീനിയർ ക്ലർക്ക്<br>ശ്രീമതി സുധ.കെ.വി, റവന്യൂ സൂപ്രണ്ട് (തുല്യമായി) |
| 3-27 | 10,57,781 | ശ്രീ. രഞ്ജി പി, അസി. എക്സി. എഞ്ചിനീയർ |
| **ആകെ** | **1065653** | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക (3-4)

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.വി.വർഗീസ് | നഗരസഭാ ചെയർമാൻ | കാഞ്ഞിരക്കാട്ട്, മഞ്ഞാടി പി.ഒ. തിരുവല്ല |
| ശ്രീ. ജയരാജ്, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്, തിരുവല്ല നഗരസഭ | കമല വിലാസ്, ചുമത്ര. പി.ഒ., തിരുവല്ല |
| ശ്രീമതി സുധ.കെ.വി,<br>റവന്യൂ സൂപ്രണ്ട് | റവന്യൂ സൂപ്രണ്ട്, തിരുവല്ല നഗരസഭ | കീഴമുറിയിൽ വീട്,<br>തൃക്കൊടിത്താനം പി.ഒ.,<br>ചങ്ങനാശ്ശേരി |
| ശ്രീ. രഞ്ജി പി.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ,<br>തിരുവല്ല നഗരസഭ | മാവേലി നം.4, പെരുന്ന പി.ഒ.,<br>ചങ്ങനാശ്ശേരി |
| ശ്രീ. പി.ജെ.അജയകുമാർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | പുത്തൻവിള വീട്, ആലഞ്ചേരി, ഏരൂർ പി.ഒ., കൊല്ലം |
| ശ്രീ. കെ.എസ്. പ്രസന്നൻ | ഓവർസിയർ | അമൽ കൃഷ്ണ, പള്ളിക്കൽ പി.ഒ., കറ്റാനം, മാവേലിക്കര – 690503. |
| ശ്രീ. അജിത് ആർ. പ്രസാദ് | പട്ടികജാതി വികസന ഓഫീസർ, തിരുവല്ല | ജ്യോതിസ്, കോഴിമല പി.ഒ.,<br>വള്ളംകുളം, തിരുവല്ല |
| ശ്രീ. ഹരികുമാർ കെ. | അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി | 'പൂജ', ചെമ്പഴന്തി പി.ഒ., തിരുവനന്തപുരം |
| ശ്രീ. സാം മോസസ് | വിരമിച്ചു | റ്റി.സി. 11/1341(37)/ ബെയിൽസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം |
| ശ്രീമതി സുധാകുമാരി, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്, തിരുവല്ല നഗരസഭ | കോതേരിൽ, പാവുക്കര പി.ഒ., മാന്നാർ |
| ശ്രീ സന്തോഷ് ചന്ദ്രൻ, ക്ലർക്ക് | ക്ലർക്ക്, തിരുവല്ല നഗരസഭ | മണക്കാടൻപള്ളിൽ വീട്, മാലക്കര പി.ഒ., പത്തനംതിട്ട |

# (4-7) <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ | റിമാർക്സ് |
|---|---|---|
| 1974-75 | എൽ.എഫ്.2144/എസ്.സി.എം.എൽ.90/23.3.90<br>ഇ.എൽ.എഫ്.എ., തിരുവനന്തപുരം | |
| 1979-80 | എൽ.എഫ്.എ5-1875/81/31.3.82 | |
| 1980-81 | എൽ.എഫ്.എ5-689/83/19.12.83 | |
| 1981-82 | എൽ.എഫ്.എ5-608/84/5.12.84 | |
| 1982-83 | എൽ.എഫ്.പിറ്റിഎ/പെൻ/513/83/30.4.86 | |
| 1983-84 | എൽ.എഫ്.പിറ്റിഎ/പെൻ/996/86/1.4.87 | |
| 1984-85 | എൽ.എഫ്.പിറ്റിഎ/പെൻ/664/88/12.10.88 | |
| 1985-86 | എൽ.എഫ്.പിറ്റിഎ/പെൻ/701/89/13.12.89 | |
| 1986-87 | എൽ.എഫ്.പിറ്റിഎ/പെൻ/859/90/31.5.91 | |
| 1987-88 | എൽ.എഫ്.പിറ്റിഎ/പി4/499/92/17.9.93 | |
| 1988-89<br>1989-90 | എൽ.എഫ്.പിറ്റിഎ/പി4/261/94/1.9.2004 | |
| 1990-91<br>1991-92 | എൽ.എഫ്.പിറ്റിഎ/പി4/18/95/17.6.95/11.1.96 | |
| ഇൻസ്പെക്ഷൻ റിപ്പോർട്ട് (1.4.87- 7.2.92) | എൽ.എഫ്.പിറ്റിഎ/പി4/എം.എൽ283/92/23.3.92 | |
| 1992-93 | എൽ.എഫ്.പിറ്റിഎ/പി4/478/95/7.6.96 | |
| 1993-94 | എൽ.എഫ്.പിറ്റിഎ/പി4/535/96/6.11.97 | |

| | | |
|---|---|---|
| 1994-95 | എൽ.എഫ്.പിറ്റിഎ/പി4/342/98/7.7.00/22.11.00 | |
| 1998-99 | എൽ.എഫ്.പിറ്റിഎ/പി5/667/00/8.3.01 | |
| 1996-97 | എൽ.എഫ്.പിറ്റിഎ/പി2/656/06/15.3.07 | |
| 1996-97 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/706/97/8.4.99/14.1.00 | |
| 1997-98(ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/650/98/13.1.00 | |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പിറ്റിഎ/പി4/661/98/7.4.99 | |
| 1998-99(ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/667/00/8.3.01/1.6.01 | |
| 1998-99 (ജനകീയാസൂത്രണം) | എൽ.എഫ്.പിറ്റിഎ/പി5/196/03/3.11.03/19.7.04 | |
| 1999-2000(ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/197/03/7.5.04/3.2.05 | |
| 1999-2000 (ഡി.സി.ബി, ഫൈനൽ) | എൽ.എഫ്.പിറ്റിഎ/പി2/188/07/9.3.07/30.3.07 | |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/83/05/14.6.05/30.11.05 | |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/585/05/30.10.05/8.2.06 | |
| 2001-02 | എൽ.എഫ്.പിറ്റിഎ/പി2/222/07 | |
| 2000-01 | എൽ.എഫ്.പിറ്റിഎ/പി2/221/07/2.2.08/31.3.08 | |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി2/708/08/30.5.09/30.11.09 | |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി2/709/08/31.12.09 | |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി2/53/09/5.10.09 | |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി2/54/09/5.10.09 | |
| 2006-07 | എൽ.എഫ്.തിരുവല്ല.എം1/44/11/7.5.11 | |
| 2007-08 | എൽ.എഫ്.തിരുവല്ല.എം1/222/11/19.12.11 | |
| 2008-09 | എൽ.എഫ്.തിരുവല്ല.എം1/155/12/28.5.12/24.8.12 | |
| 2009-10 | എൽ.എഫ്.തിരുവല്ല.എം1/182/12/19.11.12/29.12.12 | |
| 2010-11 | എൽ.എഫ്.തിരുവല്ല.എം1/335/12/11.4.13/24.8.12 | |
| 2011-12 | എൽ.എഫ്.തിരുവല്ല.എം1/191/13/3.12.13/22.2.14 | |
| 2012-13 | എൽ.എഫ്.തിരുവല്ല.എം1/72/14/29.5.14/8.8.14 | |
| 2013-14 | കെ.എസ്.എ.റ്റി.എൽ.എം.റ്റി1/53/15/30.7.15/16.9.15 | |
| 2014-15 | കെ.എസ്.എ.റ്റി.എൽ.എം.റ്റി1/272/ 16 തീ 30.07.16 | |
| 2015-16 | കെ.എസ്.എ.റ്റി.എൽ.എം.റ്റി1/15 /17/31.01.17 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേൽ സത്വരവും അടിയന്തിരവുമായ നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# Annexure 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.റ്റി.എൽ എം.റ്റി2/269/17

തീയതി 15-11-2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295 (4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ, ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവല്ല നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തിരുവല്ല

No.KSA/TLM/T2/269/17 Dated 15-11-2017

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Thiruvalla Municipality in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Thiruvalla Municipality for the year ended on 31.03.2017 except the obeservations in my report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Thiruvalla